# ബഹു. മാത്യു പൈക്കാട്ട് അച്ചന് ആദരാഞ്ജലികൾ



സ്നേഹപൂർണ്ണമായ ജീവിതത്തിന്റെയും കഠിനാധ്വാനത്തിന്റെയും ലളിതജീവിതത്തിന്റെയും മാതൃകയായ ബഹു. മാത്യു പൈക്കാട്ട് അച്ചൻ കർത്താവിൽ നിദ്ര പ്രാപിച്ചു.

മാനന്തവാടി രൂപതാ വൈദികനായ ബഹു. മാത്യു പൈക്കാട്ട് അച്ചൻ (75 വയസ്സ്) കഴിഞ്ഞ കുറച്ച് മാസങ്ങളായി ആരോഗ്യ പ്രശ്നങ്ങളെ തുടർന്ന് ചികിത്സയിലും വിശ്രമത്തിലുമായിരുന്നു. രോഗബാധിതനായി ചികിത്സയിലായിരിക്കെ 2020 മാർച്ച് 10 ന് ചൊവ്വാഴ്ച വൈകിട്ട് 5.30 ന് മാനന്തവാടി സെന്റ് ജോസഫ്സ് ഹോസ്പിറ്റലിൽ വച്ചായിരുന്നു മരണം.

താമരശ്ശേരി രൂപതയിലെ പൂവാറന്തോട് ഇടവകയിൽ പൈക്കാട്ട് അബ്രാഹം-അന്ന ദമ്പതികളുടെ മകനായി 1945 ഓഗസ്റ്റ് 8 നാണ് മാത്യു അച്ചൻ ജനിക്കുന്നത്. 5 സഹോദരങ്ങളാണ് അച്ചനുള്ളത്. തിരുവമ്പാടിയിൽ പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം വൈദിക പരിശീലനത്തിന് പ്രവേശിച്ചു. തലശ്ശേരി മൈനർ സെമിനാരി, കോട്ടയം വടവാതൂർ സെമിനാരി എന്നിവിടങ്ങളിൽ പരിശീലനം പൂർത്തിയാക്കി 1973 ഡിസംബർ 19 ന് അഭിവന്ദ്യ ജേക്കബ് തൂങ്കുഴി പിതാവിൽ നിന്ന് കൂടരഞ്ഞി ഇടവകയിൽ വച്ച് പൗരോഹിത്യം സ്വീകരിച്ചു.

തിരുപ്പട്ട സ്വീകരണത്തിനുശേഷം മുള്ളൻകൊല്ലി ഇടവകയിൽ അസി. വികാരിയായും ചിത്രഗിരി, മഞ്ഞൂറ, ആടിക്കൊല്ലി, നിലമ്പൂർ, വള്ളിക്കെട്ട്, റൂബീനഗർ, തവിഞ്ഞാൽ, ചുങ്കക്കുന്ന്, തരിയോട്,

കൊളവയൽ, മരക്കടവ് എന്നീ ഇടവകകളിൽ വികാരിയായും സേവനമനുഷ്ഠിച്ചു. ബഹു. മാത്യു അച്ചൻ വൈദിക ശുശ്രൂഷ ചെയ്ത എല്ലാ ഇടവകകളിലും തികച്ചും സ്വീകാര്യനായ വൈദികനായിരുന്നു. തന്നെ ഏൽപ്പിച്ച ഉത്തരവാദിത്വങ്ങളോട് പൂർണ്ണമായ വിശ്വസ്തത പുലർത്തിയ അച്ചൻ തന്റെ ജീവിതത്തിന്റെ നല്ലഭാഗവും ഇടവകകളുടെ ആത്മീയ വളർച്ചക്കായിട്ടാണ് മാറ്റി വെച്ചത്. തന്റെ ശുശ്രൂഷാരംഗത്ത് നിന്നും അല്പ്പസമയം പോലും മാറി നിൽക്കാൻ ആഗ്രഹിക്കാതിരുന്ന മാത്യു അച്ചന്റെ ദേഹവിയോഗത്തിൽ രൂപതാകുടുംബം ഒന്നാകെ പ്രാർത്ഥനാ നിർഭരമായ അനുശോചനങ്ങൾ രേഖപ്പെടുത്തുന്നു.

ബഹു. മാത്യു അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ഒന്നാം ഭാഗം ദ്വാരക വിയാനിഭവനിൽ വച്ച് അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിന്റെ കാർമ്മികത്വത്തിൽ നടന്നു. മൃതസംസ്കാരശുശ്രൂഷയുടെ രണ്ടാം ഭാഗം ബുധനാഴ്ച രാവിലെ രൂപതാ വികാരി ജനറാൾ മോൺ. അബ്രാഹം നെല്ലിക്കലിന്റെ നേതൃത്വത്തിൽ നടന്നു.

ഉച്ചകഴിഞ്ഞ് 2.30 ന് മാനന്തവാടി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിന്റെ കാർമ്മികത്വത്തിൽ ദ്വാരക പാസ്റ്ററൽ സെന്റർ ഓഡിറ്റോറിയത്തിൽ വി. കുർബാനയോടെ മൃതസംസ്കാര ശുശ്രൂഷയുടെ മൂന്നാം ഭാഗം ആരംഭിച്ചു. അതേസമയം കൊറോണ വൈറസ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സംസ്കാരത്തോടനുബന്ധിച്ച് കൂടുതൽ ആളുകൾ ഒരുമിച്ച് കൂടുന്നത് ഒഴിവാക്കാൻ കഴിയുന്നത്ര ആളുകൾ നേരത്തെ വന്ന് പ്രാർത്ഥിച്ച് തിരിച്ചു പോകണമെന്ന നിർദ്ദേശം മാനന്തവാടി രൂപതയിൽ നിന്ന് നൽകിയിരുന്നു. അച്ചൻ വൈദികശുശ്രൂഷ ചെയ്ത എല്ലാ ഇടവകകളിലും നിന്ന് അച്ചനെ അവസാനമായി കാണാൻ ആളുകൾ എത്തിയിരുന്നു.

വിശുദ്ധ കുർബാനയ്ക്കുശേഷം മൃതസംസ്കാരത്തിന്റെ അവസാനഭാഗം ആരംഭിച്ചു. അച്ചന്റെ ആഗ്രഹപ്രകാരം ശുശ്രൂഷകൾക്ക് ശേഷം ദ്വാരക വിയാനിഭവൻ സിമിത്തേരിയിൽ അദ്ദേഹത്തിന്റെ മൃതസംസ്കാരം നടത്തി.

സ്നേഹത്തിന്റെയും ലാളിത്യത്തിന്റെയും മാതൃകയായ ബഹു. മാത്യു പൈക്കാട്ട് അച്ചന്റെ പാവനസ്മരണയ്ക്ക് മുന്നിൽ മാനന്തവാടി രൂപതാകുടുംബം നിറമിഴികളോടെ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**“ദൈവത്തോട് ചേർന്നു നിൽക്കുവിൻ;**
**അവിടുന്ന് നിങ്ങളോടും**
**ചേർന്നു നിൽക്കും” (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 11 ഏപ്രിൽ - 2020 ലക്കം 04**

| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |
|---|---|

# ഉള്ളടക്കം


സർക്കുലർ .......................................................... 07
സർക്കുലർ .......................................................... 10
സർക്കുലർ .......................................................... 12
സർക്കുലർ .......................................................... 14
സർക്കുലർ .......................................................... 17
സർക്കുലർ .......................................................... 17
സർക്കുലർ .......................................................... 22
പ്രസ്ബിറ്ററൽ കൗൺസിൽ ................................. 25
രൂപതാകച്ചേരി വാർത്തകൾ ............................. 27
പ്രത്യേക ശ്രദ്ധയ്ക്ക് ................................................ 30
വൈദികരുടെ മാസധ്യാനം .............................. 33
മതബോധനരംഗം ............................................... 36
ചെറുപുഷ്പ മിഷൻലീഗ് ..................................... 49
*Department of Youth Ministry* ............................... 54
കെ.സി.വൈ.എം. ................................................... 56
കുടുംബപ്രേഷിതത്വം ........................................ 62
സീയോൻ വാർത്തകൾ ...................................... 66
വിൻസെന്റ് ഡി പോൾ സൊസൈറ്റി ....................... 67
സാമൂഹ്യ സേവനരംഗം (WSSS) ............................ 71
ബയോവിൻ അഗ്രോ റിസർച്ച് ............................. 78
നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി..................... 80
കത്തോലിക്കാ കോൺഗ്രസ്സ് ................................ 82
റേഡിയോ മാറ്റൊലി ............................................ 87
ജയിൽ മിനിസ്ട്രി .................................................... 89
*Mary Matha Arts & Science College* ......................... 90
വിദ്യാഭ്യാസ മേഖല ................................................ 91
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ................................ 94

# സർക്കുലർ

***Circular Letter No. 5/2020***
***Prot. No. 22960/2020***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

ലോകമാസകലം മനുഷ്യജീവന് ഭീഷണി ഉയർത്തിക്കൊണ്ട് വ്യാപിച്ചുകൊണ്ടിരിക്കുന്ന കൊറോണ വൈറസിനെ നിയന്ത്രണ വിധേയമാക്കുന്നതിന്റെ ഭാഗമായി കേന്ദ്രസർക്കാരും കേരള സർക്കാരും എടുത്തിട്ടുള്ള പ്രതിരോധ നടപടികളെക്കുറിച്ച് നിങ്ങൾ ഇതിനകം മാധ്യമങ്ങളിൽ നിന്ന് അറിഞ്ഞിട്ടുണ്ടാവുമല്ലോ. പൊതുസമൂഹത്തിന്റെ നന്മയ്ക്കുതകുന്ന ഇത്തരം നടപടികളിൽ സഭാസമൂഹം എന്ന നിലയിൽ നമ്മൾ സഹകരിക്കേണ്ടതുണ്ട്. അവയോട് സഹകരിക്കാത്തവരുടെ പേരിൽ നിയമ നടപടികൾ പോലും സർക്കാർ സ്വീകരിച്ചു എന്നു വരാം. എന്നാൽ കേവലം നിയമനടപടികളിൽ നിന്ന് രക്ഷപ്പെടാൻ വേണ്ടിയല്ല. നമ്മുടെ സഹോദരീസഹോദരന്മാരുടെ ജീവനെ സംരക്ഷിക്കുന്നതിനുള്ള നമ്മുടെ ഗൗരവമായ ഉത്തരവാദിത്വത്തിന്റെ ഭാഗമായാണ് മേൽപ്പറഞ്ഞ നടപടികളോട് നമ്മൾ സഹകരിക്കേണ്ടത്. അങ്ങനെ നമ്മൾ ചെയ്യാത്തപക്ഷം അത് കൊല്ലരുത് എന്ന ദൈവപ്രമാണത്തിനെതിരായിട്ടുള്ള പ്രവർത്തിയായിട്ടുപോലും വ്യാഖ്യാനിക്കപ്പെട്ടെന്നു വരാം. ഈ വിഷയം സംബന്ധിച്ച് വിവിധ ക്രിസ്തീയ സമൂഹങ്ങൾ നിർദ്ദേശങ്ങൾ കൊടുത്തു കഴിഞ്ഞു. നമുക്കും അവരോടൊപ്പം ഈ വൈറസ് ബാധയെ പ്രതിരോധിക്കുന്നതിൽ പങ്കാളികളാകാം. പ്രത്യേകമായി താഴെ കൊടുത്തിരിക്കുന്ന കാര്യങ്ങൾ ശ്രദ്ധാപൂർവ്വം വായിച്ച് അവയനുസരിച്ച് പ്രവർത്തിക്കാൻ സഹകരിക്കുമല്ലോ.

1. 2020 മാർച്ച് 31–ാം തീയതി വരെ ഇടവകകളിലെ വിശ്വാസപരിശീലന ക്ലാസ്സുകൾ, ധ്യാനങ്ങൾ, പൊതുവായുള്ള കുരിശിന്റെ വഴി, കുടുംബയൂണിറ്റ് മീറ്റിംഗുകൾ, വീടുവെഞ്ചരിപ്പുകൾ, തീർത്ഥാടനങ്ങൾ, കൺവെൻഷനുകൾ, വാർഷികം പോലുള്ള ആഘോഷങ്ങൾ എന്നിവയും ഇതുപോലെ ആളുകൾ കൂടുതലായി ഒന്നിച്ചുവരുന്ന പരിപാടികളും ഒഴിവാക്കേണ്ടതാണ്. മേൽപ്പറഞ്ഞ തീയതി വരെ ദേവാലയങ്ങളിൽ വി. കുർബാന അർപ്പണം മാത്രം മതിയാകും.

2. വി. കുർബാന ഈശോയുടെ തിരുശരീരത്തിന്റെ സാദൃശ്യത്തിൽ മാത്രം കൈകളിൽ സ്വീകരിക്കുക. വി. കുർബാന നൽകുന്നവർ അതിനു തൊട്ടുമുമ്പും ശേഷവും കൈകൾ സോപ്പും വെള്ളവും ഉപയോഗിച്ച് കഴുകി വൃത്തിയാക്കേണ്ടതാണ്. അതിനുള്ള സൗകര്യം ദേവാലയത്തിൽ ഉണ്ടായിരിക്കേണ്ടതാണ്. വി. കുർബാനയ്ക്ക് ഇടക്കുള്ള സമാധാന ആശംസ കൂപ്പുകൈകളോടെ നടത്തിയാൽ മതിയാകുന്നതാണ്. കൈകളിൽ സ്പർശിക്കേണ്ടതില്ല.

3. വിശ്വാസികളുടെ ഉപയോഗത്തിനായി ഹന്നാൻ വെള്ളം ദേവാലയ കവാടത്തിലോ, മറ്റ് ഇടങ്ങളിലോ സൂക്ഷിക്കേണ്ടതില്ല. ഹന്നാൻ വെള്ളത്തിൽ പലർ സ്പർശിക്കുന്ന സാഹചര്യം ഒഴിവാക്കാനാണിത്. ദേവാലയത്തിലെ തിരുസ്വരൂപങ്ങൾ, വിശുദ്ധ വസ്തുക്കൾ തുടങ്ങിയവ തൊട്ടുമുത്തുകയോ, ചുംബിക്കുകയോ ചെയ്യുന്നതിനു പകരം കൈ കൂപ്പി വണങ്ങിയാൽ മതിയാകും.

4. മൃതസംസ്കാര ശുശ്രൂഷകളിൽ കൂടുതൽ പേർ ഒരുമിച്ച് വരുന്നത് ഒഴിവാക്കണം. അതിനു പകരമായി നേരത്തെതന്നെ മൃതശരീരം ദർശനം നടത്തി പ്രാർത്ഥിച്ച് പോകുന്നതാണ് ഉചിതം. മൃതദേഹത്തിൽ സ്പർശിക്കുന്നതും ചുംബിക്കുന്നതും തീർത്തും ഒഴിവാക്കണം.

5. കൊറോണ വൈറസ് ബാധയുടെ ലക്ഷണങ്ങളായ തലവേദന, പനി, വരണ്ടചുമ എന്നിവയുള്ളവർ കേരള സർക്കാരിന്റെ ആരോഗ്യ വിഭാഗവുമായി ബന്ധപ്പെട്ട് വൈറസ് ബാധ ഇല്ലാ എന്ന് ഉറപ്പ് വരുത്തിയ ശേഷം മാത്രമേ വി. കുർബാനയ്ക്കും ആളുകൾ ഒത്തുചേരുന്ന മറ്റ് ഇടങ്ങളിലും പോകാവൂ.

വിദേശത്ത് നിന്ന് എത്തുന്നവർ കർശനമായും സർക്കാരിന്റെ നിബന്ധനകൾ അനുസരിച്ച് ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ട് വൈറസ് ബാധ ഇല്ലായെന്ന് ഉറപ്പ് വരുത്തിയ ശേഷമേ പൊതു ചടങ്ങുകളിൽ സംബന്ധിക്കാവൂ.


ദേവാലയ കേന്ദ്രീകൃതമായ നോമ്പുകാല ഭക്തകൃത്യങ്ങൾക്ക് തടസ്സം നേരിടുന്നു എന്നതിനാൽ ഭവനങ്ങളിൽ നോമ്പുകാല ചൈതന്യവും പ്രാർത്ഥനാരൂപിയും കൂടുതൽ ഉത്സാഹത്തോടെ കാത്തുസൂക്ഷിക്കുവാനും വി. ഗ്രന്ഥവായനയ്ക്കും പ്രാർത്ഥനയ്ക്കും കൂടുതൽ സമയം കണ്ടെത്തുവാനും ഏവരും ശ്രദ്ധിക്കേണ്ടതാണ്. വ്യക്തിപരമായ പ്രാർത്ഥനകളിലും കുടുംബപ്രാർത്ഥനകളിലും വി. കുർബാനയിലും ഈ വൈറസ് ബാധയിൽ നിന്നും മറ്റെല്ലാ പകർച്ച

വ്യാധികളിൽ നിന്നും വിടുതൽ കിട്ടാനായി ഈശോയോട് പ്രത്യേകം പ്രാർത്ഥിക്കുകയും പരിശുദ്ധ അമ്മയുടേയും മറ്റ് വിശുദ്ധരുടേയും മദ്ധ്യസ്ഥ സഹായം തേടുകയും ചെയ്യണം.

പരിഭ്രാന്തരാവുകയോ പരിഭ്രാന്തി പരത്തുകയോ ചെയ്യാതെ പ്രാർത്ഥനാപൂർവ്വം ജാഗ്രതയോടെ വൈറസ് ബാധയെ നമുക്ക് നേരിടാം. ഇക്കാര്യത്തിൽ പ്രത്യേകിച്ച് സമൂഹമാധ്യമങ്ങളിലൂടെ വരുന്ന വ്യാജവാർത്തകൾ വിശ്വസിക്കാതിരിക്കുകയും അവ മറ്റുള്ളവർക്ക് അയച്ച് കൊടുക്കാതിരിക്കുകയും ചെയ്യാൻ പ്രത്യേകം ശ്രദ്ധിക്കണേ.

നമ്മുടെ സർക്കാരും ആരോഗ്യരംഗത്ത് നിസ്വാർത്ഥമായി പ്രവർത്തിക്കുന്നവരും ചെയ്യുന്ന സേവനങ്ങളെ നന്ദിയോടെ ഓർക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാം. എത്രയും വേഗം ഈ വ്യാധിയിൽ നിന്ന് മോചനം നേടാൻ കർത്താവ് നമ്മെ സഹായിക്കട്ടെ. ഏപ്രിൽ 15 വരെ താഴെ കൊടുത്തിരിക്കുന്ന പ്രാർത്ഥന വി. കുർബാനയിലെ കാറോസൂസ പ്രാർത്ഥനയോട് ചേർത്ത് ചൊല്ലേണ്ടതാണ്.

കർത്താവിന്റെ കൃപ നിങ്ങളോടു കൂടെ ഉണ്ടായിരിക്കട്ടെ.



**മാർ ജോസ് പൊരുന്നേടം**

മാനന്തവാടി രൂപതയുടെ മെത്രാൻ

---

## പ്രാർത്ഥന

രോഗികളെ സുഖപ്പെടുത്തുകയും ദുഃഖിതരെ ആശ്വസിപ്പിക്കുകയും ചെയ്യുന്ന കാരുണ്യവാനായ കർത്താവേ, കൊറോണ വൈറസ്മൂലം രോഗബാധിതരായി കഴിയുന്ന ലോകമെമ്പാടുമുള്ള ഞങ്ങളുടെ സഹോദരങ്ങളെ സുഖപ്പെടുത്തണമെന്നും, രോഗബാധയിൽ നിന്ന് ഞങ്ങളെയും, രോഗീശുശ്രൂഷകരേയും സംരക്ഷിക്കണമെന്നും, ഈ പകർച്ച വ്യാധിയെ പ്രതിരോധിക്കാൻ ആവശ്യമായ മാർഗ്ഗങ്ങൾ കണ്ടെത്തുവാൻ സഹായിക്കണമെന്നും അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂഹം:** കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

# സർക്കുലർ

***Circular Letter No. 6/2020***
***Prot. No. 22957/2020***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

വലിയ നോമ്പ് കാലഘട്ടത്തിലൂടെയാണല്ലോ നമ്മൾ കടന്നു പോകുന്നത്. രക്ഷാകരചരിത്രത്തിലെ പ്രധാനപ്പെട്ട സംഭവങ്ങളായ യേശുവിന്റെ പീഡാനുഭവവും കുരിശുമരണവുമാണ് ഈ കാല ഘട്ടത്തിലെ നമ്മുടെ പരിചിന്തനത്തിന്റെ കേന്ദ്രബിന്ദു. കുരിശു മരണത്തിലൂടെയാണ് യേശു നമുക്ക് പാപമോചനവും രക്ഷയും നൽകിയത്. (1കോറി.15:4) കുരിശിന്റെ മാർഗ്ഗമാണ് രക്ഷയുടെ മാർഗ്ഗം. ഈ മാർഗ്ഗം തെരഞ്ഞെടുക്കുന്നതിന് യേശു വേണ്ടവിധം ഒരുങ്ങി. തന്റെ പരസ്യജീവിതം ആരംഭിക്കുന്നതിനുമുമ്പ് നാൽപ്പത് ദിനരാത്രങ്ങൾ ഉപവാസത്തിലും പ്രാർത്ഥനയിലും അവിടുന്നു കഴിച്ചു കൂട്ടി. വിവിധങ്ങളായ അഗ്നിപരീക്ഷകളിലൂടെ കടന്നു പോയെങ്കിലും അവയെല്ലാം മാമ്മോദീസാവേളയിൽ താൻ സ്വീകരിച്ച ആത്മാവിന്റെ ശക്തിയാൽ അവിടുന്ന് അതിജീവിച്ചു.

ക്രൈസ്തവരായ നമുക്ക് നോമ്പുകാലം കൂടുതൽ ക്രൈസ്തവ ചൈതന്യത്തോടെ ജീവിക്കാനുള്ള അവസരമാണ്. നമുക്ക് നാഥനായ യേശുവിന്റെ ജീവിതശൈലിയും പ്രബോധനങ്ങളും അനുവർത്തി ക്കാനുള്ള സുവർണ്ണാവസരമാണത്. ജീവിതത്തിലെ അനുകൂലവും പ്രതികൂലവുമായ ജീവിതാവസ്ഥയിൽ നാഥനോടൊപ്പം പ്രാർത്ഥന യിലും ഉപവാസത്തിലുമായിരിക്കാം. ദൈവീകമായ ശക്തിയെ നമുക്ക് അനുഭവപ്രദമാക്കാനുള്ള ഒരു ഉപാധിയാണ് പ്രാർത്ഥന. പ്രാർത്ഥനയിലൂടെ നമ്മുടെ ബലഹീനതകളെ ജയിക്കുവാൻ നമുക്ക് സാധിക്കും. ദൈവത്തെ സ്നേഹിക്കുന്നവർക്ക് മാത്രമേ അവിടുത്തെ തിരുസന്നിധിയിൽ പ്രാർത്ഥനാപൂർവ്വം ആയിരിക്കുവാൻ സാധിക്കുക യുള്ളു എന്ന കാര്യം വിസ്മരിക്കാതിരിക്കാം.

ഒരു നാണയത്തിന്റെ രണ്ടുവശങ്ങൾപോലെ ഒന്നിനോടൊന്ന് ബന്ധപ്പെട്ടതാണ് ദൈവസ്നേഹവും സഹോദരസ്നേഹവും. ദൈവത്തെ സ്നേഹിക്കുന്നവർക്ക് സഹോദരരെയും സ്നേഹിക്കാ തിരിക്കാൻ പറ്റുകയില്ല. വി. യോഹന്നാൻ ശ്ലീഹായുടെ വാക്കുകൾ നമുക്ക് ഓർക്കാം. “ഞാൻ ദൈവത്തെ സ്നേഹിക്കുന്നു എന്ന് ആരെങ്കിലും പറയുകയും സ്വന്തം സഹോദരനെ ദ്വേഷിക്കുകയും

ചെയ്താൽ അവൻ കള്ളം പറയുന്നു. കാരണം കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവന് കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാൻ സാധിക്കുകയില്ല" (1യോഹ.4:20)

നമ്മുടെ മാനുഷിക ബലഹീനതകൾകൊണ്ട് ഈ സ്നേഹ കൽപ്പനയിൽ നിന്ന് അകന്നുപോയ ധാരാളം നിമിഷങ്ങൾ നമ്മുടെ ജീവിതത്തിലുണ്ടായിട്ടുണ്ട്. അവയ്ക്ക് പാപമോചനം നേടാം, പ്രായശ്ചിത്തം ചെയ്യാം, ഈ നോമ്പുകാലത്ത്. അങ്ങനെ നോമ്പുകാലം തിരികെ പോകാനുള്ള ഒരു അവസരമാക്കി മാറ്റാം. ഈശോയുടെ വാക്കുകളിൽ വീണ്ടും ജനിക്കാനുള്ള അസരമാണിത്. നിഷ്കളങ്കതയിലേക്ക് മടങ്ങിപ്പോകാനുള്ള ഈ ക്ഷണത്തോട് ക്രിയാത്മകമായി നമ്മൾ പ്രതികരിക്കുമ്പോൾ അത് നമ്മുടെ ജീവിതത്തിൽ മാനസാന്തരമായി ഭവിക്കും. അങ്ങനെ പഴയ മനുഷ്യനെ ഉരിഞ്ഞുമാറ്റി പുതിയ മനുഷ്യനെ ധരിക്കാം.

ദാനധർമ്മം നല്ലൊരു പ്രായശ്ചിത്ത പ്രവൃത്തിയാണ്. എല്ലാ വർഷവും നോമ്പുകാലത്ത് സ്നേഹനിധിയിലൂടെ നിങ്ങൾ നൽകുന്ന ചെറുതും വലുതുമായ സംഭാവനകളെ വിലമതിക്കുകയും നന്ദി പറയുകയും ചെയ്യുന്നു. സഹായം അർഹിക്കുന്ന കുറെയേറെ ആളുകൾക്ക് നിങ്ങളുടെ സംഭാവനകൾ വലിയൊരു ആശ്വാസമായി തീർന്നു എന്നതിൽ സന്തോഷിക്കാം. ഫ്രാൻസീസ് മാർപാപ്പ പറയുന്നു. സഹിക്കുന്ന ഓരോ വ്യക്തിയും സഹിക്കുന്ന ക്രിസ്തുവാണ്. യേശുക്രിസ്തുവിന്റെ ശരീരമാണ് അവരെല്ലാം. യേശു ക്രിസ്തുവിന്റെ മാംസമാണ് അവരെല്ലാം, അതിനാൽ അയൽക്കാരെ സ്നേഹിക്കാതെ, ശുശ്രൂഷിക്കാതെ, സഹായിക്കാതെ, ദൈവത്തിൽ വിശ്വസിക്കുന്നു എന്ന് പറയുന്നതിൽ അർത്ഥമില്ല (2016 ജനുവരി 7, കുർബാന പ്രസംഗം) ഈ വർഷത്തെ സ്നേഹനിധി സംഭാവനകൾ ഉദാരമായി നൽകാൻ മാർപാപ്പയുടെ ഈ വാക്കുകൾ നമുക്ക് പ്രചോദനമാകട്ടെ. നിങ്ങൾക്ക് നല്ലൊരു നോമ്പുകാലവും ദൈവാനുഗ്രഹവും ആശംസിക്കുന്നു.

കർത്താവിന്റെ കൃപ നിങ്ങളോടു കൂടെയുണ്ടായിരിക്കട്ടെ.



**മാർ ജോസ് പൊരുന്നേടം**

മാനന്തവാടി രൂപതയുടെ മെത്രാൻ

# സർക്കുലർ

***Circular Letter No. 7/2020***
***Prot. No. 22961/2020***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

നമ്മുടെ രൂപതയിലെ ആദ്യകാല കുടിയേറ്റ ഇടവകകളിലൊന്നായ നടവയൽ ഹോളിക്രോസ് ഫൊറോന പള്ളിക്ക് സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥാടനദേവാലയം എന്ന ആദരവ് നൽകി അഭിവന്ദ്യ മേജർ ആർച്ച് ബിഷപ്പ് നമ്മുടെ രൂപതയെ അനുഗ്രഹിച്ചിരിക്കുകയാണ്. അഭിവന്ദ്യ മേജർ ആർച്ച് ബിഷപ്പുമായി ഓരോ രൂപതയിലേയും ദൈവജനത്തിനുള്ള കൂട്ടായ്മ ദ്യോതിപ്പിക്കുന്ന ഒന്നാണ് ഈ ആദരവ്. നടവയൽ ഇടവകയെ ഇതിനായി തെരഞ്ഞെടുത്തത് മലബാറിലെ ആദ്യകാല കുടിയേറ്റ കേന്ദ്രവും ഉണ്ണിമിശിഹായുടെ തീർത്ഥാടന കേന്ദ്രവും എന്ന നിലയിലാണ്. മറ്റ് പല രൂപതകളിലും ഉള്ളതുപോലെ പുരാതന ദേവാലയങ്ങളൊന്നും നമ്മുടെ രൂപതയിലില്ലല്ലോ. നടവയൽ പള്ളിയെ ഇപ്രകാരം മേജർ ആർക്കി എപ്പിസ്ക്കോപ്പൽ തീർത്ഥാടനാലയമായി പ്രഖ്യാപിക്കാനുള്ള എല്ലാ നടപടിക്രമങ്ങളും പൂർത്തിയായി. 2020 ഏപ്രിൽ മാസം 25-ാം തീയതി രാവിലെ 10 മണിക്ക് നമ്മുടെ മേജർ ആർച്ച് ബിഷപ്പ് അഭിവന്ദ്യ കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി പിതാവ് തന്നെ ആ കൃത്യം നിർവ്വഹിക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്. അന്നേദിവസം അദ്ദേഹം നടവയലിലെത്തി നമ്മോടൊപ്പം വി. കുർബാന അർപ്പിക്കുന്നതുമാണ്.

സീറോ മലബാർ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ തീർത്ഥാടന കേന്ദ്രം, നടവയൽ എന്നായിരിക്കും ഈ തീർത്ഥാടനദേവാലയത്തിന്റെ ഔദ്യോഗിക നാമം. എന്നാൽ നടവയൽ ഇടവക എന്നുള്ളതും നടവയൽ ഫൊറോന എന്നുള്ളതുമായ നയ്യാമിക അവസ്ഥയിൽ മാറ്റമൊന്നും ഉണ്ടായിരിക്കുന്നതല്ല. അതേസമയം നടവയൽ ഇടവകയുടെ വികാരിക്ക് ആർച്ച് പ്രീസ്റ്റ് എന്ന സ്ഥാനപ്പേരു ലഭിക്കുന്നതാണ്. അവിടെ നിന്ന് സ്ഥലം മാറുന്നതോടെ ആ സ്ഥാനപ്പേര് ഇല്ലാതാവുകയും ചെയ്യും. കാരണം തീർത്ഥാടനകേന്ദ്രത്തിന്റെ ഉത്തരവാദിത്വമുള്ള വൈദികന് ലഭിക്കുന്ന ആദരവാണിത്.


നടവയൽ പള്ളിയെ മേൽപ്പറഞ്ഞ ആദരവിനായിട്ട് തെരഞ്ഞെടുത്തതിൽ നമുക്ക് അഭിമാനിക്കുകയും അതിനായി അനുവാദം കൊടുത്ത മെത്രാൻസിനഡിലെ അംഗങ്ങളെയും

അഭിവന്ദ്യ മേജർ ആർച്ച് ബിഷപ്പിനെയും ഇത്തരുണത്തിൽ നന്ദിപൂർവ്വം ഓർക്കുകയും ചെയ്യാം. അതോടൊപ്പം നടവയൽ ഇടവകക്കാരെയും പ്രത്യേകം അനുമോദിക്കുകയും ചെയ്യുന്നു. ആദരവോടൊപ്പം ഉത്തരവാദിത്വങ്ങളും ഉണ്ട് എന്ന വസ്തുത നടവയലിലെ പ്രിയപ്പെട്ട ദൈവജനം ഓർത്തിരിക്കുമല്ലോ. ക്രൈസ്തവവിശ്വാസം സ്വീകരിച്ചവരുടെ കൂട്ടായ്മയിൽ ഉണ്ടായിരിക്കേണ്ടതായ ക്രിസ്തു ചൈതന്യം നടവയലിൽ നിറഞ്ഞ് നിന്ന് മറ്റെല്ലാവർക്കും മാതൃകയായി തീരട്ടെ എന്നാശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2020 മാർച്ച് മാസം 18 ന് നൽകപ്പെട്ടത്.

യേശുവിൽ,



**ബിഷപ് ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2020 ഏപ്രിൽ മാസം 19-ാം തീയതി എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വിശുദ്ധ കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# സർക്കുലർ

***Circular Letter No. 8/2020***
***Prot. No. 22962/2020***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

നമ്മുടെ ക്രൈസ്തവ ജീവിതത്തിൽ ഏറ്റം പ്രധാനപ്പെട്ട പങ്ക് വഹിക്കുന്ന ഒന്നാണല്ലോ വി.കുർബാനയർപ്പണവും അതിലുള്ള പങ്കാളിത്തവും. കത്തോലിക്കരെ സംബന്ധിച്ചിടത്തോളം ഓരോ കാലഘട്ടത്തിലുമുള്ള വിശ്വാസികൾ ദൈവവുമായുള്ള തങ്ങളുടെ ബന്ധം നിലനിർത്തുന്നത് അവിടുത്തെ പ്രിയപുത്രന്റെ തിരുശരീര രക്തങ്ങൾ സ്വീകരിച്ച് ദൈവപുത്രരായി തീരുമ്പോഴാണ്. ഇപ്രകാരം അവിടുത്തെ തിരുശരീരരക്തങ്ങൾ നമുക്ക് ലഭ്യമാകുന്നത് കാലാകാലങ്ങളിൽ യേശുവിന്റെ മൗതീകശരീരമായ ദൈവജനത്തിനുവേണ്ടി പൗരോഹിത്യ ശുശ്രൂഷ ചെയ്യുന്ന പുരോഹിതരിലൂടെയാണ്. ക്രിസ്തു പഠിപ്പിച്ച കാര്യങ്ങൾ ഈ ദൈവജനത്തെ പഠിപ്പിക്കേണ്ടതും അവരെ നയിക്കേണ്ടതും പുരോഹിതർ തന്നെയാണ്. കഴിഞ്ഞ കാലഘട്ടമത്രയും ആവശ്യത്തിന് പുരോഹിതരെ നൽകി നമുക്ക് ദൈവത്തോടുള്ള ബന്ധം നിലനിർത്താൻ സാധിച്ചു. എല്ലാ പുരോഹിതരേയും നന്ദിപൂർവ്വം ഓർക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാം.

ദൈവവിശ്വാസവും മരണാനന്തരജീവിതവുമെല്ലാം പാർശ്വവൽക്കരിക്കപ്പെട്ടിരിക്കുന്ന ഇന്നത്തെ സമൂഹത്തിൽ പൗരോഹിത്യത്തിലേക്ക് കടന്നുവരുന്നവരുടെ എണ്ണം തുലോം കുറവാണ് എന്നത് ഒരു വസ്തുതയാണ്. എങ്കിലും മാനന്തവാടി രൂപതയെ സംബന്ധിച്ചിടത്തോളം ഇപ്പോൾ ഈ രൂപതയിൽ 245 വൈദികർ ശുശ്രൂഷ ചെയ്യുന്നു എന്നത് സന്തോഷകരമായ വസ്തുതയാണ്. അതേസമയം ഓരോ വർഷവും ഒരു നിശ്ചിത എണ്ണം വൈദികർ ശുശ്രൂഷയിലേക്ക് കടന്നു വന്നെങ്കിലേ ഈ അവസ്ഥ നിലനിർത്താൻ കഴിയു. നിലവിൽ നമ്മുടെ രൂപതക്കായി വിവിധ സെമിനാരികളിൽ 94 വിദ്യാർത്ഥികളാണ് വൈദീക പരിശീലനം നേടിക്കൊണ്ടിരിക്കുന്നത്. അവരെ അതിലേക്ക് പറഞ്ഞയച്ച എല്ലാവരേയും നന്ദിപൂർവ്വം ഓർക്കുന്നു.

പത്താം ക്ലാസ്സിലെയും പന്ത്രണ്ടാം ക്ലാസ്സിലെയും പരീക്ഷകൾ കഴിഞ്ഞ് കുട്ടികൾ തങ്ങളുടെ ഭാവിയെപ്പറ്റി ആലോചിക്കുന്ന അവസരമാണല്ലോ ഇത്. കുറേ പേരെങ്കിലും വൈദീകസന്യസ്ത ജീവിതങ്ങളിലേക്ക് താൽപര്യമുള്ളവരും ഉണ്ടാകും എന്ന് ഞാൻ പ്രത്യാശിക്കുന്നു. രൂപതയുടെ അജപാലനപ്രവർത്തനങ്ങൾ ശരിയായ


രീതിയിൽ മുന്നോട്ട് പോകണമെങ്കിൽ ആവശ്യത്തിന് വൈദീകർ ഉണ്ടാകണം. രൂപതാ വൈദീകരായി ശുശ്രൂഷ ചെയ്യാൻ താൽപര്യമുള്ള കുട്ടികൾ രൂപതാ മൈനർ സെമിനാരിയിലേക്ക് അപേക്ഷിക്കേണ്ട സമയമാണിത്. നല്ല ഉദ്ദേശശുദ്ധിയും സേവനമനോഭാവവും പഠിക്കാൻ കഴിവുമുള്ള ആൺകുട്ടികൾ രൂപതാവൈദീകരാകാൻ കടന്നുവരണം എന്ന് അഭ്യർത്ഥിക്കുന്നു. അതിനായി മാതാപിതാക്കൾ അവരെ പ്രോത്സാഹിപ്പിക്കുകയും ആവശ്യമായ സഹായസഹകരണങ്ങൾ കൊടുക്കുകയും ചെയ്യണം.

രൂപതാ വൈദീകരാകാൻ താൽപര്യമുള്ള പത്താം ക്ലാസ്സ് അല്ലെങ്കിൽ പന്ത്രണ്ടാം ക്ലാസ്സ് പരീക്ഷ എഴുതിയ മിടുക്കരായ ആൺകുട്ടികൾക്ക് ഇപ്പോൾ അപേക്ഷിക്കാവുന്നതാണ്. പരീക്ഷയുടെ ഫലം വരാനായി കാത്തിരിക്കേണ്ടതില്ല. പൗരോഹിത്യപരിശീലനം നേടുന്നവരുടെ വ്യക്തിപരമായ ചിലവുകൾ ഒഴികെ ബാക്കി എല്ലാം രൂപതയുടെ പൊതുഫണ്ടിൽ നിന്നാണ് കൊടുത്തുകൊണ്ടിരിക്കുന്നത്. 94 സെമിനാരിക്കാർക്കായി കഴിഞ്ഞ വർഷം നമുക്ക് ചെലവായത് 65 ലക്ഷം രൂപയാണ്. അതായത് ഒരു വിദ്യാർത്ഥിക്ക് ശരാശരി 70000 രൂപ ചിലവായിട്ടുണ്ട്. പൗരോഹിത്യ പരിശീലനത്തിലായിരിക്കുന്നവരുടെ പൊതുചിലവിലേക്കായി തുക കണ്ടെത്തുന്നത് പല രീതിയിലാണ്. സ്ഥിര വരുമാനം കാര്യമായില്ലാത്ത നമ്മുടെ രൂപത അനുദിനാവശ്യങ്ങൾക്കുപോലും ആശ്രയിക്കുന്നത് ബാങ്ക് വായ്പ്പയേയാണ്. വൈദീകപരിശീലനത്തിലുള്ളവരുടെ ചിലവിലേക്ക് ഓരോ വർഷവും ഒരു നിശ്ചിത തുക തരുന്ന ഉപകാരികളിൽ നിന്നാണ് ഒരു ഭാഗം കണ്ടെത്തുന്നത്. ഉപകാരികൾ രണ്ട് വിഭാഗത്തിൽപ്പെടുന്നവരുണ്ട്. ദീർഘകാലമായി പണം തന്നുകൊണ്ടിരിക്കുന്നവരും 2016-ൽ രൂപീകരിക്കപ്പെട്ട Pensioner's Guild എന്ന സംഘടനയിൽപ്പെട്ടവരും. സർക്കാർ ഉദ്യോഗത്തിൽ നിന്ന് വിരമിച്ചവരുടെ സംഘടനയാണ് Pensioner's Guild. അവരിൽ തന്നെയുള്ള ചിലർ താൽപര്യത്തോടുകൂടെ തുടങ്ങിയതാണ് ഈ സംഘടന. 2016-ൽ തുടങ്ങിയെങ്കിലും പല കാരണങ്ങളാൽ അതിന്റെ പ്രവർത്തനം അൽപ്പം മന്ദീഭവിച്ചിരിക്കുകയാണ്. എങ്കിലും ഈ അടുത്ത കാലത്ത് അതിന്റെ ഭാരവാഹികൾ ഒരുമിച്ചുകൂടി പ്രവർത്തനം ഊർജ്ജിതപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. എല്ലാ ഇടവകയിലും ഉള്ള പെൻഷൻ പറ്റിയ സർക്കാർ ഉദ്യോഗസ്ഥരെ കണ്ടെത്തുകയും അവരുമായുള്ള ആശയവിനിമയത്തിനായി അവരിൽ നിന്ന് തന്നെ ഒരാളെ തിരഞ്ഞെടുക്കുകയും ചെയ്യുക എന്നതാണ് ഏറ്റവും പ്രധാനപ്പെട്ടത്. മാനന്തവാടി മൈനർ സെമിനാരിക്കാരുടെ അസി. വൊക്കേഷൻ പ്രമോട്ടർ ബഹു. കണിപ്പള്ളി ജോർജ്ജുകുട്ടി അച്ചനെയാണ്

ഇക്കാര്യങ്ങളുടെ ചുമതല ഏൽപ്പിച്ചിരിക്കുന്നത്. അതുമായി ബന്ധപ്പെട്ട് അദ്ദേഹവും മറ്റ് ഭാരവാഹികളും ഇടവകയിലെത്തുമ്പോൾ അവരെ സ്നേഹപൂർവ്വം സ്വീകരിച്ച് ആവശ്യമായ സഹായസഹകരണങ്ങൾ കൊടുത്ത് അവരുടെ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുകയും ഫലവത്താക്കു കയും ചെയ്യണമെന്ന് ബഹു. വികാരിയച്ചന്മാരെ സ്നേഹപൂർവ്വം ഓർമ്മപ്പെടുത്തുന്നു.

നമ്മൾ പോർച്ചുഗീസ് ആധിപത്യത്തിലാകുന്നതിനുമുമ്പ് പൗരോഹിത്യ പരിശീലനത്തിനാവശ്യമായ തുക മുഴുവൻ കണ്ടെത്തി യിരുന്നതും അതിലുപരി പുരോഹിതരാകാൻ യോഗ്യരായ അർത്ഥികളെ കണ്ടെത്തിയിരുന്നതും ഇടവകാ സമൂഹങ്ങളായിരുന്നു എന്ന വസ്തുത ഇവിടെ പ്രത്യേക പ്രസ്താവ്യമാണ്. വൈദേശിക സഹായമൊന്നും കിട്ടാത്ത വർത്തമാനകാലഘട്ടത്തിൽ ആ പൂർവ്വ സ്ഥിതിയിലേക്ക് നമ്മൾ മടങ്ങിപ്പോകേണ്ടിയിരിക്കുന്നു. കഴിഞ്ഞവർഷം അറുപത്തഞ്ച് ലക്ഷം രൂപയാണ് വൈദികാർത്ഥികൾക്ക് വേണ്ടി ചിലവഴിച്ചതെന്ന് മുകളിൽ പറഞ്ഞുവല്ലോ. അതിൽ രണ്ടുലക്ഷം രൂപ Pensioner's Guild ൽ ഉള്ളവരും, ഇരുപതുലക്ഷം രൂപ മറ്റുള്ള ഉപകാരികളും തന്നതാണ്. ഇനിയും ധാരാളം പേർ ഈ സംരംഭ ത്തിനായി സഹായിക്കാൻ തയ്യാറായിട്ടുണ്ട്. അവരെ കണ്ടെത്തി മാർഗ്ഗനിർദ്ദേശങ്ങൾ കൊടുത്താൽ മാത്രം മതി. ഏവരുടെയും സഹായം അഭ്യർത്ഥിക്കുകയും മുൻകൂട്ടി നന്ദി പറയുകയും ചെയ്യുന്നു.

കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.



**മാർ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

♦ സെമിനാരി പ്രവേശനത്തിനായി ആഗ്രഹിക്കുന്ന കുട്ടികൾ ബന്ധപ്പെടേണ്ട അഡ്രസ്സ്:

Fr. Rector
Mount Mary College
Mananthavady - 670 645
Mob. 9447882293
Whats app: 9447882293

# സർക്കുലർ

***Circular Letter No. 9/2020***
***Prot. No. 22969/2020***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

കൊറോണാ വൈറസ് അപകടകരമാംവിധം പടർന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അതിനെ തടയാനായി ഏതാനും പുതിയ നിർദ്ദേശങ്ങൾ സർക്കാരിൽ നിന്ന് തന്നിട്ടുണ്ട്. അവയുടെ പശ്ചാത്തലത്തിൽ നമ്മൾ നിർബന്ധമായും അനുവർത്തിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇവയോട് എല്ലാവരും സർവ്വാത്മനാ സഹകരിക്കണം. അങ്ങനെ വൈറസ് ബാധയെന്ന മഹാമാരിയിൽ നിന്ന് നമ്മുടെ നാടിനെ രക്ഷിക്കാനുള്ള നമ്മുടെ സർക്കാരിന്റെ പരിശ്രമത്തിൽ നമുക്കും പങ്കാളികളാകാം.

ഈ നിർദ്ദേശങ്ങൾ എല്ലാവരും വളരെ ഗൗരവമായി എടുക്കുകയും അവ അനുസരിക്കുകയും ചെയ്യണം. ബഹുമാനപ്പെട്ട വൈദികരും സമർപ്പിതരും വേണ്ടവിധം വിശ്വാസിസമൂഹത്തെ മാത്രമല്ല തങ്ങളുമായി ബന്ധപ്പെടുന്ന എല്ലാവരേയും ഇവ അറിയിക്കാനും അവയെപ്പറ്റി അവബോധം കൊടുക്കാനും പരിശ്രമിക്കണം. കാരണം ഇത് നമ്മുടെയും നമ്മുടെ നാടിന്റെയും നിലനില്പ്പിന്റെ തന്നെ പ്രശ്നമാണ്. നമ്മൾ എത്രകണ്ട് സഹകരിക്കുന്നുവോ അത്രമാത്രമേ ഈ വൈറസ് നമ്മെ ബാധിക്കാതിരിക്കുകയുള്ളൂ. അടിയന്തിരാവസ്ഥ കാലത്ത് എന്നപോലെ വേണം നമ്മൾ ഈ കാര്യത്തിൽ പെരുമാറാൻ. അടിയന്തിരാവസ്ഥ കാലത്ത് വ്യക്തികളുടെ പല സ്വാതന്ത്ര്യങ്ങളും ഇല്ലാതാകുന്നതുപോലെ തന്നെ ഈ സാഹചര്യത്തെയും നമ്മൾ പരിഗണിച്ചാൽ മതി. ആപത്ത് വരുമ്പോൾ വ്യക്തികളുടെ സ്വാതന്ത്ര്യത്തേക്കാൾ വലുതാണ് സമൂഹത്തിന്റെ നിലനിൽപ്പ്. അതേസമയം നമ്മൾ ഭയചകിതരും പരിഭ്രാന്തരും ആകാതിരിക്കണം. അത്തരം വികാരങ്ങൾ സൃഷ്ടിക്കുന്ന വാർത്തകൾ പരത്താതിരിക്കാനും ശ്രദ്ധിക്കണം. വ്യാജവാർത്തകൾ പരത്തുന്നത് ശിക്ഷാർഹമാണ് എന്നതും നമ്മൾ ഓർത്തിരിക്കണം. *നിങ്ങൾ വ്യാജവാർത്ത പ്രചരിപ്പിക്കരുത്* എന്ന ദൈവവചനം നമുക്ക് ഓർക്കാം (പുറ.23:1).

1. കൊറോണാ വൈറസിനെ പ്രതിരോധിക്കാൻ ഏറ്റവും പറ്റിയ മാർഗ്ഗം ആൾക്കൂട്ടങ്ങൾ ഒഴിവാക്കുക എന്നത് തന്നെയാണ്. അതായത് ആളുകൾ അടുത്ത് വരുന്നത് കഴിവതും ഒഴിവാക്കണം. ആർക്കും അറിഞ്ഞുകൂടാ ആരാണ് വൈറസിന്റെ വാഹകരായി ഉള്ളതെന്ന്. നമ്മുടെ പള്ളികളിലെ വി.കുർബാന അത്തരം ഒരു സന്ദർഭമാണ്. ഇക്കാര്യത്തിൽ നമുക്ക് പ്രയാസ മുണ്ടെങ്കിലും ഒരു പൊതുനന്മയെ കരുതി നമ്മൾ നമ്മുടെ പള്ളികളിലും മറ്റ് സ്ഥലങ്ങളിലും മാർച്ച് 31 വരെ വി.കുർബാന അർപ്പണത്തിൽ പങ്കെടുക്കുന്നവരുടെ എണ്ണം വളരെ കുറയ്ക്കണം എന്നാണ് ഇന്ന് (ബുധൻ 18 മാർച്ച്) മുഖ്യമന്ത്രി വിളിച്ച് ചേർത്ത മീറ്റിംഗിൽ ആവശ്യപ്പെട്ടിരിക്കുന്നത്. അനുവദനീയമായ എണ്ണം എത്രയെന്ന് ഇന്ന് ജില്ലാകളക്ടർമാർ അറിയിക്കുന്നതായിരിക്കും. ഒരുപക്ഷേ ഇരുപതിൽ താഴെ എന്ന് നിർദ്ദേശിക്കാനാണ് സാധ്യത. എത്ര പറഞ്ഞാലും അതാണ് നമ്മൾ സ്വീകരിക്കേണ്ടത്. അത് നമ്മൾ ഉറപ്പ് വരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട വൈദീകർ ആവശ്യമായ നടപടികൾ എടുക്കണം.
2. ചെറിയ സമൂഹമാണെങ്കിലും വരുന്നവർ പരസ്പരം ഒരു മീറ്ററെങ്കിലും അകന്നേ നിൽക്കാവൂ. ഞായറാഴ്ചകളിൽ ഈ എണ്ണം പാലിക്കാനായി വി.കുർബാനകളുടെ എണ്ണം കൂട്ടുകയോ ഒരേസമയം ഇടവകയിലെ പല കുരിശു പള്ളികളിലായി വി.കുർബാനയർപ്പിക്കുകയോ ചെയ്യാം. അതിനായി സമർപ്പിത സമൂഹങ്ങളിലെ ബഹുമാനപ്പെട്ട വൈദീകരുടെ സഹായവും സഹകരണവും പ്രത്യേകം അഭ്യർത്ഥിക്കുന്നു. ധ്യാനം, കൺവെൻഷൻ തുടങ്ങിയ ശുശ്രൂഷകൾ ഇല്ലാത്ത സമയമായതു കൊണ്ട് അത്തരം സഹകരണം എളുപ്പമാകുമല്ലോ.
3. മാർച്ച് 1 ന് ശേഷം വിദേശത്ത് നിന്ന് എത്തിയവർ, ഇന്ത്യയിൽ തന്നെ കേരളത്തിന് പുറത്ത് നിന്ന് എത്തിയവർ, 15 വയസ്സിൽ താഴെയുള്ള കുട്ടികൾ, 65 വയസ്സിൽ കൂടുതൽ പ്രായമുള്ളവർ, ഗൗരവമായ രോഗങ്ങൾക്ക് ചികിത്സയിലുള്ളവർ, സ്ഥിരമായി മരുന്നുകൾ കഴിക്കുന്നവർ തുടങ്ങിയ വിഭാഗങ്ങളിൽപ്പെട്ടവർ മേൽപ്പറഞ്ഞ തീയതി വരെ വി. കുർബാനയിൽ പങ്കെടുക്കുന്നത് ഒഴിവാക്കുന്നതാണ് സുരക്ഷിതം. ഈ വിഭാഗത്തിൽപ്പെട്ടവർക്ക്

രോഗപ്രതിരോധശക്തി വളരെ കുറവായതിനാൽ പെട്ടെന്ന് രോഗം പകരാനുള്ള സാധ്യതയുണ്ട്.

4. അതുപോലെ തന്നെ ജലദോഷം, പനി, ചുമ, തൊണ്ടയടപ്പ് തുടങ്ങിയവയുള്ളവരും പങ്കെടുക്കാതിരിക്കുന്നത് ഉചിതമാണ്. കാരണം അവരിൽ നിന്ന് മറ്റുള്ളവർക്ക് രോഗം പകരാനുള്ള സാധ്യത വളരെയേറെയാണ്. കേവലം മാസ്ക് ധരിച്ചതുകൊണ്ട് മാത്രം രോഗം പകരാതിരിക്കണമെന്നില്ല. കൊറോണാ വൈറസ് പകരുന്നത് വായുവിലൂടെയല്ല പ്രത്യുത രോഗബാധ യുള്ള വ്യക്തികളുടെ ഉമിനീർ, മൂക്കിലെ സ്രവങ്ങൾ തുടങ്ങിയവയിലൂടെയാണ്. വ്യക്തികൾ അടുത്തടുത്ത് നിൽക്കുമ്പോൾ ഇതെല്ലാം സ്പർശിക്കപ്പെടാൻ സാധ്യതയുണ്ട്.

5. രോഗബാധയുള്ളവരുടെ കൈകളിലും മറ്റും മേൽപ്പറഞ്ഞ തരത്തിലുള്ള രോഗവാഹകവസ്തുക്കൾ ഉണ്ടാകാൻ സാധ്യത യുണ്ട്. അവർ കൈകൾ ശരിയായി കഴുകാതെ പള്ളിയുടേയും പൊതു ഗതാഗത വാഹനങ്ങളുടെയും മറ്റും വാതിലുകളുടെ പിടിയിൽ പിടിക്കുന്നതും സാധ്യതയുള്ള കാര്യങ്ങളാണ്. രോഗമില്ലാത്തവർ അവയിൽ പിടിക്കുമ്പോൾ രോഗം പകരുന്നു.

6. വി. കുർബാന കൊടുക്കുന്നതിനെപ്പറ്റി മുമ്പ് പറഞ്ഞിട്ടുള്ള കാര്യങ്ങളും അനുവർത്തിക്കണം. അതായത് വി. കുർബാന ഒരു സാദൃശ്യത്തിൽ മാത്രം കയ്യിൽ കൊടുക്കണം. കൈകൾ നന്നായി കഴുകിയ ശേഷം മാത്രമേ വി. കുർബാന കൊടുക്കാവൂ. കൊടുത്തു കഴിഞ്ഞ ശേഷവും കൈ കഴുകണം.

7. വീടുകളിലും മറ്റും ക്വാറന്റൈനിൽ ആക്കിയിരിക്കുന്ന വ്യക്തികൾക്ക് മേൽപ്പറഞ്ഞ തീയതി വരെ വി. കുർബാന കൊടുക്കുന്നതും ഒഴിവാക്കുന്നതാണ് നല്ലത്. എന്നാൽ മരണാ സന്നരായവരുടെ കാര്യത്തിൽ ആവശ്യമായ മുൻകരുതലു കളോടെ കൊടുക്കേണ്ടതാണ്.

8. കുമ്പസാരത്തിന്റെ കാര്യത്തിലും മേൽപ്പറഞ്ഞ മുൻകരു തലുകൾ ആവശ്യമാണ്. വളരെ അത്യാവശ്യമാണ് എന്ന് പറയുന്നവരെ മാത്രം ഈ കാലയളവിൽ കുമ്പസാരിപ്പിച്ചാൽ മതിയാകുന്നതാണ്. അതും ആവശ്യമായ മുൻകരുതലുകളോടെ മാത്രമായിരിക്കണം.

9. ഈ നിബന്ധനകൾ നിലവിലിക്കുന്ന കാലത്തോളം ഇടവക കളിൽ ആളുകൾ ഒരുമിച്ച് കൂടുന്ന യാതൊരു പരിപാടികളും നടത്താതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. അതുപോലെ കൂട്ടായ യാത്രകളും ഒഴിവാക്കണം.

10. ഏപ്രിൽ മാസത്തിലും അതിന് ശേഷവും ഇടവക, ഫൊറോന, മേഖല രൂപതാ തലങ്ങളിൽ നടത്താനായി നിശ്ചയിച്ചിരിക്കുന്ന പൊതുപരിപാടികൾ നടത്തപ്പെടുമോ എന്ന കാര്യം തുടർന്ന് സർക്കാരിന്റെ ഭാഗത്ത് നിന്നുള്ള നിർദ്ദേശങ്ങൾക്ക് വിധേയ മായിട്ടായിരിക്കും തീരുമാനിക്കപ്പെടുന്നത്.

11. മാർച്ച് 31 വരെ ബിഷപ്സ് ഹൗസിൽ സന്ദർശകദിവസങ്ങളും ഉണ്ടായിരിക്കുന്നതല്ല. അത്യാവശ്യ കാര്യങ്ങൾ മുൻകൂട്ടി അറിയിച്ച് സമയം നിശ്ചയിച്ചശേഷം മാത്രം കൈകാര്യം ചെയ്യപ്പെടുന്നതാണ്.

12. വി. കുർബാനയിൽ പങ്കെടുക്കാനുള്ള സാധ്യത കുറച്ചെങ്കിലും, ആ സമയത്ത് കുടുംബങ്ങളിൽ കുടുംബാംഗങ്ങൾ ഒരുമിച്ച് ചേർന്ന് പ്രാർത്ഥനകൾ ചൊല്ലുന്നത് ഉചിതമാണ്. യാമ പ്രാർത്ഥനകളും കുടുംബയൂണിറ്റ് സമ്മേളനങ്ങളിൽ ഉപയോഗി ക്കാനായി തയ്യാറാക്കിയിട്ടുള്ള പ്രാർത്ഥനകളും ചൊല്ലാം. അതുപോലെ തന്നെ വി.ഗ്രന്ഥവായന ഈ സമയത്ത് ചെയ്യാവുന്ന ഏറ്റവും നല്ല കാര്യമാണ്. മറ്റ് പ്രാർത്ഥനകളും ഇതുപോലെ തന്നെ നമ്മുടെ വിശ്വാസജീവിതത്തിന്റെ ഭാഗമായി ചൊല്ലാം.

13. പള്ളിയിലും കുടുംബങ്ങളിലും നടത്തപ്പെടുന്ന പ്രാർത്ഥനാ ശുശ്രൂഷകളിൽ കൊറോണാ ബാധമൂലം ദുരിതമനുഭവിക്കുന്ന ലോകത്താകമാനമുള്ള നമ്മുടെ സഹോദരങ്ങൾക്ക് വേണ്ടി മദ്ധ്യസ്ഥപ്രാർത്ഥന നടത്തുകയും പാപപ്പരിഹാര പ്രവൃത്തികൾ ചെയ്യുകയും ചെയ്യണം. ദൈവത്തിന് അസാദ്ധ്യമായി ഒന്നു മില്ലല്ലോ. ഏതൊരു സന്നിഗ്ധഘട്ടത്തിലും നാം ശരണം വയ്ക്കേണ്ടത് ദൈവത്തിലാണ്. കാരണം മനുഷ്യന്റെ കഴിവുകൾക്കെല്ലാം അതിരുകളും പരിമിതികളും ഉണ്ട് എന്ന വസ്തുത ഈ വൈറസ് ബാധയിലൂടെ നമ്മൾ മനസ്സിലാക്കി ക്കൊണ്ടിരിക്കുന്നു.

14. വി. ഗ്രന്ഥത്തിൽ നാം ഇപ്രകാരം വായിക്കുന്നു: *മോശ അഹറോനോട് പറഞ്ഞു: ബലിപീഠത്തിൽ നിന്ന് അഗ്നി യെടുത്ത് ധൂപകലശത്തിലിടുക. പരിമളദ്രവ്യം ചേർത്ത് ഉടനെ സമൂഹത്തിന്റെ മദ്ധ്യത്തിലേയ്ക്ക് കൊണ്ടുപോയി അവർക്ക് വേണ്ടി പാപപ്പരിഹാരം അനുഷ്ഠിക്കുക. കാരണം കർത്താ വിന്റെ കോപം പൊട്ടിപ്പുറപ്പെട്ടിരിക്കുന്നു. മഹാമാരി ആരംഭിച്ചു കഴിഞ്ഞു. മോശ പറഞ്ഞതുപോലെ അഹറോൻ ധൂപകലശ മെടുത്തു ജനത്തിന്റെ നടുവിലേക്ക് ഓടി. ജനത്തെ മഹാമാരി ബാധിച്ചു കഴിഞ്ഞിരുന്നു. അവൻ ധൂപാർച്ചന നടത്തി. ജനത്തിനു വേണ്ടി പാപപ്പരിഹാരം ചെയ്തു. അവൻ മരിച്ച് വീണവരുടെയും ജീവനോടിരിക്കുന്നവരുടെയും നടുവിൽ നിന്നു. മഹാമാരി നിലച്ചു* (സംഖ്യ 16:46-48).

കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2020 മാർച്ച് മാസം 18 ന് നൽകപ്പെട്ടത്.

യേശുവിൽ,

**ബിഷപ് ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- മാനന്തവാടി രൂപതയിൽപ്പെട്ട തമിഴ്നാട്ടിലെ ഇടവക കളിൽ ഇതിൽ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾക്കൊപ്പം തമിഴ് സർക്കാരിന്റെ നിർദ്ദേശങ്ങളും പാലിക്കേണ്ടതാണ് അവിടെ വിശദവിവരങ്ങൾ റീജിയണൽ ഡയറക്ടറിൽ നിന്നും ലഭ്യമാണ്. ഈ സർക്കുലറിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ഉടൻ നടപ്പിൽ വരുത്തേണ്ടതാണ്. അടുത്ത ഞായറാഴ്ച പള്ളികളിൽ വിശ്വാസിസമൂഹത്തെ വായിച്ച് കേൾപ്പിച്ച് ആവശ്യമായ നിർദ്ദേശങ്ങളും കൊടുക്കേണ്ടതാണ്.**

# സർക്കുലർ

*Circular Letter No. 10/2020*
*Prot. No. 22969/2020*

കർത്താവിനാൽ സ്നേഹിക്കപ്പെട്ട പ്രിയ ബഹുമാനപ്പെട്ട വൈദീകരെ, സഹോദരങ്ങളേ,

അപകടകരമാംവിധം വ്യാപിച്ചുകൊണ്ടിരിക്കുന്ന കൊറോണാ വൈറസിന്റെ വ്യാപനം പരമാവധി തടയുന്നതിന് കേരള-തമിഴ്നാട് സർക്കാരുകൾ നടത്തിക്കൊണ്ടിരിക്കുന്ന പരിശ്രമങ്ങളിൽ പങ്കാളികളാകുന്നതിന്റെ ഭാഗമായി നമ്മുടെ ഇടവകകളിലും മറ്റ് സ്ഥാപനങ്ങളിലും അനുവർത്തിക്കേണ്ടതായ ചില നിബന്ധനകൾ ഇന്നലെ (18 മാർച്ച്) ഞാൻ നിങ്ങളെ അറിയിച്ചിരുന്നല്ലോ. തമിഴ്നാട് സർക്കാരും കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും നമ്മളോട് ആവശ്യപ്പെട്ട പ്രകാരമായിരുന്നു അവ നൽകിയത്. എന്നാൽ കാര്യങ്ങൾ കൈവിട്ടുപോകുന്ന സാഹചര്യം ഉണ്ടാകും എന്ന് തോന്നിയിട്ടാകാം ഇന്ന് നമ്മുടെ ബഹുമാനപ്പെട്ട പ്രധാനമന്ത്രി കുറച്ചു കൂടി കർക്കശമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അതിലൊന്നാണ് അടുത്ത ഞായറാഴ്ച രാവിലെ ഏഴു മണി മുതൽ രാത്രി ഒമ്പത് മണി വരെ ആരും പുറത്തിറങ്ങരുത് എന്ന നിർദ്ദേശം.

ഇതടക്കമുള്ള മറ്റു നിർദ്ദേശങ്ങൾ സംസ്ഥാനസർക്കാരുകൾ ശ്രദ്ധാപൂർവ്വം നടപ്പാക്കണം എന്നും അദ്ദേഹം ആവശ്യപ്പെട്ടിട്ടുണ്ട്. അതായത് കേരള സർക്കാരും അത് നടപ്പാക്കാൻ ബാധ്യസ്ഥമാണ് എന്നർത്ഥം. അതിനാൽ ഇന്നലത്തേതിലും കർക്കശമായ നിർദ്ദേശങ്ങൾ കേരള സർക്കാരിൽ നിന്നും ഉണ്ടാകാനുള്ള സാധ്യത തള്ളിക്കളയാൻ കഴിയില്ല. മാത്രമല്ല ഈ രീതിയിലുള്ള നിർദ്ദേശങ്ങൾ തമിഴ്നാട് സർക്കാർ ഇന്നലെ തന്നെ കൊടുക്കുകയും തമിഴ്നാട്ടിലുള്ള നമ്മുടെ ഇടവകകളിൽ അവ നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. നമ്മുടെ രൂപതയുമായി ചേർന്ന് കിടക്കുന്ന ഊട്ടി രൂപത ചെയ്തതുപോലെ നമ്മളും ജനപങ്കാളിത്തത്തോടെയുള്ള വി. കുർബാനയർപ്പണം വേണ്ടെന്ന് വച്ചിരിക്കുകയാണ്.

പുതിയതായി ഉരുത്തിരിഞ്ഞ സാഹചര്യം പരിഗണിച്ച് ഇനി ഒരറിയിപ്പുണ്ടാകുന്നതുവരെ മാനന്തവാടി രൂപതയിൽപ്പെട്ട കേരളം തമിഴ്നാട് സംസ്ഥാനങ്ങളിലെ ഇടവകകളിലും മറ്റ് സ്ഥാപനങ്ങളിലും ജനപങ്കാളിത്തത്തോടെയുള്ള വി. കുർബാന യർപ്പണം ഞായറാഴ്ച അടക്കമുള്ള ദിവസങ്ങളിൽ ഉണ്ടായിരിക്കുകയില്ല. വിശുദ്ധവാര കർമ്മങ്ങളുടെ കാര്യം പിന്നീട് സർക്കാരുകൾ നൽകുന്ന നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ നിങ്ങളെ യഥാസമയം അറിയിക്കുന്നതായിരിക്കും. ഈ കാലയളവിൽ മാനന്തവാടി രൂപതയിലെ പ്രിയപ്പെട്ട ദൈവ ജനത്തിന് ഞായറാഴ്ചയിലും മറ്റ് കടമുള്ള ദിവസങ്ങളിലും വിശുദ്ധ കുർബാനയിൽ സംബന്ധിക്കുന്നതിനുള്ള കടമയിൽ നിന്ന് മാനന്തവാടി രൂപതയുടെ അദ്ധ്യക്ഷൻ എന്ന നിലയിൽ ഞാൻ ഒഴിവ് നൽകുന്നു.

ബഹുമാനപ്പെട്ട വൈദികർ അവർക്ക് പറ്റുന്ന സമയത്ത് സ്വകാര്യമായി വി. കുർബാന അർപ്പിക്കുന്നത് അനുവദനീയമാണ്. ജനപങ്കാളിത്തത്തോടെയുള്ള മറ്റ് ചടങ്ങുകളുടെ കാര്യത്തിൽ മുമ്പ് തന്നിട്ടുള്ള നിർദ്ദേശങ്ങൾ തന്നെ പാലിക്കേണ്ടതാണ്.

മാർച്ച് മാസത്തിൽ നടത്തേണ്ടതായ ഇടവക പൊതുയോഗങ്ങളും ആണ്ട് തിരട്ട് പാസാക്കലും ഏപ്രിൽ മാസത്തിന്റെ രണ്ടാം പകുതിയിലേക്ക് മാറ്റിവെക്കുന്നതാകും ഉചിതം. കാരണം പത്തിൽ കൂടുതൽ ആളുകൾ പങ്കെടുക്കുന്ന ഒരു ചടങ്ങും സമ്മേളനവും നടത്താൻ പാടില്ല എന്നാണ് സർക്കാരിന്റെ ഉത്തരവ്. അതേസമയം കൈക്കാരന്മാരുടെ തെരഞ്ഞെടുപ്പിനായുള്ള പാനൽ ഉണ്ടാക്കാനുള്ള പേരുകൾ കുടുംബയൂണിറ്റ് സെക്രട്ടറിമാർ വഴിയോ പാരീഷ് കൗൺസിൽ അംഗങ്ങൾ വഴിയോ മുൻകൂട്ടി ശേഖരിക്കാവുന്നതാണ്. ഇടവകയിലെ തിരുക്കർമ്മങ്ങൾ നമ്മൾ വേണ്ടെന്ന് വെയ്ക്കുമ്പോഴും വിശ്വാസ ജീവിതത്തിന് ആവശ്യമായ പ്രാർത്ഥനയും മറ്റ് ഭക്താനുഷ്ഠാനങ്ങളും വേണ്ടെന്ന് വയ്ക്കാനല്ല, പ്രത്യുത അവയുടെ അനുഷ്ഠാനം കൂടുതൽ ഉണ്ടാകണം എന്നാണർത്ഥം. അവ നമ്മുടെ കുടുംബങ്ങൾ കേന്ദ്രീകരിച്ചാകും എന്ന്മാത്രം. അവ സംബന്ധിച്ച നിർദ്ദേശങ്ങൾ ഇന്നലെ ഞാൻ തന്നിരിക്കുന്നത് ശ്രദ്ധിക്കുമല്ലോ.

വി. കുർബാന മൗണ്ട് സെന്റ് തോമസിലുള്ള നമ്മുടെ സഭാ ആസ്ഥാനത്തുനിന്നും മറ്റ് ചില രൂപതകളിൽ നിന്നും ശാലോം, ഷെക്കീന എന്നീ ടെലിവിഷൻ ചാനലുകൾ തൽസമയം പ്രക്ഷേപണം ചെയ്യുന്നുണ്ട്. അവയിൽ നിങ്ങൾക്ക് ആത്മീയമായി പങ്കുചേരാവുന്നതാണ്.

അതീവ ഗുരുതരമായി തുടരുന്ന ഈ സാഹചര്യത്തിൽ നമ്മുടെ തീക്ഷ്ണമായ പ്രാർത്ഥനകൾ ദൈവത്തിങ്കലേക്ക് ഉയരട്ടെ. കാരണം *കർത്താവ് വീട് പണിയുന്നില്ലെങ്കിൽ പണിക്കാരുടെ അധ്വാനം വ്യർത്ഥമാണ്. കർത്താവ് നഗരം കാക്കുന്നില്ലെങ്കിൽ കാവൽക്കാർ ഉണർന്നിരിക്കുന്നതും വ്യർത്ഥം* (സങ്കീ. 127:1).

കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2020 മാർച്ച് മാസം 19 ന് നൽകപ്പെട്ടത്.

യേശുവിൽ,

**ബിഷപ് ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

# പ്രസ്ബിറ്ററൽ കൗൺസിൽ-റിപ്പോർട്ട്

മാനന്തവാടി രൂപത വൈദിക സെനറ്റ് സമ്മേളനം മാർച്ച് 5 വ്യാഴാഴ്ച ബിഷപ്പ്സ് ഹൗസിൽ വച്ച് നടന്നു. ബഹു. സണ്ണി മഠത്തിൽ അച്ചൻ നയിച്ച പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. വികാരി ജനറാൾ മോൺ. അബ്രാഹം നെല്ലിക്കൽ യോഗത്തിന് സ്വാഗതം ആശംസിച്ചു. രൂപതയിൽ 2020 നവംബറിൽ നടക്കാനിരിക്കുന്ന എപ്പാർക്കിയൽ അസംബ്ലിയെക്കുറിച്ച് ബഹു. ജയിംസ് പുത്തൻപറമ്പിലച്ചൻ സംസാരിച്ചു. അസംബ്ലിക്കൊരുക്കമായി ബന്ധപ്പെട്ട വിഷയങ്ങളെക്കുറിച്ചും അവ ചർച്ച ചെയ്യപ്പെടേണ്ട മേഖലകളെക്കുറിച്ചും അച്ചൻ സംസാരിച്ചു. ഓരോ എപ്പാർക്കിയൽ അസംബ്ലി കഴിയുമ്പോൾ അതിന്റെ തീരുമാനങ്ങൾ നടപ്പിലാക്കുവാനും തുടർന്ന് പോകുവാനുമുള്ള തുടർ സംവിധാനങ്ങൾ ഉണ്ടാകണമെന്ന് യോഗം അഭിപ്രായപ്പെട്ടു. എപ്പാർക്കിയൽ അസംബ്ലിയിലെ അവതരണങ്ങൾ ശാസ്ത്രീയ അപഗ്രഥന സംവിധാനങ്ങൾ ഉപയോഗിച്ചുള്ളതായാൽ അതിന് കൂടുതൽ പ്രസക്തിയും കൃത്യതയും ഉണ്ടാകുമെന്ന് യോഗം വിലയിരുത്തി. രൂപതയുമായി ബന്ധപ്പെട്ട പാസ്റ്ററൽ ഓഡിറ്റ് എന്ന സംവിധാനം കൂടി വേണമെന്നും അത് ഇടവകകളുടെ സംഘടനാ പ്രവർത്തനങ്ങൾ, ആത്മീയ കാര്യങ്ങൾക്ക് കൂടുതൽ ഉത്തേജനം നൽകുമെന്നും കുരിശുപള്ളികൾ കേന്ദ്രീകരിച്ചുള്ള കുർബാനകൾക്ക് നിയന്ത്രണങ്ങൾ ആവശ്യമാണെന്നും യോഗം അഭിപ്രായപ്പെട്ടു. 2019-20 സാമ്പത്തിക വർഷത്തെ കണക്കുകളും 2020-21 വർഷത്തെ ബഡ്ജറ്റും രൂപതയുടെ സ്ഥലങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളും പ്രൊക്കുറേറ്റർ ബഹു. ജിൽസൺ കോക്കണ്ടത്തിൽ അച്ചൻ അവതരിപ്പിക്കുകയും യോഗം സംശയനിവാരണം നടത്തുകയും ചെയ്തു.

രൂപതയുടെ പൊതുപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സംഘടനകളെല്ലാം കൂടുതൽ ഒത്തൊരുമയോടെയും ഏകീകരണത്തോടെയും പ്രവർത്തിക്കണമെന്ന് യോഗം ആവശ്യപ്പെട്ടു. രൂപതയുടെ വൈദീകപരിശീലനവുമായി ബന്ധപ്പെട്ട് രൂപീകരിച്ച Pensoners' Guild എന്ന സംവിധാനത്തിനും, പ്രവർത്തകർക്കും എല്ലാ വൈദീകർക്കും പിന്തുണ നൽകണമെന്ന് അഭിവന്ദ്യ പിതാവ്

അറിയിച്ചു. ചെറുകാട്ടൂർ ഇടവകയുടെ കീഴിലുള്ള കൂളിവയൽ, ദീപ്തിഗിരി ഇടവകയുടെ കീഴിലുള്ള എള്ളുംമന്ദം എന്നീ കുരിശുപള്ളികളെ സ്വതന്ത്ര കുരിശുപള്ളികളായി ഉയർത്താൻ യോഗം തീരുമാനിച്ചു. മാനന്തവാടി രൂപതയുടെ ഈ വർഷത്തെ രൂപതാ ദിനം ചുങ്കക്കുന്ന് ഫൊറോനയിൽ വച്ച് നടത്തുന്നതുമായി ബന്ധപ്പെട്ട് നടത്തിയ ക്രമീകരണങ്ങളെക്കുറിച്ച് ഫൊറോന വികാരി ബഹു. വിൻസെന്റ് കളപ്പുര അച്ചൻ വിശദീകരിക്കുകയും എല്ലാവരേയും ക്ഷണിക്കുകയും ചെയ്തു. യോഗത്തിന് രൂപതാ സെക്രട്ടറി ഫാ. ജോഫ്രി കളരിക്കൽ നന്ദി പറഞ്ഞു. പ്രാർത്ഥന യോടെ യോഗം അവസാനിച്ചു.

**ഫാ. ജോഫ്രി കളരിക്കൽ**

സെക്രട്ടറി, മാനന്തവാടി രൂപത

**മാർ എമ്മാനുവേൽ പോത്തനാമൂഴി പിതാവിന്റെ 17-ാം ചരമ വാർഷികം**

നമ്മുടെ പ്രിയങ്കരനായ മാർ എമ്മാനുവേൽ പോത്തനാമൂഴി പിതാവിന്റെ ചരമദിനം ഏപ്രിൽ 6-ാം തീയതി തിങ്കളാഴ്ചയാണ്. അന്നേ ദിവസത്തെ നമ്മുടെ പ്രാർത്ഥനകളിൽ അഭിവന്ദ്യ പിതവിനെ നമുക്ക് ഓർമ്മിക്കാം. കൊറോണ വ്യാപനത്തിന്റെ പ്രത്യേക സാഹചര്യത്തിൽ നേരത്തെ അറിയിച്ചിരുന്നതുപോലെ അഭിവന്ദ്യ പിതാവിന്റെ കാർമ്മികത്വത്തിലുള്ള വി. കുർബാന കത്തീഡ്രൽ ദേവാലയത്തിൽ അന്നേ ദിവസം ഉണ്ടായിരിക്കുന്നതല്ല.

**സ്നേഹസ്മരണ**

ബഹു. പോൾ മണക്കാട്ടുമറ്റം അച്ചന്റെ ചരമദിനം ഏപ്രിൽ 8 നും ബഹു. അഗസ്റ്റിൻ കണ്ണാടിക്കരയച്ചന്റെ ചരമദിനം ഏപ്രിൽ 21 നും, ബഹു. ജോസഫ് വെട്ടിക്കുഴിച്ചാലിൽ അച്ചന്റെ ചരമദിനം ഏപ്രിൽ 29 നും ആണ്. പ്രസ്തുത ദിവസങ്ങളിൽ ഈ വൈദികരെ നമ്മുടെ ബലികളിലും പ്രാർത്ഥനകളിലും പ്രത്യേകം അനുസ്മരിക്കാം.

**പൊതു പിരിവുകൾ**

രൂപതാ കേന്ദ്രത്തിലേയ്ക്ക് അയച്ചു തരേണ്ട പൊതു പിരിവുകൾ മാർച്ച് 31 നകം എത്തിച്ചുതരാത്ത ഏതെങ്കിലും ഇടവകകൾ ഉണ്ടെങ്കിൽ എത്രയും വേഗം എത്തിച്ചു തരേണ്ടതാണ്. എല്ലാ ഇടവകകളിൽ നിന്നും 10% രൂപതാ വിഹിതവും വൈദിക ക്ഷേമ നിധിയിലേക്കുള്ള തുകയും അടയ്ക്കാനും ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**രൂപതാദിനം 2019 മെയ് 2 ശനിയാഴ്ച**

രൂപതയിൽ നടന്ന വിവിധ സമ്മേളനങ്ങളിലും ചുങ്കക്കുന്ന് മേഖലയിലെ വൈദികരുടെ പ്രത്യേക സമ്മേളനത്തിലും ചർച്ച ചെയ്ത് തീരുമാനിച്ചതുപോലെ ഈ വർഷത്തെ രൂപതാദിനം മെയ് 2-ാം തീയതി ശനിയാഴ്ച ചുങ്കക്കുന്നിൽ വച്ച് നടക്കുകയാണ്. ചുങ്കക്കുന്ന് മേഖലയിൽ നിന്നും രൂപതാദിനത്തിൽ കൂടുതൽ പങ്കാളിത്തം ഉണ്ടാകേണ്ടതാണ്.

**രൂപതാദിനത്തിൽ പങ്കെടുക്കേണ്ടവർ താഴെപ്പറയുന്നവരാണ്:**
**ചുങ്കക്കുന്ന് ഫൊറോന:**

1. എല്ലാ വൈദികരും, സന്യസ്തരും, പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, സൺഡേസ്കൂൾ പ്രധാനാദ്ധ്യാപകർ, കുടുംബകൂട്ടായ്മ സ്റ്റാന്റിംഗ് കമ്മറ്റി അംഗങ്ങൾ (കൈക്കാരന്മാർ, ഇടവക സെക്രട്ടറിമാർ, 4 വിഭാഗങ്ങളിൽ നിന്നും ഓരോരുത്തർ വീതം - പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ, ഉപസമിതി കൺവീനർമാർ), കുടുംബകൂട്ടായ്മ യൂണിറ്റുകളിൽ നിന്നും ഓരോരുത്തർ വീതം, എല്ലാ മതാദ്ധ്യാപകരും, ചുങ്കക്കുന്ന് ഫൊറോന കൗൺസിൽ അംഗങ്ങൾ, എല്ലാ സംഘടനാഭാരവാഹികളും, LP, UP, HS, HSS പ്രധാനാദ്ധ്യാപകരും പങ്കെടുക്കേണ്ടതാണ്.

**മറ്റ് ഫൊറോനകളിൽ നിന്നും**

1. എല്ലാ വൈദികരും, സന്യാസഭവനങ്ങളിലെ മേജർ സുപ്പീരിയേഴ്സും ലോക്കൽ സുപ്പീരിയേഴ്സും, രൂപതാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, നടത്തുകൈക്കാരൻ, മതബോധന പ്രധാനാദ്ധ്യാപകർ, ഭക്തസംഘടനകളുടെയും പ്രസ്ഥാനങ്ങളുടെയും മതബോധനത്തിന്റെയും രൂപതാഭാരവാഹികൾ എന്നിവരാണ് പങ്കെടുക്കേണ്ടത്.

**പ്രോഗ്രാം**

8.30 am - ജപമാല
09.00 am - രജിസ്ട്രേഷൻ
09.15 am - പതാക ഉയർത്തൽ
09.30 am - വി. കുർബ്ബാന
10.30 am - പൊതുസമ്മേളനം
01.30 pm - ഉച്ചഭക്ഷണം

ഈ വർഷം സുവർണ്ണ ജൂബിലിയും രജതജൂബിലിയും ആഘോഷിക്കുന്ന വൈദികർ, സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന സന്യസ്തർ, ഇളയ കുട്ടിക്ക് 7-ൽ താഴെ പ്രായമുള്ള 4 ഉം അതിൽ കൂടുതലും മക്കളുള്ള മാതാപിതക്കൾ, 35 വർഷം പൂർത്തിയാക്കുന്ന മതാദ്ധ്യാപകർ, 25 വർഷം പൂർത്തിയാക്കുന്ന

അൾത്താര ശുശ്രൂഷികൾ എന്നിവരെ രൂപതാദിനത്തിൽ ആദരിക്കുന്നു. ഇവരുടെ പേരുവിവരം ബന്ധപ്പെട്ടവർ ഏപ്രിൽ 15 ന് മുമ്പായി ചുങ്കക്കുന്ന് ഫൊറോന വികാരിയച്ചനെ അറിയിക്കേണ്ടതാണ്.

രൂപതാദിനത്തോടനുബന്ധിച്ച് വിവിധ മേഖലകളിൽ വ്യക്തിമുദ്രപതിപ്പിച്ചിട്ടുള്ള രൂപാതാംഗങ്ങളെ ആദരിക്കുന്നതാണ്. ബഹു. വികാരിയച്ചന്മാർ ഇത്തരത്തിൽ പരിഗണനനീയരായ വ്യക്തികളുടെ പേരുവിവരങ്ങൾ അവാർഡ് കമ്മിറ്റി ചെയർമാനായ ബഹു. സിനീഷ് പുത്തൻപുര അച്ചനെ അറിയിക്കേണ്ടതാണ്. (ഫോൺ + 91 9496383242)

**മോൺ. അബ്രാഹം നെല്ലിക്കൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

## പ്രത്യേക ശ്രദ്ധയ്ക്ക്

രൂപതാകേന്ദ്രത്തിൽ എൽപ്പിക്കേണ്ട പൊതുപിരിവുകൾ (സ്നേഹനിധി, യുവജനദിനം, മതബോധന ഞായർ, മാധ്യമദിനം, മദ്യവിരുദ്ധ ഞായർ, പി.പി.എഫ്, വിദ്യാഭ്യാസ സഹായനിധി, ഇടവക കളിൽ നിന്നുള്ള 10% എന്നിവ ഒഴികെ) താഴെ കൊടുത്തിരിക്കുന്ന രൂപതയുടെ ബാങ്ക് അക്കൗണ്ടിലൂടെ ട്രാൻസ്ഫർ ചെയ്യുകയോ, അല്ലെങ്കിൽ ചെക്കായി അയയ്ക്കുകയോ ചെയ്യാവുന്നതാണ്. സ്നേഹ നിധി, യുവജനദിനം, മതബോധനഞായർ, മാധ്യമദിനം, മദ്യവിരുദ്ധ ഞായർ, പി.പി.എഫ്., വിദ്യാഭ്യാസ സഹായനിധി, ഇടവകകളിൽ നിന്നുള്ള 10% എന്നിവ താഴെകൊടുത്തിരിക്കുന്ന അതാത് സംഘടന കളുടെ ബാങ്ക് അക്കൗണ്ടിലൂടെ ട്രാൻസ്ഫർ ചെയ്യുകയോ, അല്ലെങ്കിൽ ചെക്കായി അയയ്ക്കുകയോ ചെയ്യാവുന്നതാണ്. പിരിവുകൾ അയച്ചു കഴിയുമ്പോൾ വിശദവിവരങ്ങൾ ബിഷപ്സ്ഹൗസ് ഓഫീസിൽ അറിയിക്കേണ്ടതാണ്. ഫോൺ: 8281879949

**രൂപതയുടെ ബാങ്ക് അക്കൗണ്ട്**

| | | |
|---|---|---|
| A/C Name | : | The Roman Catholic Diocese of Mananthavady |
| A/C No. | : | 0605053000000001 |
| Name of the Bank | : | South Indian Bank |
| Branch | : | Mananthavady |
| IFS Code | : | SIBL0000605 |

| | | |
|---|---|---|
| A/C Name | : | Diocese of Mananthavady |
| A/C No. | : | 0063-02151700-190001 |
| Name of the Bank | : | Catholic Syrian Bank |
| Branch | : | Mananthavady |
| IFS Code | : | CSBK0000063 |

**Bishop's Account**

A/C Name : Bishop Jose Porunnedom

A/C No : 0605053000008376

Bank : South Indian Bank

Branch : Mananthavady

IFS Code : SIBL0000605

**Mass Intention**
A/C Name : Vicar General
A/C No : 0063 02151838 190001
Bank : Catholic Syrian Bank
Branch : Mananthavady
IFS Code : CSBK0000063

---

**Priest Provident Fund**
A/C Name : Priest Provident Fund
A/C No : 0063 02151971 190001
Bank : Catholic Syrian Bank
Branch : Mananthavady
IFS Code : CSBK0000063

---

**Educational Aid Fund**
A/C Name : Secretary Educational Aid Fund
A/C No : 0063 02154100 190001
Bank : Catholic Syrian Bank
Branch : Mananthavady
IFS Code : CSBK0000063

---

**Mutual Aid Fund (ഇടവകകളിൽ നിന്നുള്ള 10%)**
A/C Name : The Roman Catholic Diocese of Mananthavady
A/C No : 0063-03854921-195001
Bank : Catholic Syrian Bank
Branch : Mananthavady
IFS Code : CSBK0000063

---

**Snehanidhi (സ്നേഹനിധി)**
A/C Name : Snehanidhi
A/C No : 0063 02151620 190001
Bank : Catholic Syrian Bank
Branch : Mananthavady
IFS Code : CSBK0000063

---

**KCYM (യുവജനദിനം)**
A/C Name : Director KCYM
A/C No : 0063 02152928 190001
Bank : Catholic Syrian Bankl
Branch : Mananthavady
IFS Code : CSBK0000063

---

**Account Details of Department of Cathechism (മതബോധന ഞായർ)**
A/C Name: CATECHETICAL CENTRE
A/C No. 0063-02152792-190001
Bank: Catholic Syrian Bank
Branch: Mananthavady
IFS Code: CSBK0000063

---

**Communication Media (മാധ്യമ ദിനം)**
A/C Name : Director Media Commission
A/C No : 47512200041588
Bank : Syndicate bank
Branch : Nalloornad
IFS Code : SYNB0004751

---

**Madyvirudhasamithi (മദ്യവിരുദ്ധ ഞായർ)**
A/C Name : KCBC madyavirudhasamithi
A/C No : 0063 02155302 190001
Bank : Catholic Syrian Bank
Branch : Mananthavady
IFS Code : CSBK0000063

---

**Youth Convention**
A/C Name : Your Neighbour Association
Bank : Syndicate Bank Dwaraka
Ac/No : 47512200033540
Branch : Dwaraka
IFS Code : SYNB0004751

---

**Seminary Formation Fund**
A/C Name : The Roman Catholic Diocese of Mananthavady
Ac/No : 0605053000008384
Name of the Bank: South Indian Bank
Branch : Mananthavady
IFS Code : SIBL0000605

---

**ഫാ. ജിൽസൺ കോക്കണ്ടത്തിൽ**
പ്രൊക്കുറേറ്റർ, മാനന്തവാടി രൂപത

**മണിമൂളി മേഖല**

മണിമൂളി ഫൊറോനയിലെ വൈദികരുടെ മാസധ്യാനം മാർച്ച് 10 ന് മുണ്ടേരി ദേവാലയത്തിൽ വച്ച് നടത്തപ്പെട്ടു. ഇടവക വികാരി ബഹു. സെബാസ്റ്റ്യൻ കീഴേത്ത് അച്ചൻ ഏവരേയും സ്വാഗതം ചെയ്യുകയും തുടർന്ന് ധ്യാനചിന്തകൾ പങ്കുവെയ്ക്കുകയും ചെയ്തു. കുമ്പസാരവും, ആരാധനയും, കുരിശിന്റെ വഴി പ്രാർത്ഥനയും നടത്തി. തുടർന്നുള്ള ചർച്ചകൾക്ക് ഫൊറോന വികാരി ബഹു. കുര്യാക്കോസ് കുന്നത്ത് അച്ചൻ നേതൃത്വം നൽകി. പുതുതായി മണിമൂളി ഫൊറോന കൂട്ടായ്മയിലേക്ക് കടന്നുവന്ന പ്രിൻസ് തെക്കേതിലച്ചന് സ്വാഗതം ആശംസിക്കുകയും ജനുവരി ഫെബ്രുവരി മാസങ്ങളിൽ ജന്മദിനം ആഘോഷിക്കുന്ന വൈദികർക്ക് ആശംസകൾ അർപ്പിക്കുകയും ചെയ്തു. ഫൊറോന സെക്രട്ടറിയായി ഫാ. പ്രിൻസ് തെക്കേതിലിനെ തെരഞ്ഞെടുത്തു. ഭക്തസംഘടനകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും നോമ്പുകാല പ്രവർത്തനങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. ഏപ്രിൽ 26 ന് ഫൊറോനയിലെ മതാദ്ധ്യാപകർക്കു വേണ്ടിയുള്ള സെമിനാർ നടത്തുവാൻ തീരുമാനിച്ചു. മാർച്ച് 28 ന് കെ.സി.വൈ.എമ്മിന്റെ നേതൃത്വത്തിൽ ജാഗരണപ്രാർത്ഥനയും ഓശാന ഞായറാഴ്ച കുരിശിന്റെ വഴിയും നടത്തുവാൻ തീരുമാനിച്ചു. പാരീഷ് APP ന്റെ പ്രവർത്തനങ്ങൾ ചർച്ച ചെയ്തു. ജൂബിലിയോടനുബന്ധിച്ച് പാവപ്പെട്ട കുടുംബത്തിന് ഭവനം നിർമ്മിച്ച് നൽകിയ പാലേമാട് ഇടവകയെ അഭിനന്ദിച്ചു. ഫാ. പ്രിൻസ് തെക്കേതിൽ ഏവർക്കും നന്ദി പറഞ്ഞു. അടുത്ത മാസധ്യാനം നരിവാലമുണ്ട ഇടവകയിൽ വച്ച് നടത്തുവാൻ തീരുമാനിച്ചു.

**ഫാ. പ്രിൻസ് തെക്കേതിൽ**

സെക്രട്ടറി

**കൽപ്പറ്റ ഫൊറോന**

കൽപ്പറ്റ ഫൊറോന വൈദീകകൂട്ടായ്മ മാർച്ച് 10-ാം തീയതി എടപ്പെട്ടി ദേവാലയത്തിൽ വച്ച് നടന്നു. ധ്യാനത്തിൽ ബഹു. തോമസ് ജോസഫ് തേരകം അച്ചൻ എല്ലാവർക്കും സ്വാഗതം ആശംസിക്കുകയും റവ. ഫാ. ജോസഫ് ഇല്ലിമൂട്ടിൽ TOR ധ്യാനചിന്തകൾ പങ്കുവക്കുകയും ചെയ്തു. തുടർന്ന് വൈദികരുടെ കുമ്പസാരവും ആരാധനയും നടന്നു. പിന്നീട് നടന്ന മീറ്റിംഗിൽ ബഹു. സോമി

വടയാപറമ്പിൽ മീറ്റിംഗിന് നേതൃത്വം നൽകുകയും ഫാ. അജിൻ ചക്കാലക്കലിന് വൈദിക കൂട്ടായ്മയിലേക്ക് സ്വാഗതം ആശംസിക്കുകയും തുടർന്ന് എല്ലാ സംഘടനകളുടെയും ഡയറക്ടർമാർ ഒരു മാസത്തെ കാര്യങ്ങൾ വിലയിരുത്തി സംസാരിക്കുകയും ചെയ്തു. വേദപാഠത്തിന്റെ പരീക്ഷ ഏപ്രിൽ 4 ന് നടക്കുമെന്നും ഏപ്രിൽ 1,2,3 തീയതികളിൽ വിശ്വാസോത്സവം നടത്തുവാനും തീരുമാനിച്ചു. മിഷൻലീഗിന്റെ മേഖലാ തെരഞ്ഞെടുപ്പ് ഏപ്രിൽ 4 ന് ഉച്ചയ്ക്കു ശേഷം നടത്തുവാനും തീരുമാനിച്ചു. കെ.സി.വൈ.എമ്മിന്റെ നേതൃത്വത്തിൽ മാർച്ച് 29 ന് ഉച്ചയ്ക്ക് 2.30 മുതൽ വൈത്തിരിയിൽ നിന്ന് ചാരിറ്റിയിലേക്ക് കുരിശിന്റെ വഴി നടത്തുവാനും തീരുമാനിച്ചു. മാതൃസംഘത്തിന്റെ നേതൃത്വത്തിൽ ഓരോ ശാഖയിൽ നിന്നും 10 പേരെ പങ്കെടുപ്പിച്ച് കൊളവയലിൽ വച്ച് ഒരു ധ്യാനം നടത്തുവാനും തീരുമാനമായി. അടുത്ത മാസം വൈദികരുടെ കൂട്ടായ്മ പിക്നിക് പോകാൻ തീരുമാനിച്ചു. ധ്യാനത്തിന്റെ സമാപനത്തിൽ ബഹു. ഫ്രാൻസീസ് നെല്ലിക്കുന്നേൽ അച്ചൻ നന്ദി അറിയിക്കുകയും മെയ് മാസത്തിലെ ധ്യാനത്തിന് എല്ലാവരേയും കുളവയലിലേക്ക് ക്ഷണിക്കുകയും ചെയ്തു.

**ഫാ. സന്തോഷ് കിഴക്കൻപുതുപ്പള്ളി**
സെക്രട്ടറി

## മാനന്തവാടി ഫൊറോന

മാനന്തവാടി ഫൊറോനയിലെ വൈദികരുടെ മാസധ്യാനം മാർച്ച് 10-ാം തീയതി ചൊവ്വാഴ്ച ബഹു. അനീഷ് കാട്ടാംകോട്ടിൽ അച്ചന്റെ നേതൃത്വത്തിൽ പ്രശാന്തഗിരി സെന്റ് ജോസഫ്സ് പള്ളിയിൽ വച്ച് നടത്തപ്പെട്ടു. ബഹു. അനീഷ് കാട്ടാംകോട്ടിൽ അച്ചൻ എല്ലാവരെയും സ്വാഗതം ചെയ്തു. ഫാ. ലിൻസൺ ധ്യാന ചിന്തകൾ പങ്കുവച്ചു. നമ്മുടെ ജീവിതയാത്രയിൽ വേണ്ടവിധം നാം ഓടിയോ, വേണ്ടിടത്തുകൂടെ ഓടിയോ, ഓടിയ ഓട്ടം ക്രിസ്തുവിനുവേണ്ടിയാണോ എന്നീ ചോദ്യങ്ങളിലൂടെ പൗരോഹിത്യ ജീവിതത്തെകുറിച്ച് വിചിന്തനം ചെയ്യാൻ ബഹു. ലിൻസൺ അച്ചൻ സഹായിച്ചു.

തുടർന്ന് ആരാധനയ്ക്കുശേഷമുള്ള ചർച്ചകൾക്ക് ഫൊറോനാ വികാരി ബഹു. പോൾ മുണ്ടോളിക്കൽ അച്ചൻ നേതൃത്വം നൽകി. മാർച്ച് മാസത്തിൽ നാമഹേതുക തിരുനാളും, ജന്മദിനവും ആഘോഷിക്കുന്ന വൈദികർക്ക് ആശംസകൾ അർപ്പിച്ചു. മതബോധന പ്രവർത്തനങ്ങളെക്കുറിച്ച് മേഖലാ ഡയറക്ടർ ഫാ. ജോസഫ് കുടക്കച്ചിറ

സംസാരിച്ചു. +1, +2 ക്ലാസുകളിലെ പരീക്ഷാ ഫലത്തിൽ ഉണ്ടായ സംശയങ്ങൾക്ക് വ്യക്തമായ വിശദീകരണം നൽകി. ഏപ്രിൽ 4 ന് നടത്തുന്ന വേദപാഠ പരീക്ഷയെക്കുറിച്ചും, സ്കോളർഷിപ്പ് പരീക്ഷയെക്കുറിച്ചും, മതബോധന കേന്ദ്രം നടത്തുന്ന തിയോളജി ഡിപ്ലോമ കോഴ്സിനേക്കുറിച്ചും അച്ചൻ സംസാരിച്ചു. 40-ാം വെള്ളിയാഴ്ച്ച യുവജനങ്ങളുടെ നേതൃത്വത്തിൽ കുരിശിന്റെ വഴി നടത്തുതിനേക്കുറിച്ച് കെ.സി.വൈ.എം. മേഖലാ ഡയറക്ടർ ഫാ. ജോണി മലയിലും, ചെറുപുഷ്പ്പ മിഷൻലീഗിന്റെ നേതൃത്വത്തിൽ ഫിയാത്ത് മിഷൻ നടത്തുന്ന പേപ്പർ കളക്ഷനേക്കുറിച്ച് മേഖലാ ഡയറക്ടർ ഫാ. അനീഷ് കാട്ടാംകോട്ടിലും സംസാരിച്ചു. WSSS ന്റെ സഹകരണത്തോടെയുള്ള ജീവസ് ഇൻഷൂറൻസ് പദ്ധതിയുടെ വിശദാംശങ്ങൾ ബഹു. ജിനോജ് പാലത്തടം അച്ചൻ പങ്കുവച്ചു. മാനന്തവാടി മൈനർ സെമിനാരിയിൽ വച്ച് മാർച്ച് മാസം 29, 30, 31 തീയതികളിൽ നടത്തപ്പെടുന്ന വൊക്കേഷൻ ക്യാമ്പിൽ പങ്കെടുക്കുവാൻ കുട്ടികളെ പറഞ്ഞയക്കണമെന്നും രൂപതാ സെമിനാരിയിൽ ചേരാൻ താല്പര്യമുള്ളവർക്കുവേണ്ടിയുള്ള Come and See പ്രോഗ്രാം ഏപ്രിൽ 14, 15, 16 തീയതികളിലാണ് നടത്തപ്പെടുന്നത് എന്നും ബഹു. ബിജു തുരുത്തേൽ അച്ചൻ അറിയിച്ചു. കപ്പിൾസ് മിനിസ്ട്രിയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കണമെന്ന് ബഹു. മലയിലച്ചൻ ഓർമ്മിപ്പിച്ചു. AKCC ഹെൽപ്പ് ഡെസ്ക്കിന്റെ പ്രവർത്തനങ്ങൾക്കായി 5 പേരെ ഓരോ ഇടവകയിൽനിന്നും കണ്ടെത്തണമെന്നും, കർഷകർക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ കൂടുതൽ ഉർജ്ജസ്വലമാക്കണം എന്നും ബഹു. ആന്റോ മമ്പള്ളിയച്ചൻ അറിയിച്ചു. പാരിഷ് ആപ്പ് എല്ലാ ഇടവകകളിലും സജ്ജമാക്കണമെന്ന് ബഹു. നിഷ്വിൻ തേൻപള്ളിയച്ചൻ അറിയിച്ചു. മാനന്തവാടി രൂപത പ്രൊക്കുറേറ്റർ ബഹു. ജിൽസൺ കോക്കണ്ടത്തിൽ അച്ചൻ എല്ലാവർക്കും ഹൃദ്യമായ നന്ദി അർപ്പിച്ചു. അടുത്ത മാസധ്യാനം മെയ് 12 ന് ബിഷപ്സ് ഹൗസിൽ വച്ച് നടത്താൻ തീരുമാനിച്ചു.

**ഫാ. ജോഫിൻ മുളകൊടിയാങ്കൽ**
സെക്രട്ടറി

## Say Exam

പ്ലസ് വൺ, പ്ലസ് ടു Say പരീക്ഷ നിലവിലെ സാഹചര്യങ്ങൾ പരിഗണിച്ച് ഏപ്രിൽ 1 ലെ പരീക്ഷ മെയ് 8 ലേക്ക് മാറ്റുന്നു. ദ്വാരക യുപി സ്കൂളും മണിമൂളി ഹൈസ്കൂളും ആയിരിക്കും പരീക്ഷ സെന്ററുകൾ. മെയ് 8-ാം തിയ്യതി 9.30 am-12.00 pm ആയിരിക്കും പരീക്ഷാസമയം. 9.30 ന് ശേഷം വരുന്നവർക്ക് പരീക്ഷ എഴുതാൻ സാധിക്കില്ല. ഹാൾടിക്കറ്റ് നിർബന്ധമായും കൊണ്ടുവരണം.

### ഡിപ്ലോമ, സ്കോളർഷിപ്പ്, വാർഷിക പരീക്ഷകൾ

I-IX ക്ലാസ്സുകളുടെ വാർഷിക പരീക്ഷ, 7, 4 ക്ലാസ്സുകളുടെ സ്കോളർഷിപ്പ് പരീക്ഷ, ഡിപ്ലോമ പരീക്ഷ ഏപ്രിൽ 4-ാം തിയ്യതിയിൽ നിന്ന് ഏപ്രിൽ 24-ാം തിയ്യതിയിലേക്ക് മാറ്റുന്നു. സമയക്രമം മുൻമ്പ് അറിയിച്ചിരുന്നതുപോലെ തന്നെ. ഈ തിയ്യതികളിൽ എന്തെങ്കിലും മാറ്റമുണ്ടെങ്കിൽ പിന്നീട് അറിയിക്കുന്നതായിരിക്കും. ഉച്ചകഴിഞ്ഞ് 2 മണി മുതൽ 4 മണി വരെയാണ്. പരീക്ഷാസമയം കൃത്യമായി പാലിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

### HDC പരീക്ഷാഫലം

ഫെബ്രുവരി മാസത്തിൽ നടത്തിയ 2016-18 വർഷത്തെ HDC (Higher Diploma in Catechesis) പരീക്ഷാഫലം ഏപ്രിൽ 20-ന് മതബോധനകേന്ദ്രത്തിന്റെ Website- www.catechismmdy.in-ൽ പ്രസിദ്ധീകരിക്കുന്നതാണ്.

### HDC പ്രവേശനം

അടുത്ത വർഷത്തേക്ക് HDC യ്ക്കുള്ള രജിസ്ട്രേഷൻ മുൻകൂട്ടി നടത്തുവാൻ ഹെഡ്മാസ്റ്റേഴ്സ് ശ്രദ്ധിക്കുമല്ലോ. 750 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. HDC പൂർത്തിയാകാത്ത അധ്യാപകരുണ്ടെങ്കിൽ ഈ വർഷം തന്നെ കോഴ്സ് ചെയ്യേണ്ടതാതാണ്.

### DCC പ്രവേശനം

12-ാം ക്ലാസ്സ് കഴിഞ്ഞ കുട്ടികളെ DCC കോഴ്സിൽ ചേർക്കുവാനുള്ള ക്രമീകരണങ്ങൾ മുൻകൂട്ടി ചെയ്യുമല്ലോ.

## ജൂബിലേറിയൻസ്, Full Attendance

മതാധ്യാപനരംഗത്ത് 25, 35, 50 വർഷങ്ങൾ സേവനം ചെയ്ത അധ്യാപകരുടെ ഫോട്ടോയും വികാരിയച്ചന്റെ സാക്ഷ്യപത്രവും, വേദപാഠ ക്ലാസ്സിൽ 12 വർഷവും Full Attendance ഉള്ള കുട്ടികളുടെ ഫോട്ടോയും വികാരിയച്ചന്റെ സാക്ഷ്യപത്രവും ഏപ്രിൽ 30 -ന് മുമ്പ് രൂപതാ ഓഫീസിൽ എത്തിക്കാൻ ഹെഡ്മാസ്റ്റേഴ്സ് ശ്രദ്ധിക്കുക. മെയ് 23-ാം തിയ്യതി HM, PP Conference-ൽ ഇവരെ ആദരിക്കുന്നതാണ്.

## HCC Private Registration ക്യാമ്പും പരീക്ഷയും

2020 മെയ് 5-8-ാം തിയ്യതി വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. ക്യാമ്പിന്റെ അവസാനദിവസമാണ് പരീക്ഷ. Assignment സമർപ്പിച്ച് Hall Ticket കൈപ്പറ്റിയവർക്ക് മാത്രമേ പരീക്ഷ എഴുതാൻ അനുവാദമുള്ളു.

## HM, PP Conference

2020-21 വർഷത്തെ ആദ്യ HM, PP Conference മെയ് 23-ാം തിയ്യതി ശനിയാഴ്ചയായിരിക്കും. ഹെഡ്മാസ്റ്റേഴ്സ് തിയ്യതി ശ്രദ്ധിക്കുമല്ലോ.

**HCC II (PLUS TWO) 2020 RANK LIST**

| No | Name & House Name | Parish | Forane | Mark | Rank |
|---|---|---|---|---|---|
| 1 | Mega Mariya Kochanichuvattil | Kabanigiri | Mullenkolly | 95 | I |
| 2 | Alwin Benny Thadathil | Chungakkunnu | Chungakkunnu | 95 | I |
| 3 | Alida Parookkaran | Puzhamudi | Kalpetta | 91 | II |
| 4 | Anitta Thomas Maliyekkal | Palemad | Manimooly | 89 | III |
| 5 | Annmary Vinod Chappanthadathil | Nadavayal | Nadavayal | 89 | III |
| 6 | Jisna Annmary Jose Prayattu | Nadavayal | Nadavayal | 89 | III |
| 7 | Athulya Chempamthara | Arinchemala | Nadavayal | 87 | IV |
| 8 | Ann Maria Shaji Perumbil | Pulpally | Mullenkolly | 87 | IV |
| 9 | Anna Maria B Shaj Ulakamthara | Thariode | Thariode | 87 | IV |
| 10 | Jasmin Nedumkottayil | Kottiyoor | Chungakkunnu | 85 | V |
| 11 | Aleena Cleetus Maniyanipurath | Palemad | Manimooly | 85 | V |
| 12 | Rose Elizabeth Thomas Muthnattu | Kottiyoor | Chungakkunnu | 85 | V |

| HCC I RESULT 2020 IN PARISH LEVEL | | | | | | |
|---|---|---|---|---|---|---|
| | Tot Regd | Attended | Passed | Failed | Absent | % |
| **BATHERY** | | | | | | |
| AMBALAVAYAL | 31 | 29 | 13 | 16 | 2 | 45 |
| BATHERY | 37 | 37 | 28 | 9 | 0 | 76 |
| CHITHRAGIRI | 11 | 11 | 11 | 0 | 0 | 100 |
| CHULLIYODE | 8 | 8 | 7 | 1 | 0 | 88 |
| KADALMAD | 3 | 3 | 3 | 0 | 0 | 100 |
| KALLUMUKKU | 3 | 3 | 1 | 2 | 0 | 33 |
| KARANI | 6 | 6 | 6 | 0 | 0 | 100 |
| MEENANGADI | 10 | 10 | 10 | 0 | 0 | 100 |
| MOOLANKAVU | 14 | 14 | 12 | 2 | 0 | 86 |
| PAZHOOR | 9 | 9 | 7 | 2 | 0 | 78 |
| THOMATTUCHAL | 10 | 10 | 9 | 1 | 0 | 90 |
| VADAKKANAD | 7 | 7 | 4 | 3 | 0 | 57 |
| VAKERY | 8 | 8 | 8 | 0 | 0 | 100 |
| **TOTAL** | **157** | **155** | **119** | **36** | **2** | **77%** |
| **CHUNGAKKUNNU** | | | | | | |
| ADACKATHODE | 31 | 31 | 26 | 5 | 0 | 84 |
| AMBAYATHODE | 8 | 8 | 8 | 0 | 0 | 100 |
| CHUNGAKKUNNU | 47 | 47 | 46 | 1 | 0 | 98 |
| KELAKAM | 10 | 10 | 8 | 2 | 0 | 80 |
| KOTTIYOOR | 52 | 52 | 50 | 2 | 0 | 96 |
| NELLIYODY | 5 | 5 | 3 | 2 | 0 | 60 |
| OTTAPLAVU | 8 | 8 | 6 | 2 | 0 | 75 |
| PALCHURAM | 12 | 12 | 12 | 0 | 0 | 100 |
| SANTHIGIRI | 6 | 6 | 6 | 0 | 0 | 100 |
| VELLOONNY | 10 | 10 | 8 | 2 | 0 | 80 |
| **TOTAL** | **189** | **189** | **173** | **16** | **0** | **92%** |
| **DWARAKA** | | | | | | |
| CHULLIYANA | 7 | 7 | 4 | 3 | 0 | 57 |
| DWARAKA | 16 | 16 | 16 | 0 | 0 | 100 |
| KARAKKAMALA | 15 | 15 | 11 | 4 | 0 | 73 |
| KOMMAYAD | 16 | 15 | 14 | 1 | 1 | 93 |

| | | | | | | |
|---|---|---|---|---|---|---|
| MANGALASSERY | 4 | 4 | 4 | 0 | 0 | 100 |
| MOTHAKKARA | 4 | 4 | 4 | 0 | 0 | 100 |
| THONICHAL | 21 | 21 | 20 | 1 | 0 | 95 |
| VELLAMUNDA | 7 | 7 | 6 | 1 | 0 | 86 |
| VILAMBUKANDAM | 18 | 18 | 17 | 1 | 0 | 94 |
| **TOTAL** | **108** | **107** | **96** | **11** | **1** | **90%** |
| KALLODY | | | | | | |
| DEEPTHIGIRI | 9 | 9 | 7 | 2 | 0 | 78 |
| JUDES MOUNT | 8 | 8 | 6 | 2 | 0 | 75 |
| KALLODY | 46 | 44 | 33 | 11 | 2 | 75 |
| KARIMBIL | 5 | 5 | 4 | 1 | 0 | 80 |
| KUNJHOME | 4 | 4 | 4 | 0 | 0 | 100 |
| MAKKIYAD | 9 | 9 | 7 | 2 | 0 | 78 |
| NIRAVILPUZHA | 1 | 1 | 1 | 0 | 0 | 100 |
| PUTHIYADAMKUNNU | 8 | 8 | 7 | 1 | 0 | 88 |
| PUTHUSSERY | 4 | 4 | 4 | 0 | 0 | 100 |
| VALERY | 4 | 4 | 4 | 0 | 0 | 100 |
| VANJODE | 7 | 7 | 7 | 0 | 0 | 100 |
| **TOTAL** | **105** | **103** | **84** | **19** | **2** | **82%** |
| **KALPETTA** | | | | | | |
| CHARITY | 5 | 5 | 4 | 1 | 0 | 80 |
| EDAPPETTY | 15 | 15 | 14 | 1 | 0 | 93 |
| KALATHUVAYAL | 6 | 6 | 5 | 1 | 0 | 83 |
| KALPETTA | 20 | 19 | 15 | 4 | 1 | 79 |
| KOLAVAYAL | 7 | 7 | 7 | 0 | 0 | 100 |
| LAKKIDI | 2 | 2 | 2 | 0 | 0 | 100 |
| NEDUMPALA | 7 | 7 | 7 | 0 | 0 | 100 |
| OLIVUMALA | 6 | 6 | 6 | 0 | 0 | 100 |
| RIPPON | 17 | 16 | 16 | 0 | 1 | 100 |
| THENERY | 14 | 14 | 12 | 2 | 0 | 86 |
| THRIKKAIPPETTA | 2 | 2 | 2 | 0 | 0 | 100 |
| VAZHAVATTA | 22 | 22 | 22 | 0 | 0 | 100 |
| VYTHIRY | 2 | 2 | 2 | 0 | 0 | 100 |
| **TOTAL** | **125** | **123** | **114** | **9** | **2** | **93%** |

| | | | | | | |
|---|---|---|---|---|---|---|
| **MANANTHAVADY** | | | | | | |
| ALATTIL | 17 | 17 | 16 | 1 | 0 | 94 |
| BOYS TOWN | 1 | 1 | 1 | 0 | 0 | 100 |
| ELAPEEDIKA | 6 | 6 | 6 | 0 | 0 | 100 |
| KANIYARAM | 40 | 35 | 33 | 2 | 5 | 94 |
| KARIMANI | 3 | 2 | 2 | 0 | 1 | 100 |
| KUTTIMOOLA | 5 | 5 | 4 | 1 | 0 | 80 |
| MANANTHAVADY | 15 | 14 | 10 | 4 | 1 | 71 |
| MUTHIRERY | 10 | 10 | 10 | 0 | 0 | 100 |
| PARATHOTTAM | 6 | 6 | 6 | 0 | 0 | 100 |
| PERIYA | 6 | 6 | 6 | 0 | 0 | 100 |
| POROOR | 24 | 24 | 18 | 6 | 0 | 75 |
| PRASANTHIGIRI | 4 | 4 | 3 | 1 | 0 | 75 |
| PUTHIYIDAM | 16 | 16 | 10 | 6 | 0 | 63 |
| THALAPUZHA | 4 | 4 | 3 | 1 | 0 | 75 |
| THAVINJAL | 22 | 20 | 14 | 6 | 2 | 70 |
| VALAD | 6 | 6 | 6 | 0 | 0 | 100 |
| VALIYAKOLLY | 6 | 6 | 6 | 0 | 0 | 100 |
| YAVANARKULAM | 14 | 13 | 9 | 4 | 1 | 69 |
| **TOTAL** | **205** | **195** | **163** | **32** | **10** | **84%** |
| **MANIMOOLY** | | | | | | |
| MANIMOOLY | 40 | 39 | 29 | 10 | 1 | 74 |
| MARUTHA | 1 | 1 | 1 | 0 | 0 | 100 |
| MUNDERY | 8 | 8 | 5 | 3 | 0 | 63 |
| NARIVALAMUNDA | 22 | 22 | 21 | 1 | 0 | 95 |
| PALANKARA | 20 | 20 | 17 | 3 | 0 | 85 |
| PALEMAD | 4 | 4 | 0 | 4 | 0 | - |
| PATHIRIPADAM | 15 | 15 | 14 | 1 | 0 | 93 |
| THALANJI | 15 | 15 | 10 | 5 | 0 | 67 |
| THALIPPADAM | 5 | 5 | 4 | 1 | 0 | 80 |
| **TOTAL** | **130** | **129** | **101** | **28** | **1** | **78%** |
| **MULLENKOLLY** | | | | | | |
| ADIKOLLY | 17 | 17 | 15 | 2 | 0 | 88 |
| AMARAKKUNI | 7 | 7 | 5 | 2 | 0 | 71 |
| IRULAM | 10 | 10 | 10 | 0 | 0 | 100 |
| KABANIGIRI | 11 | 11 | 11 | 0 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| MARAKAVU | 30 | 30 | 29 | 1 | 0 | 97 |
| MARAKKADAVU | 16 | 16 | 12 | 4 | 0 | 75 |
| MULLENKOLLY | 40 | 40 | 31 | 9 | 0 | 78 |
| PADICHIRA | 19 | 18 | 17 | 1 | 1 | 94 |
| PATTANIKOOP | 10 | 10 | 9 | 1 | 0 | 90 |
| PULPALLY | 22 | 22 | 19 | 3 | 0 | 86 |
| SEETHAMOUNT | 22 | 22 | 19 | 3 | 0 | 86 |
| SISUMALA | 15 | 15 | 15 | 0 | 0 | 100 |
| **TOTAL** | **219** | **218** | **192** | **26** | **1** | **88%** |
| **NADAVAYAL** | | | | | | |
| ARINCHERMALA | 9 | 9 | 9 | 0 | 0 | 100 |
| CHERUKATTOOR | 24 | 24 | 20 | 4 | 0 | 83 |
| CHUNDAKKARA | 37 | 37 | 31 | 6 | 0 | 84 |
| KALLUVAYAL | 18 | 18 | 14 | 4 | 0 | 78 |
| KANIYAMBETTA | 8 | 8 | 5 | 3 | 0 | 63 |
| KENICHIRA | 30 | 30 | 25 | 5 | 0 | 83 |
| KURUMBALAKKOTTA | 6 | 6 | 6 | 0 | 0 | 100 |
| NADAVAYAL | 59 | 58 | 53 | 5 | 1 | 91 |
| NEIKKUPPA | 3 | 3 | 3 | 0 | 0 | 100 |
| PARALIKKUNNU | 3 | 3 | 3 | 0 | 0 | 100 |
| PANAMARAM | 4 | 4 | 4 | 0 | 0 | 100 |
| **TOTAL** | **201** | **200** | **173** | **27** | **1** | **87%** |
| **NILAMBUR** | | | | | | |
| CHOKKAD | 3 | 3 | 3 | 0 | 0 | 100 |
| EDIVANNA | 21 | 21 | 19 | 2 | 0 | 90 |
| MOOLEPADAM | 8 | 8 | 8 | 0 | 0 | 100 |
| NILAMBUR | 28 | 27 | 23 | 4 | 1 | 85 |
| POOKKOTTUMPADAM | 9 | 9 | 9 | 0 | 0 | 100 |
| POOLAPPADAM | 11 | 11 | 11 | 0 | 0 | 100 |
| RUBY NAGAR | 3 | 3 | 3 | 0 | 0 | 100 |
| THELPARA | 9 | 9 | 5 | 4 | 0 | 56 |
| TKCOLONY | 4 | 3 | 3 | 0 | 1 | 100 |
| VADAPURAM | 10 | 10 | 10 | 0 | 0 | 100 |
| VALLIKKETTU | 4 | 3 | 2 | 1 | 1 | 50 |
| **TOTAL** | **110** | **107** | **96** | **11** | **3** | **90%** |

| | | | | | | |
|---|---|---|---|---|---|---|
| **NILGIRIS** | | | | | | |
| ARULNILAYAM | 10 | 10 | 5 | 5 | 0 | 50 |
| ARUVANKADU | 2 | 2 | 2 | 0 | 0 | 100 |
| BEKKI | 2 | 2 | 2 | 0 | 0 | 100 |
| BOSPARA | 7 | 7 | 2 | 5 | 0 | 29 |
| COONOOR | 5 | 5 | 2 | 3 | 0 | 40 |
| DHARMAGIRI | 15 | 14 | 7 | 7 | 1 | 50 |
| KALPRA | 7 | 7 | 5 | 2 | 0 | 71 |
| KAYYUNNY | 26 | 25 | 25 | 0 | 1 | 100 |
| KUNNALADY | 8 | 8 | 4 | 4 | 0 | 50 |
| MANVAYAL | 6 | 6 | 2 | 4 | 0 | 33 |
| OOTTY | 6 | 4 | 3 | 1 | 2 | 75 |
| PANAMCHIRA | 4 | 4 | 3 | 1 | 0 | 75 |
| VIMALAGIRI | 5 | 4 | 1 | 3 | 1 | 20 |
| **TOTAL** | **103** | **98** | **63** | **35** | **5** | **64%** |
| **PAYYAMPALLY** | | | | | | |
| APPAPARA | 1 | 1 | 1 | 0 | 0 | 100 |
| ARATTUTHARA | 13 | 13 | 9 | 4 | 0 | 69 |
| BAVALI | 1 | 1 | 1 | 0 | 0 | 100 |
| EDAYOORKKUNNU | 3 | 3 | 0 | 3 | 0 | - |
| KAMMANA | 9 | 9 | 7 | 2 | 0 | 78 |
| KARTIKULAM | 6 | 6 | 6 | 0 | 0 | 100 |
| MARTINNAGAR | 26 | 26 | 25 | 1 | 0 | 96 |
| PADAMALA | 6 | 6 | 6 | 0 | 0 | 100 |
| PANAVALLY | 4 | 4 | 4 | 0 | 0 | 100 |
| PAYYAMPALLY | 48 | 48 | 39 | 9 | 0 | 81 |
| THRISSILERY | 10 | 10 | 10 | 0 | 0 | 100 |
| **TOTAL** | **127** | **127** | **108** | **19** | **0** | **85%** |
| **THARIYODE** | | | | | | |
| CHENNALODE | 22 | 20 | 18 | 2 | 2 | 90 |
| KAVUMMANNAM | 15 | 15 | 14 | 1 | 0 | 93 |
| KOTTATHARA | 10 | 10 | 9 | 1 | 0 | 90 |
| KURUMANI | 10 | 10 | 9 | 1 | 0 | 90 |
| KURUMBALA | 18 | 18 | 6 | 12 | 0 | 33 |
| MANGALAM | 6 | 6 | 6 | 0 | 0 | 100 |
| MANJOORA | 5 | 5 | 4 | 1 | 0 | 80 |
| PANTHIPOIL | 4 | 4 | 4 | 0 | 0 | 100 |
| PUTHUSERIKKADAVU | 8 | 8 | 8 | 0 | 0 | 100 |
| THARIYODE | 15 | 15 | 15 | 0 | 0 | 100 |
| **TOTAL** | **113** | **111** | **93** | **18** | **2** | **84%** |

| HCC I RESULT 2020 IN DIOCESAN LEVEL | | | | | | |
|---|---|---|---|---|---|---|
| BATHERY | 157 | 155 | 119 | 36 | 2 | 77% |
| CHUNGAKKUNNU | 189 | 189 | 173 | 16 | 0 | 92% |
| DWARAKA | 108 | 107 | 96 | 11 | 1 | 90% |
| KALLODY | 105 | 103 | 84 | 19 | 2 | 82% |
| KALPETTA | 125 | 123 | 114 | 9 | 2 | 93% |
| MANANTHAVADY | 205 | 195 | 163 | 32 | 10 | 84% |
| MANIMOOLY | 130 | 129 | 101 | 28 | 1 | 78% |
| MULLENKOLLY | 219 | 218 | 192 | 26 | 1 | 88% |
| NADAVAYAL | 201 | 200 | 173 | 27 | 1 | 87% |
| NILAMBUR | 110 | 107 | 96 | 11 | 3 | 90% |
| NILGIRIS | 103 | 98 | 63 | 35 | 5 | 64% |
| PAYYAMPALLY | 127 | 127 | 108 | 19 | 0 | 85% |
| THARIYODE | 113 | 111 | 93 | 18 | 2 | 84% |
| **GRAND TOTAL** | **1892** | **1864** | **1575** | **289** | **30** | **83%** |

| HCC II RESULT 2020 IN PARISH LEVEL | | | | | | |
|---|---|---|---|---|---|---|
| | **Tot Regd** | **Attended** | **Passed** | **Failed** | **Absent** | **%** |
| | **BATHERY** | | | | | |
| AMBALAVAYAL | 23 | 22 | 16 | 6 | 1 | 73 |
| BATHERY | 42 | 41 | 41 | 0 | 1 | 100 |
| CHITHRAGIRI | 13 | 13 | 13 | 0 | 0 | 100 |
| CHULLIYODE | 5 | 5 | 5 | 0 | 0 | 100 |
| KADALMAD | 6 | 6 | 6 | 0 | 0 | 100 |
| KALLUMUKKU | 3 | 3 | 3 | 0 | 0 | 100 |
| MEENANGADI | 6 | 6 | 6 | 0 | 0 | 100 |
| MOOLANKAVU | 9 | 9 | 5 | 4 | 0 | 56 |
| PAZHOOR | 7 | 7 | 7 | 0 | 0 | 100 |
| THOMATTUCHAL | 12 | 11 | 11 | 0 | 1 | 100 |
| VADAKKANAD | 4 | 4 | 4 | 0 | 0 | 100 |
| VAKERY | 3 | 3 | 3 | 0 | 0 | 100 |
| **TOTAL** | **133** | **130** | **120** | **11** | **3** | **92%** |

| CHUNGAKKUNNU | | | | | | |
|---|---|---|---|---|---|---|
| ADACKATHODE | 33 | 32 | 27 | 5 | 1 | 84 |
| AMBAYATHODE | 12 | 12 | 12 | 0 | 0 | 100 |
| CHUNGAKKUNNU | 53 | 53 | 52 | 1 | 0 | 98 |
| KELAKAM | 8 | 8 | 7 | 1 | 0 | 88 |
| KOTTIYOOR | 49 | 49 | 44 | 5 | 0 | 90 |
| NELLIYODY | 5 | 5 | 5 | 0 | 0 | 100 |
| OTTAPLAVU | 12 | 12 | 12 | 0 | 0 | 100 |
| PALCHURAM | 8 | 7 | 6 | 1 | 1 | 86 |
| SANTHIGIRI | 7 | 7 | 7 | 0 | 0 | 100 |
| VELLOONNY | 7 | 7 | 6 | 1 | 0 | 86 |
| **TOTAL** | **194** | **192** | **178** | **14** | **2** | **93%** |
| **DWARAKA** | | | | | | |
| CHULLIYANA | 9 | 9 | 9 | 0 | 0 | 100 |
| DWARAKA | 26 | 26 | 23 | 3 | 0 | 88 |
| KARAKKAMALA | 18 | 17 | 16 | 1 | 1 | 94 |
| KOMMAYAD | 19 | 19 | 19 | 0 | 0 | 100 |
| MANGALASSERY | 2 | 2 | 2 | 0 | 0 | 100 |
| MOTHAKKARA | 2 | 2 | 2 | 0 | 0 | 100 |
| THONICHAL | 14 | 14 | 12 | 2 | 0 | 86 |
| VELLAMUNDA | 14 | 14 | 14 | 0 | 0 | 100 |
| VILAMBUKANDAM | 12 | 12 | 12 | 0 | 0 | 100 |
| **TOTAL** | **116** | **115** | **109** | **6** | **1** | **95%** |
| **KALLODY** | | | | | | |
| DEEPTHIGIRI | 11 | 11 | 11 | 0 | 0 | 100 |
| JUDES MOUNT | 4 | 4 | 4 | 0 | 0 | 100 |
| KALLODY | 33 | 32 | 27 | 5 | 1 | 84 |
| KARIMBIL | 6 | 6 | 5 | 1 | 0 | 83 |
| KUNJHOME | 8 | 8 | 8 | 0 | 0 | 100 |
| MAKKIYAD | 5 | 5 | 5 | 0 | 0 | 100 |
| PUTHIYADAMKUNNU | 7 | 7 | 7 | 0 | 0 | 100 |
| PUTHUSSERY | 7 | 6 | 4 | 3 | 1 | 67 |
| VALERY | 3 | 3 | 3 | 0 | 0 | 100 |
| VANJODE | 7 | 7 | 7 | 0 | 0 | 100 |
| TOTAL | 91 | 89 | 81 | 9 | 2 | 91% |
| **KALPETTA** | | | | | | |
| CHARITY | 3 | 3 | 3 | 0 | 0 | 100 |
| EDAPPETTY | 6 | 6 | 5 | 1 | 0 | 83 |
| KALATHUVAYAL | 10 | 10 | 10 | 0 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| KALPETTA | 11 | 11 | 10 | 1 | 0 | 91 |
| KOLAVAYAL | 4 | 4 | 4 | 0 | 0 | 100 |
| NEDUMPALA | 12 | 12 | 11 | 1 | 0 | 92 |
| OLIVUMALA | 3 | 2 | 1 | 1 | 1 | 50 |
| PUZHAMUDY | 4 | 4 | 4 | 0 | 0 | 100 |
| RIPPON | 7 | 7 | 7 | 0 | 0 | 100 |
| THENERY | 11 | 11 | 10 | 1 | 0 | 91 |
| THRIKKAIPPETTA | 4 | 4 | 4 | 0 | 0 | 100 |
| VAZHAVATTA | 13 | 13 | 10 | 3 | 0 | 77 |
| VYTHIRY | 1 | 1 | 1 | 0 | 0 | 100 |
| **TOTAL** | **89** | **88** | **80** | **8** | **1** | **91%** |
| **MANANTHAVADY** | | | | | | |
| ALATTIL | 17 | 16 | 13 | 3 | 1 | 81 |
| BOYS TOWN | 1 | 1 | 1 | 0 | 0 | 100 |
| ELAPEEDIKA | 6 | 6 | 4 | 2 | 0 | 67 |
| KANIYARAM | 32 | 32 | 30 | 2 | 0 | 94 |
| KUTTIMOOLA | 3 | 3 | 3 | 0 | 0 | 100 |
| MANANTHAVADY | 16 | 16 | 11 | 5 | 0 | 69 |
| MUTHIRERY | 9 | 8 | 8 | 0 | 1 | 100 |
| PARATHOTTAM | 6 | 6 | 3 | 3 | 0 | 50 |
| PERIYA | 4 | 4 | 3 | 1 | 0 | 75 |
| POROOR | 12 | 12 | 8 | 4 | 0 | 67 |
| PRASANTHIGIRI | 4 | 4 | 4 | 0 | 0 | 100 |
| PUTHIYIDAM | 4 | 4 | 3 | 1 | 0 | 75 |
| THALAPUZHA | 3 | 3 | 2 | 1 | 0 | 67 |
| THAVINJAL | 18 | 15 | 15 | 0 | 3 | 100 |
| VALAD | 4 | 4 | 4 | 0 | 0 | 100 |
| VALIYAKOLLY | 2 | 2 | 2 | 0 | 0 | 100 |
| YAVANARKULAM | 13 | 13 | 12 | 1 | 0 | 92 |
| **TOTAL** | **154** | **149** | **126** | **23** | **5** | **85%** |
| **MANIMOOLY** | | | | | | |
| MANIMOOLY | 27 | 26 | 22 | 4 | 1 | 85 |
| MUNDERY | 6 | 6 | 6 | 0 | 0 | 100 |
| NARIVALAMUNDA | 12 | 12 | 11 | 1 | 0 | 92 |
| PALANKARA | 16 | 16 | 13 | 3 | 0 | 81 |
| PALEMAD | 16 | 16 | 16 | 0 | 0 | 100 |
| PATHIRIPADAM | 12 | 12 | 11 | 1 | 0 | 92 |
| THALANJI | 16 | 16 | 14 | 2 | 0 | 88 |
| THALIPPADAM | 3 | 3 | 3 | 0 | 0 | 100 |
| **TOTAL** | **108** | **107** | **96** | **32** | **1** | **90%** |

| | | | | | | |
|---|---|---|---|---|---|---|
| **MULLENKOLLY** | | | | | | |
| ADIKOLLY | 21 | 20 | 19 | 1 | 1 | 95 |
| AMARAKKUNI | 10 | 10 | 10 | 0 | 0 | 100 |
| IRULAM | 8 | 8 | 7 | 1 | 0 | 88 |
| KABANIGIRI | 12 | 12 | 12 | 0 | 0 | 100 |
| MARAKAVU | 33 | 33 | 31 | 2 | 0 | 94 |
| MARAKKADAVU | 9 | 9 | 9 | 0 | 0 | 100 |
| MULLENKOLLY | 50 | 50 | 46 | 4 | 0 | 92 |
| PADICHIRA | 18 | 16 | 16 | 0 | 2 | 100 |
| PATTANIKOOP | 14 | 14 | 10 | 4 | 0 | 71 |
| PULPALLY | 16 | 16 | 15 | 1 | 0 | 94 |
| SEETHAMOUNT | 19 | 19 | 16 | 3 | 0 | 84 |
| SISUMALA | 22 | 22 | 22 | 0 | 0 | 100 |
| **TOTAL** | **232** | **229** | **213** | **16** | **3** | **93%** |
| **NADAVAYAL** | | | | | | |
| ARINCHERMALA | 16 | 16 | 16 | 0 | 0 | 100 |
| CHERUKATTOOR | 28 | 28 | 28 | 0 | 0 | 100 |
| CHUNDAKKARA | 30 | 30 | 27 | 3 | 0 | 90 |
| KALLUVAYAL | 10 | 10 | 10 | 0 | 0 | 100 |
| KANIYAMBETTA | 1 | 1 | 1 | 0 | 0 | 100 |
| KENICHIRA | 17 | 17 | 16 | 1 | 0 | 94 |
| KURUMBALAKKOTTA | 7 | 7 | 7 | 0 | 0 | 100 |
| NADAVAYAL | 53 | 52 | 51 | 1 | 1 | 98 |
| NEIKKUPPA | 7 | 7 | 5 | 2 | 0 | 71 |
| PANAMARAM | 8 | 8 | 4 | 4 | 0 | 50 |
| PARALIKKUNNU | 5 | 5 | 4 | 1 | 0 | 80 |
| VALAVAYAL | 9 | 9 | 9 | 0 | 0 | 100 |
| **TOTAL** | **191** | **190** | **178** | **12** | **1** | **94%** |
| **NILAMBUR** | | | | | | |
| CHOKKAD | 8 | 7 | 6 | 1 | 1 | 86 |
| EDIVANNA | 15 | 15 | 11 | 4 | 0 | 73 |
| MOOLEPADAM | 4 | 4 | 3 | 1 | 0 | 75 |
| MUTTIYEL | 1 | 1 | 1 | 0 | 0 | 100 |
| NILAMBUR | 21 | 21 | 21 | 0 | 0 | 100 |
| POOKKOTTUMPADAM | 10 | 10 | 10 | 0 | 0 | 100 |
| POOLAPPADAM | 10 | 10 | 10 | 0 | 0 | 100 |
| RUBY NAGAR | 5 | 5 | 5 | 0 | 0 | 100 |
| THELPARA | 8 | 8 | 7 | 1 | 0 | 88 |
| VADAPURAM | 10 | 10 | 6 | 4 | 0 | 60 |
| VALLIKKETTU | 2 | 2 | 2 | 0 | 0 | 100 |
| **TOTAL** | **94** | **93** | **82** | **11** | **1** | **88%** |

| | | | | | | |
|---|---|---|---|---|---|---|
| **NILGIRIS** | | | | | | |
| ARULNILAYAM | 8 | 8 | 5 | 3 | 0 | 63 |
| BEKKI | 2 | 2 | 2 | 0 | 0 | 100 |
| BOSPARA | 8 | 8 | 2 | 6 | 0 | 25 |
| COONOOR | 5 | 5 | 5 | 0 | 0 | 100 |
| DHARMAGIRI | 10 | 10 | 7 | 3 | 0 | 70 |
| KALPRA | 12 | 12 | 11 | 1 | 0 | 92 |
| KAYYUNNY | 13 | 13 | 13 | 0 | 0 | 100 |
| KUNNALADY | 3 | 3 | 3 | 0 | 0 | 100 |
| MANVAYAL | 5 | 5 | 4 | 1 | 0 | 80 |
| OOTTY | 6 | 6 | 6 | 0 | 0 | 100 |
| PANAMCHIRA | 5 | 5 | 5 | 0 | 0 | 100 |
| VIMALAGIRI | 5 | 4 | 3 | 1 | 1 | 75 |
| **TOTAL** | **82** | **81** | **66** | **15** | **1** | **81%** |
| **PAYYAMPALLY** | | | | | | |
| ARATTUTHARA | 2 | 2 | 2 | 0 | 0 | 100 |
| EDAYOORKKUNNU | 2 | 2 | 2 | 0 | 0 | 100 |
| KAMMANA | 12 | 12 | 9 | 3 | 0 | 75 |
| KARTIKULAM | 5 | 5 | 4 | 1 | 0 | 80 |
| MARTINNAGAR | 22 | 21 | 18 | 3 | 1 | 86 |
| PADAMALA | 9 | 9 | 9 | 0 | 0 | 100 |
| PAYYAMPALLY | 37 | 37 | 33 | 4 | 0 | 89 |
| THRISSILERY | 4 | 4 | 4 | 0 | 0 | 100 |
| **TOTAL** | **93** | **92** | **81** | **11** | **1** | **88%** |
| **THARIYODE** | | | | | | |
| CHENNALODE | 11 | 11 | 10 | 1 | 0 | 91 |
| KAVUMMANNAM | 10 | 10 | 8 | 2 | 0 | 80 |
| KOTTATHARA | 9 | 9 | 9 | 0 | 0 | 100 |
| KURUMANI | 4 | 4 | 3 | 1 | 0 | 75 |
| KURUMBALA | 17 | 17 | 14 | 3 | 0 | 82 |
| MANGALAM | 11 | 11 | 8 | 3 | 0 | 73 |
| MANJOORA | 13 | 13 | 12 | 1 | 0 | 92 |
| PANTHIPOIL | 2 | 2 | 1 | 1 | 0 | 50 |
| PUTHUSERIKKADAVU | 8 | 8 | 7 | 1 | 0 | 88 |
| THARIYODE | 20 | 20 | 20 | 0 | 0 | 100 |
| **TOTAL** | **105** | **105** | **92** | **13** | **0** | **88%** |

| HCC II RESULT 2020 IN DIOCESAN LEVEL | | | | | | |
|---|---|---|---|---|---|---|
| BATHERY | 133 | 130 | 121 | 9 | 3 | 93% |
| CHUNGAKKUNNU | 194 | 192 | 181 | 11 | 2 | 94% |
| DWARAKA | 116 | 115 | 109 | 6 | 1 | 95% |
| KALLODY | 91 | 89 | 81 | 8 | 2 | 91% |
| KALPETTA | 89 | 88 | 80 | 8 | 1 | 91% |
| MANANTHAVADY | 154 | 149 | 126 | 23 | 5 | 85% |
| MANIMOOLY | 108 | 107 | 96 | 11 | 1 | 90% |
| MULLENKOLLY | 232 | 229 | 213 | 16 | 3 | 93% |
| NADAVAYAL | 191 | 190 | 178 | 12 | 1 | 94% |
| NILAMBUR | 94 | 93 | 82 | 11 | 1 | 88% |
| NILGIRIS | 82 | 81 | 66 | 15 | 1 | 81% |
| PAYYAMPALLY | 93 | 92 | 83 | 9 | 1 | 90% |
| THARIYODE | 105 | 105 | 92 | 13 | 0 | 88% |
| **GRAND TOTAL** | **1682** | **1660** | **1508** | **152** | **22** | **90%** |

ഉത്ഥാനതിരുനാളിന്റെ മംഗളങ്ങൾ മുൻകൂട്ടി നേർന്നുകൊണ്ട്,

**ഫാ. തോമസ് കാട്ടുതുരുത്തിയിൽ**
ഡയറക്ടർ, മതബോധനകേന്ദ്രം

# ചെറുപുഷ്പ മിഷൻലീഗ്

പ്രിയമുള്ളവരെ,

WHO (World Health Organization) എല്ലാവർഷവും ഏപ്രിൽ 7-ാം തീയതി ലോകആരോഗ്യ ദിനമായി ആചരിക്കാറുണ്ട്. 2017-ൽ WHO ചർച്ചയ്ക്കെടുത്ത വിഷയം 'വിഷാദം' (Depression) എന്നതായിരുന്നു. ഏകദേശം മുപ്പത് കോടിയിലധികം ജനങ്ങൾ ഇന്ന് വിഷാദ രോഗത്തിന് അടിമകളാണെന്നാണ് കണക്കുകൾ പറയുത്. 'Let's talk' എന്നതായിരുന്നു വിഷാദത്തെ മറികടക്കാനായി WHO നടത്തിയ ക്യാമ്പയിന്റെ പരസ്യവാചകം. സ്വന്തം ഭയങ്ങളും ആകുലതകളും സങ്കടങ്ങളും പൂർണ്ണവിശ്വാസത്തോടെ ഏറ്റുപറയാൻ ഒരിടമുണ്ടാകുക എന്നതാണ് ഈ ഒരു രോഗത്തെ മറികടക്കാനുള്ള ഏറ്റവും നല്ല മാർഗ്ഗം. ജീവിതമെന്നു പറയുന്നത് പണ്ട് പപ്പുചേട്ടൻ താമരശ്ശേരി ചുരത്തിൽ റോഡ്റോളർ ഓടിച്ച പോലെയാണ്. 'കടുകുമണി വ്യത്യാസത്തിൽ സ്റ്റീയറിങ്ങ് ഒന്നങ്ങോട്ടോ, ഒന്നിങ്ങോട്ടോ മാറിയാൽ മതി, നമ്മുടെ എഞ്ചിൻ തവിടുപൊടി'.

അവധിക്കാലം പ്രചോദനങ്ങളുടെ കാലമാകണം. പ്രചോദിതരാവുകയും ആ പ്രചോദനത്തിൽ നിലനിൽക്കുകയും ചെയ്യുമ്പോൾ നമ്മിൽ വലിയ ആത്മധൈര്യം വന്നു നിറയും. അസാധ്യവും അപ്രാപ്യവുമെന്ന് തോന്നുന്ന ലക്ഷ്യങ്ങളിലേയ്ക്ക് പോലും സാഹസിക ബുദ്ധിയോടെ മുന്നേറുവാൻ അപ്പോൾ നമുക്ക് സാധിക്കും. പ്രചോദിരാകുവാനുള്ള സെമിനാറുകളും, ധ്യാനങ്ങളുമൊക്കെ അവധിക്കാലത്തിന്റെ മുതൽ കൂട്ടാകട്ടെ. നമുക്ക് ഒന്നുചേരാം Let's talk ജീവിതദിശകളെ തിരിച്ചറിയാം. ശരിയായ ദിശയിലൂടെയുള്ള ചെറിയ കാൽവെയ്പുകൾ വലിയലക്ഷ്യത്തിലേയ്ക്കുള്ള പ്രചോദനമാണ്.

ഈ ലോകത്തിലെ നമ്മുടെ ചെറുജീവിതത്തിൽ മറ്റുള്ളവർക്ക് പ്രചോദനമേകുവാനും, മറ്റുള്ളവരുടെ നല്ല പ്രചോദനങ്ങൾ സ്വീകരിക്കുവാനും നമുക്ക് സാധിക്കട്ടെ. ആരോഗ്യമുള്ള സമൂഹ നിർമ്മിതിയിൽ നമുക്കും പങ്കുകാരാവാം

പ്രാർത്ഥനയോടെ, സ്നേഹത്തോടെ

**ഷിജു അച്ചൻ**

**പ്രാർത്ഥനാ മലരുകൾ** – 72 വിശ്വാസപ്രമാണം

**മിഷൻപ്രെയർ ബാങ്ക്** – രാജ്കോട്ട് രൂപത (മാനന്തവാടി മേഖലയിലെ ശാഖകൾ)

**'വഴിവിളക്ക്'– ജോയിന്റ് ഡയറക്ടേഴ്സ് സംഗമം:–** ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് ശാഖാ ജോയിന്റ് ഡയറക്ടേഴ്സ് സംഗമം നടത്തപ്പെട്ടു. രൂപത പ്രസിഡണ്ട് ശ്രീ. രഞ്ജിത്ത് മുതുപ്ലാക്കൽ അദ്ധ്യക്ഷത വഹിച്ച സംഗമത്തിൽ രൂപത ഡയറക്ടർ ഫാ. ഷിജു ഐക്കരക്കാനായിൽ സ്വാഗതം ആശംസിച്ചു. റേഡിയോ മാറ്റൊലി പ്രോഗ്രാം അസി. ഡയറക്ടർ ഫാ. ജസ്റ്റിൻ മുത്താനിക്കാട്ട് സംഗമം ഉദ്ഘാടനം ചെയ്തു. രൂപതാ ടീം അംഗം അഡ്വ. ജിജിൽ കിഴക്കരക്കാട്ട് ക്ലാസ്സുകൾ നയിച്ചു. രൂപത ജോയിന്റ് ഡയറക്ടർ സി. ടെസ്സി SH, ജനറൽ ഓർഗനൈസർ ശ്രീ. തങ്കച്ചൻ മാപ്പിളക്കുന്നേൽ, എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.

**വചനതാരം ക്വിസ്സ് പ്രോഗ്രാം:–** ഏപ്രിൽ 14 ന് നടത്തുവാൻ തീരുമാനിച്ചിരുന്ന രൂപതാതല വചനതാരം ക്വിസ്സ് പ്രോഗ്രാം ഏപ്രിൽ 25 ശനിയാഴ്ചയിലേയ്ക്ക് മാറ്റിയിരിക്കുന്നു. മേഖലാതലത്തിൽ വചനതാരമത്സരം നടത്താത്ത ഓരോ ശാഖയിൽ നിന്നും 2 പേർ വീതവും മേഖലാതലത്തിൽ നടത്തിയ മത്സരത്തിൽ പങ്കെടുത്ത മുഴുവൻ അംഗങ്ങളും രൂപതാതല മത്സരത്തിൽ പങ്കെടുക്കുന്നു. പങ്കെടുക്കുന്നവരുടെ പേര്, വീട്ടുപേര്, ഫോൺ നമ്പർ എന്നിവ മാർച്ച് 30 ന് മുമ്പ് രൂപതാ ഓഫീസിൽ അറിയിക്കണം.

**കൂട്ടുകൂടാം:–** സ്മാർട്ട് 2020, കൂട്ട്കൂട്ടായ്മ, ജൂണിയർ ടീം അംഗങ്ങൾ, ഓരോ ശാഖയിൽ നിന്നും സീനിയർ വിഭാഗത്തിൽ 2 പേർ – എന്നിവരുടെ സംഗമം ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് ഏപ്രിൽ 14 ന് രാവിലെ 10 മണിക്ക് ആരംഭിച്ച് ഉച്ച കഴിഞ്ഞ് 3.30 ന് അവസാനിക്കുന്നു.

**Via 2020:–** മെയ് 1, 2, 3 തീയതികളിൽ രൂപതാ ക്യാമ്പ് നടത്തുന്നു. ഒരു ശാഖയിൽ നിന്നും 1 ആൺകുട്ടി 1 പെൺകുട്ടി എന്നീ ക്രമത്തിൽ കുട്ടികളെ പങ്കെടുപ്പിക്കുവാൻ ശ്രദ്ധിക്കണേ. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**'ഫെമിലിയ 2020 മെഗാക്വിസ്സ്':–** മെയ് 16 ന് രൂപതാ അടിസ്ഥാനത്തിൽ'ഫെമിലിയ 2020 മെഗാക്വിസ്സ്' പ്രോഗ്രാമിലേയ്ക്ക് ഒരു ഇടവകയിൽ നിന്നും പരമാവധി 5 ടീമിന് പങ്കെടുക്കാം. മാതാപിതാക്കളും മക്കളും ഒരുമിച്ച് പങ്കെടുക്കുന്നു. ടീമിൽ മാതാപിതാക്കളിൽ ഒരാളെങ്കിലും നിർബന്ധമാണ്. ഒരുടീമിന് 250 രൂപയാണ് രജിസ്ട്രേഷൻ ഫീസ്.

**'വെട്ടം':** നമ്മുടെ മേഖലകൾക്ക് നേതൃത്വം നൽകുന്ന മേഖല ജോയിന്റ് ഡയറക്ടേഴ്സ് സംഗമം ഏപ്രിൽ 18 ന് ശനിയാഴ്ച രാവിലെ 10 മണിക്ക് ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് ചേരുന്നതാണ്. എല്ലാവരും കൃത്യസമയത്ത് തന്നെ എത്തി ചേരുമല്ലോ.

**മേഖലമാനേജിംഗ് കമ്മറ്റി ഇലക്ഷൻ:-** ഏപ്രിൽ-മെയ് മാസങ്ങളിൽ മേഖല മാനേജിംഗ് കമ്മറ്റികൾ കൂടുവാൻ ശ്രദ്ധിക്കുമല്ലോ? മേഖല ഭാരവാഹികളുടെ കാലാവധി രണ്ട് വർഷത്തേക്കാണ്. ഈ വർഷം മേഖല ഭാരവാഹികളുടെ തിരഞ്ഞെടുപ്പിന്റെ കാലഘട്ടമാണ്. ഏപ്രിൽ-മെയ് മാസങ്ങളിൽ തന്നെ ഭാരവാഹികളെ തിരഞ്ഞെടുക്കേണ്ടതാണ്.

**ജോ. ഡയറക്ടേഴ്സിന്റെ പ്രത്യേക ശ്രദ്ധയ്ക്ക് ഏതാനും കാര്യങ്ങൾ:-**

1. ഏപ്രിൽ 15 ന് മുമ്പ് ശാഖാ വാർഷിക റിപ്പോർട്ട്, ശാഖ സന്ദർശന റിപ്പോർട്ട് - (2019 മെയ് 1 മുതൽ 2020 ജൂൺ വരെ) എന്നിവ പൂരിപ്പിച്ച് ഓരോന്നിന്റേയും 2 കോപ്പിവീതം എടുത്ത് ഒരു കോപ്പി ശാഖയിൽ സൂക്ഷിക്കുകയും ഒർജിനൽ കോപ്പിയും, മറ്റ് കോപ്പികളും മേഖല ആനിമേറ്റർ സിസ്റ്ററിനെ ഏൽപ്പിക്കുകയും ചെയ്യണെ.
2. മിഷൻലീഗിന്റേയും, തിരുബാലസഖ്യത്തിന്റേയും അംഗത്വ ലിസ്റ്റിന്റെ പൂരിപ്പിക്കാത്ത 1 ഫോം ഫോട്ടോകോപ്പി എടുത്ത് ശാഖയുടെ ഫയലിൽ സൂക്ഷിക്കണെ.
3. മിഷൻലീഗിന്റേയും, തിരുബാലസഖ്യത്തിന്റേയും അംഗത്വ ലിസ്റ്റുകൾ പൂരിപ്പിച്ച് (2020-2021 വർഷത്തേയ്ക്കുള്ളത്) 3 കോപ്പികൾ വീതം ഏപ്രിൽ 15 ന് മുമ്പ് മേഖല ആനിമേറ്റർ സിസ്റ്ററിനെ ഏൽപ്പിക്കണെ. ഏപ്രിൽ 18 ന് മേഖല ആനിമേറ്റേഴ്സ് മീറ്റിംഗിന് വരുമ്പോൾ അവർക്ക് രൂപതാ ഓഫീസിൽ എത്തിക്കുവാനുള്ളതാണ്.

**അംഗത്വലിസ്റ്റ് എഴുതുമ്പോൾ**

1. കഴിഞ്ഞ വർഷത്തെ ലിസ്റ്റിൽ ചുവന്ന മഷിയിൽ റിമാർക്ക് കോളത്തിൽ എഴുതിയിരിക്കുന്ന നമ്പറുകൾ അംഗത്വ നമ്പറിന്റെ കോളത്തിൽ എഴുതണം. ചുവന്ന മഷിയിൽ നമ്പറില്ലാത്തതിന് പഴയ നമ്പർ തന്നെ എഴുതിയാൽ മതി. ലിസ്റ്റ് തരുമ്പോൾ അംഗത്വലിസ്റ്റിലെ റിമാർക്ക് കോളം Free ആയിരിക്കണം.

2. ഈ വർഷം നിലവിലുള്ള എല്ലാവരുടേയും പേരുകൾ അംഗത്വ ലിസ്റ്റിൽ ചേർക്കണം. അതോടൊപ്പം ഏപ്രിൽ 15 ന് മുമ്പ് ആദ്യകുർബാന സ്വീകരിച്ചവരുടെയും പേരുകൾ ചേർക്കണം. അതിനുശേഷം ചേർക്കാ

നുള്ളവരുടെ പേരുവിവരങ്ങൾ 2020 പ്രവർത്തനവർഷ ഉദ്ഘാടനം-രൂപതാ കൗൺസിലിനു വരുമ്പോൾ കൊണ്ടുവന്നാൽ മതി.

സംശയ നിവാരണത്തിന് ഓഫീസുമായി ബന്ധപ്പെടുക. നമ്പർ - 9188241017 /04935241017

**ശാഖാവാർത്തകൾ:**

*ചുങ്കക്കുന്ന്*:- കൊയ്നോനിയ 2020 വാർഷികാഘോഷം നടത്തി. പ്രൊലൈഫ് ഡെ ആചരണം നടത്തി.

*മംഗളം*:- ശാഖാ ഡയറക്ടർ ഫാ. ജോസ് തയ്യിലിന്റെ നേതൃത്വത്തിൽ സി.എം.എൽ അംഗങ്ങളും മതാദ്ധ്യാപകരും ചേർന്ന് കണ്ണൂരിലേയ്ക്ക് വിനോദയാത്ര പോയി.

*പറളിക്കുന്ന്*:- ശാഖാഡയറക്ടർ ഫാ. ജോസ് കപ്യാരുമലയിൽ, ജയിൽ കൗൺസിലിംഗിന് നേതൃത്വം കൊടുക്കുന്ന സി. പ്രീത എഫ്.സി.സി എന്നിവരുടെ നേതൃത്വത്തിൽ ശാഖാ അംഗങ്ങൾ ജയിൽ സന്ദർശനം നടത്തി, വിവിധ പ്രോഗ്രാമുകൾ അവതരിപ്പിച്ചു.

*വാകേരി*:- ക്രിസ്റ്റീൻ ധ്യാനം നടത്തി. രോഗിസഹായം നൽകി.

*പോരൂർ*:-ദൈവവിളിക്കായും, പരീക്ഷ എഴുതുന്ന കുട്ടികൾക്കായും ആരാധന നടത്തി. SH സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ തിരുബാല സഖ്യാംഗങ്ങൾക്ക് 1 മണിക്കൂർആരാധന നടത്തി.

*ചുണ്ടക്കര*:- +1, +2 കുട്ടികൾക്കായി ക്യാമ്പ് നടത്തി, തിരുബാലസഖ്യ ദിനം സമുചിതമായി ആഘോഷിച്ചു. അന്നേ ദിനം കാഴ്ചവെയ്പ് നടത്തി. ശാഖാഅംഗങ്ങൾ ശാലോമിൽ പ്രോഗ്രാം അവതരിപ്പിച്ചു.

*കണിയാരം*:-സീനിയർ കുട്ടികൾ സെമിനാരി സന്ദർശനം നടത്തി, മതാദ്ധ്യാപകരും ശാഖാംഗംങ്ങളും ചേർന്ന് വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് സമരിറ്റൻ ഭവൻ, Tezza School, St. Ann's old age home-എന്നിവ സന്ദർശിച്ച്, സംഭാവന നൽകി.

*കുഞ്ഞോം*:-സ്റ്റാർചലഞ്ച് ചെയ്ത കുട്ടികളെ പനമരം നവജ്യോതി അഗതി മന്ദിരം, പള്ളിക്കുന്ന് എന്നീ സ്ഥലങ്ങൾ സന്ദർശിക്കാൻ കൊണ്ടുപോയി. ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി 10000 രൂപ കണ്ടെത്തി സഹായിച്ചു.

*ഇടിവണ്ണ*:- എല്ലാ ഞായറാഴ്ചകളിലും പ്രസംഗപരിശീലനം നടത്തുന്നു. തിരുബാലസഖ്യ ദിനത്തിൽ കുട്ടികൾ കാഴ്ചവയ്പ് നടത്തുകയും, കുട്ടികൾക്കായി ബൈബിൾവായന, കളറിംഗ്, മിഠായി പെറുക്കൽ തുടങ്ങിയ

മത്സരങ്ങൾ നടത്തുകയും ചെയ്തു.

*പുതുശ്ശേരി*:-തിരുബാല്യസഖ്യ ദിനം ആഘോഷിച്ചു. കുട്ടികളുടെ റാലി നടത്തുകയും പ്രോഗ്രാം അവതരിപ്പിക്കുകയും ചെയ്തു. സഭാവസ്ത്ര സ്വീകരണവും പ്രഥമ വ്രതവാഗ്ദാനവും നടത്തിയ സി. അമല കെട്ടു പുരയ്ക്കലിന് സ്വീകരണം നൽകി.

*കല്ലുവയൽ*:-തിരുബാലസഖ്യ ദിനം ആഘോഷിച്ചു. ഭ്രൂണഹത്യക്കെതിരെ ജപമാലചൊല്ലി പ്രാർത്ഥിച്ചു.

*വിളമ്പുകണ്ടം*:- തിരുബാലസഖ്യദിനം ആഘോഷിച്ചു. കാഴ്ചവയ്പ് നടത്തുകയും കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു. ക്രിസ്തുമസ്സിനോട് അനുബന്ധിച്ച് നടത്തിയ ക്രിസ്തുമസ്സ് സ്റ്റാർ ചലഞ്ചിൽ രൂപതയിൽ സാന്ദ്ര കദളിക്കാട്ടിന് മൂന്നാം സ്ഥാനം ലഭിച്ചു.

*അപ്പപ്പാറ*:- ശാഖാസെമിനാർ, ദിവ്യകാരുണ്യആരാധന എന്നിവ നടത്തി. 'വയലേലകളിൽ' - Divine Providence Seminary- സന്ദർശിച്ചു. കാട്ടിക്കുളം അഗതിമന്ദിരം സന്ദർശിച്ചു.

മനസ്സിലും ഹൃദയത്തിലും കാരുണ്യത്തിന്റെ ചിന്തകൾ നിറച്ചു കൊണ്ട് നമുക്ക് ചെമ്മഞ്ഞക്കൊടിയുടെ കീഴിൽ അണിനിരക്കാം...

**ടോം ജോസ് പൂവക്കുന്നേൽ**
സി.എം.എൽ. രൂപതാ സെക്രട്ടറി

**കരിയർ കാർ**

തൊഴിൽ പരമായ മാർഗ്ഗനിർദ്ദേശങ്ങളിലൂടെ ഉന്നത വിദ്യാഭ്യാസ സാധ്യതകളെ പരിചയപ്പെടുത്തി ഒരു വ്യക്തിയുടെ പ്രത്യേക അഭിരുചിയും നൈപുണ്യവും കണ്ടെത്തി ദൈവഹിത പ്രകാരമുള്ള തൊഴിൽ കണ്ടെത്താൻ പഠിതാക്കളെ പ്രചോദിപ്പിക്കുന്ന പരിപാടിയായ കരിയർകാർ ഏപ്രിൽ മാസം യൂത്ത് മിനിസ്ട്രി ഓഫീസ് ഹാളിൽവെച്ച് നടത്താൻ തീരുമാനിച്ചിരിക്കുന്നു. അന്തർദ്ദേശീയ തലത്തിൽ വിദ്യാർത്ഥികൾക്ക് ട്രെയിനിംഗ് നല്കിവരുന്ന ഐസക്ക് തോമസ്സ് സാറിന്റെ നേതൃത്വത്തിലാണ് ക്ലാസ്സുകൾ നടക്കുന്നത്. താല്പര്യമുള്ളവർ യൂത്ത് മിനിസ്ട്രി ഓഫീസുമായി ബന്ധപ്പെടുക.

**ജീസസ് പ്രൊഫഷണൽസ് (ജെ.പി)**

തൊഴിലില്ലായ്മ രൂക്ഷമായികൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ കൃത്യമായ കരിയർ ഗൈഡൻസ് നല്കികൊണ്ട് ദൈവം ഓരോ മനുഷ്യനും ദാനമായി നൽകിയിരിക്കുന്ന കഴിവുകളെ കണ്ടെത്തി അതിനനുഗുണമായ ഒരു തൊഴിൽ മേഖല തിരഞ്ഞെടുത്ത് ക്രൈസ്തവ ചൈതന്യത്തിൽ പരിശീലനം സ്വീകരിച്ച് ക്രിസ്തുവിന്റെ ഹിതമനുസരിച്ചുള്ള ഒരു തൊഴിൽ നേടുന്നതിനും ഒരു വ്യക്തിയെ പ്രാപ്തമാക്കുന്ന പരിശീലന പരിപാടിയാണ് ജീസസ് പ്രൊഫഷണൽസ് കമ്മ്യൂണിറ്റി. സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ചാണ് ജീസസ് പ്രൊഫഷണൽസ് എന്നുപറയുന്ന ഈ നൂതന സംരംഭം ആരംഭിച്ചിരിക്കുന്നത്. ജീസസ് പ്രൊഫഷണൽ കമ്മ്യൂണിറ്റിയിൽ ഒരാൾക്ക് അംഗത്വം ലഭിക്കുന്നത് പത്താം ക്ലാസ്സു മുതൽ ആണ്. പത്താം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്ക് അവരുടെ Result വരുന്നതിനുമുൻപേ +1 ൽ ഏത് കോഴ്സ് എടുക്കണമെന്നുള്ള കൃത്യമായ മാർഗ്ഗ നിർദ്ദേശം കൊടുക്കുകയും, വ്യക്തമായ തെരഞ്ഞെടുപ്പോടുകൂടി പരീക്ഷ അഭിമുഖീകരിക്കുകയും ചെയ്യുന്നു. +1, +2 കാലഘട്ടത്തിൽ Degree ക്ക് ഏത് കോഴ്സ് എടുക്കണമെന്നുള്ള വ്യക്തമായ തീരുമാനമെടുക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നു.ജോലി ലഭിച്ചതിനുശേഷം സ്നേഹത്തിലും സത്യസന്ധതയിലും ആത്മാർത്ഥതയിലും അടിയുറച്ച ഒരു ഉദ്യോഗ ജീവിത ശൈലി സ്വായത്തമാക്കുകയും സമൂഹത്തിനു

വേണ്ടി സേവനം ചെയ്യുവാൻ ഇവരെ പ്രാപ്തരാക്കുകയും ചെയ്യുന്ന പരിപാടിയാണ് ജീസസ് പ്രൊഫഷണൽ കമ്മ്യൂണിറ്റി. നിലവിൽ സ്കൂളുകളിലും കോളേജുകളിലുമാണ് ഇത് ആരംഭിച്ചിരിക്കുന്ന തെങ്കിലും താൽപര്യമുള്ള ഇടവകകളിൽ ഇടവകയെ ഒരോ ജീസസ് പ്രൊഫഷണൽ കമ്മ്യൂണിറ്റിയായിട്ട് കണക്കാക്കുകയും അതിന്റെ ഓരോ സംവിധാനവും ഓരോ ഇടവകകളിൽ താല്പര്യമുള്ള വൈദീകരുടെ നേതൃത്വത്തിൽ ആരംഭിക്കാൻ താല്പര്യപ്പെടുകയും ചെയ്യുന്നു. കുട്ടികൾക്ക് തൊഴിൽ മേഖലയിൽ കൃത്യമായ കരിയർ ഗൈഡൻസ് നല്കുക, ക്രൈസ്തവ ആദ്ധ്യാത്മീകതയിൽ കുട്ടികളെ വളർത്തിയെടുക്കാൻ പ്രാപ്തരാക്കുക എന്നതുമാണ് ജീസസ് പ്രൊഫഷണൽസ്കൊണ്ട് ഉദ്ദേശിക്കുന്നത്. താല്പര്യമുള്ളവർ യൂത്ത് മിനിസ്ട്രി ഓഫീസുമായി ബന്ധപ്പെടുക.

**ലൈഫ് ട്രെയിനിംഗ് പ്രവേശന പരീക്ഷ**

മാനന്തവാടി രൂപത ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ നേതൃത്വത്തിൽ മാർച്ച് 15-ാം തീയതി നടത്താനിരുന്ന ലൈഫ് Entrance test ഏപ്രിൽ 5 ഓശാന ഞായറാഴ്ച്ച 2.30 മുതൽ 4 മണി വരെയുള്ള സമയത്ത് നടത്തപ്പെടുന്നതായിരിക്കും. നേരത്തെ പറഞ്ഞ സെന്ററുകളിൽ തന്നെയായിരിക്കും പരീക്ഷ നടക്കുക. ഇതൊരു അറിയിപ്പായി സ്വീകരിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

**സി. ലിൻസി എസ്.സി.വി.**
സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

# കെ. സി. വൈ. എം.

**പ്രതിഷേധ ധർണ്ണ**

കേന്ദ്ര ഗവൺമെന്റ് നടപ്പാക്കാൻ പോകുന്ന ഭ്രൂണഹത്യ നിയമ ഭേദഗതി തീരുമാനം പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് രൂപത പ്രോ-ലൈഫ് പ്രവർത്തകരുടെ നേതൃത്വത്തിൽ ഫെബ്രുവരി 18 ചൊവ്വാഴ്ച രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ കൽപ്പറ്റ സിവിൽ സ്റ്റേഷൻ പരിസരത്ത് നടത്തിയ പ്രാർത്ഥനാ സമ്മേളനത്തിൽ കെ.സി.വൈ.എം. രൂപതാ സമിതിയും പങ്കുചേർന്നു. രൂപത കെ.സി. വൈ.എം. പ്രസിഡന്റ് ശ്രീ. ബിബിൻ ചെമ്പക്കര, വൈസ് പ്രസിഡന്റ് കുമാരി ടെസ്സിൻ വയലിൽ, രൂപത കെ.സി.വൈ.എം. ഡയറക്ടർ റവ. ഫാ. അഗസ്റ്റിൻ ചിറയ്ക്കത്തോട്ടത്തിൽ, രൂപത ആനിമേറ്റർ റവ. സി. സാലി ആൻസ് സി.എം.സി, എന്നിവർ പങ്കെടുത്തു.

**ആത്മ 2020**

കെ.സി.വൈ.എം. സംസ്ഥാന സമിതി 2020 ഫെബ്രുവരി 27 ന് പാലാരിവട്ടം പി.ഒ.സി. യിൽ നടത്തിയ ഡയറക്ടേഴ്സ് & ആനിമേറ്റേഴ്സ് മീറ്റിംഗിൽ മാനന്തവാടി രൂപത ഡയറക്ടർ റവ.ഫാ.അഗസ്റ്റിൻ ചിറയ്ക്കത്തോട്ടത്തിൽ, രൂപത ആനിമേറ്റർ റവ. സി സാലി ആൻസ് സി.എം.സി. എന്നിവർ പങ്കെടുത്തു.

**മേഖല പ്രവർത്തനവർഷ ഉദ്ഘാടനങ്ങൾ**

ഫെബ്രുവരി 23 ന് വിവിധ മേഖലകളിൽ നടത്തിയ കെ.സി. വൈ.എം. പ്രവർത്തനവർഷ ഉദ്ഘാടനത്തിന് രൂപത പ്രതിനിധികൾ പങ്കെടുത്തു. കൽപ്പറ്റ മേഖല പ്രവർത്തനവർഷ ഉദ്ഘാടനത്തിന് രൂപതാ പ്രസിഡന്റ് ശ്രീ.ബിബിൻ ചെമ്പക്കരയും, ചുങ്കക്കുന്ന് മേഖലാ പ്രവർത്തനവർഷ ഉദ്ഘാടനത്തിന് രൂപത ജനറൽ സെക്രട്ടറി ശ്രീ.ജിജോ പൊടിമറ്റം, നടവയൽ മേഖലാ പ്രവർത്തനവർഷ ഉദ്ഘാടനത്തിന് സംസ്ഥാന സെനറ്റ് മെമ്പർ കുമാരി ചിപ്പി കളമ്പുക്കാട്ട്, വൈസ് പ്രസിഡന്റ് കുമാരി ടെസ്സിൻ വയലിൽ രൂപതാ ട്രഷറർ ശ്രീ.റ്റിബിൻ പാറക്കൽ എന്നിവർ പങ്കെടുത്തു.

**നീലഗിരി, തരിയോട് മേഖല തെരഞ്ഞെടുപ്പുകൾ**

മാർച്ച് 1 ന് നടത്തിയ തരിയോട് മേഖലാ തെരഞ്ഞെടുപ്പിൽ മാനന്തവാടി രൂപത സെക്രട്ടറി ശ്രീ. ജിയോ മച്ചുകുഴിയിൽ പങ്കെടുത്തു.

നീലഗിരി മേഖല തെരഞ്ഞെടുപ്പിൽ രൂപതാ ഡയറക്ടർ റവ. ഫാ. അഗസ്റ്റിൻ ചിറയ്ക്കത്തോട്ടത്തിൽ, രൂപത പ്രസിഡന്റ് ശ്രീ. ബിബിൻ ചെമ്പക്കര, രൂപത സെക്രട്ടറി കുമാരി മേബിൾ പുള്ളോലിക്കൽ, രൂപത ആനിമേറ്റർ റവ.സി. സാലി ആൻസ് സി.എം.സി, എന്നിവർ പങ്കെടുത്തു. മാർച്ച് 8 ന് മണിമൂളി മേഖലയിൽ നടത്തിയ മേഖലാ പ്രവർത്തന ങ്ങളുടെ ഉദ്ഘാടനത്തിന് രൂപതാ പ്രസിഡന്റ് ശ്രീ. ബിബിൻ ചെമ്പക്കര, വൈസ് പ്രസിഡന്റ് കുമാരി ടെസ്സിൻ വയലിൽ ഡയറക്ടർ റവ. ഫാ. അഗസ്റ്റിൻ ചിറക്കത്തോട്ടത്തിൽ, ആനിമേറ്റർ റവ. സി. സാലി ആൻസ് സി.എം.സി, എന്നിവർ പങ്കുചേർന്നു. മേഖലാ പ്രവർത്തനവർഷ ഉദ്ഘാടനത്തിന് രൂപത പ്രതിനിധികളെ ക്ഷണിച്ച മേഖല ഭാരവാഹി കൾക്കും പങ്കെടുത്ത രൂപതാ നേതൃത്വങ്ങൾക്കും അഭിനന്ദനങ്ങൾ.

**ഫെമിന 2020**

അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് 'ധീരതയോടെ മുന്നോട്ട്' എന്ന സന്ദേശവുമായി മാർച്ച് 7-ാം തീയതി ഉച്ചകഴിഞ്ഞ് ചുങ്കക്കുന്ന് ഫാത്തിമ മാതാ ദേവാലയത്തിൽ വച്ച് വനിതാ ദിനാചരണവും വനിതാ പ്രതിനിധികളെ ആദരിക്കലും നടത്തി. സാമൂഹിക സാംസ്ക്കാരിക രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിക്കുന്ന വ്യക്തികളെ പ്രസ്തുത ചടങ്ങിൽ ആദരിച്ചു. പ്രാർത്ഥനയോടെ സമ്മേളനം ആരംഭിച്ചു. കെ.സി. വൈ.എം. രൂപതാ സെക്രട്ടറി കുമാരി മേബിൾ ജോയി പുള്ളോലിക്കൽ സ്വാഗതമാശംസിച്ചു. കെ.സി.വൈ.എം. രൂപത പ്രസിഡന്റ് കുമാരി ടെസിൻ വയലിൽ അധ്യക്ഷയായിരുന്നു. രൂപത അനിമേറ്റർ റവ. സി. സാലി ആൻസ് സി.എം.സി. ആമുഖ പ്രഭാഷണം നടത്തി. ചുങ്കക്കുന്ന് ഫൊറോനാ വികാരിയും ചുങ്കക്കുന്ന് മേഖല ഡയറക്ടറുമായ റവ. ഫാ. വിൻസെന്റ് കളപ്പുര ഉദ്ഘാടനം നിർവ്വഹിച്ചു. കൊട്ടിയൂർ ഗ്രാമപഞ്ചായത്ത് വിക സനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർ പേഴ്സൻ ശ്രീമതി. വത്സ ധനേന്ദ്രൻ മുഖ്യപ്രഭാഷണം നടത്തി. കെ.സി.വൈ.എം. രൂപതാ ഡയറക്ടർ റവ.ഫാ.അഗസ്റ്റിൻ ചിറയ്ക്കത്തോട്ടത്തിൽ, കൊട്ടിയൂർ ഗ്രാമപഞ്ചായത്ത് 13-ാം വാർഡ് മെമ്പർ ശ്രീമതി. ബിന്ദു വാഹാനി, ശ്രീമതി ലിസി ജോസഫ്, രൂപത ട്രഷറർ ശ്രീ. റ്റിബിൻ പാറക്കൽ, രൂപത കോഡിനേ റ്റർ ശ്രീ. ഡെറിൻ കൊട്ടാരത്തിൽ എന്നിവർ ആശംസകൾ അർപ്പിച്ചു. പൊതു പ്രവർത്തകരായ കേളകം, കൊട്ടിയൂർ ഗ്രാമ പഞ്ചായത്തു കളിലെ വനിത ജനപ്രതിനിധികളെയും, തന്റെ വൈകല്യത്തെ വക വയ്ക്കാതെ സ്വയം തൊഴിലിലൂടെ പര്യാപ്തത കൈവരിച്ച ശ്രീമതി. മിനി മണനാലിനെയും രൂപത പ്രസിഡന്റ് ശ്രീ. ബിബിൻ ചെമ്പക്കര

ആദരിച്ചു. നാല് മക്കളിൽ കൂടുതലുള്ള അമ്മമാരെ കെ.സി.വൈ.എം. രൂപതാ ഡയറക്ടർ റവ.ഫാ. അഗസ്റ്റിൻ ചിറയ്ക്കത്തോട്ടത്തിൽ ആദരിച്ചു. ഫെമിന 2020 വിജയിപ്പിക്കാൻ എല്ലാവിധ സഹായ സഹകരണങ്ങളും നൽകിയ ചുങ്കക്കുന്ന് ഫൊറോനാ വികാരി റവ.ഫാ.വിൻസെന്റ് കളപ്പുരയിൽ, ചുങ്കക്കുന്ന് അസിസ്റ്റന്റ് വികാരിമാരായ റവ.ഫാ.സനോജ് ചിറ്ററക്കൽ, റവ.ഫാ. അരുൺ മഠത്തിപ്പറമ്പിൽ, യൂണിറ്റ് ആനിമേറ്റർ സി. മേഴ്സി കടവൂർ, യൂണിറ്റ് ഭാരവാഹികൾക്കും, രൂപത കോഡിനേറ്റർ ശ്രീ. ഡെറിൻ കൊട്ടാരത്തിൽ എന്നിവർക്കും രൂപതാ സമിതിയുടെ ഹൃദയം നിറഞ്ഞ നന്ദി.

**ഗത്സെമനി (പ്രാർത്ഥനാ ദിനം)**

ലോകമൊട്ടാകെ ഭീതിപരത്തികൊണ്ട് കോവിഡ് -19 വൈറസ് ബാധ പടർന്നുപിടിക്കുന്ന സാഹചര്യത്തിൽ സൗഖ്യദായകനായ ക്രിസ്തുവിന്റെ കരുണയ്ക്കുവേണ്ടി പ്രാർത്ഥനയിൽ ഒരുമിച്ചു. രോഗി ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്നവർ, ഗവൺമെന്റ്, വൈറസ് ബാധയേറ്റവർ, ഇപ്പോൾ നിരീക്ഷണത്തിൽ ഉള്ളവർ, മരണപ്പെട്ടവർ ഈ നിയോഗങ്ങളുമായി മാനന്തവാടി രൂപത ചെറുപുഷ്പ മിഷൻ ലീഗും കെ.സി.വൈ.എം. യുവജന പ്രസ്ഥാനവും സംയുക്തമായി 2020 മാർച്ച് 20 വെള്ളിയാഴ്ച പ്രാർത്ഥനാ ദിനമായി ആചരിച്ചു.

**അനുമോദനങ്ങൾ**

കെ.സി.വൈ.എം. മാനന്തവാടി രൂപത മുൻ പ്രസിഡന്റും കെ.സി.വൈ.എം. സംസ്ഥാന മുൻ പ്രസിഡന്റുമായിരുന്ന ശ്രീ. ബിജു അരീക്കാട്ടിലിനെ 2020 ലെ കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ അഡ്വൈസറി കമ്മറ്റി അംഗമായി തിരഞ്ഞെടുത്തിരിക്കുന്നു. ശ്രീ. ബിജു അരീക്കാട്ടിലിന് കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ അഭിനന്ദനങ്ങൾ.

**ആദരാഞ്ജലികൾ**

സ്വർഗ്ഗീയ സമ്മാനത്തിനായി വിളിക്കപ്പെട്ട ബഹു. ഫാ. മാത്യു പൈക്കാട്ട്, മാനന്തവാടി രൂപത മതബോധന ഡയറക്ടർ ബഹു. ഫാ. തോമസ് കാട്ടുത്തുരുത്തിയുടെ പിതാവ് ശ്രീ.ആഗസ്തി കാട്ടുത്തുരുത്തിക്കും മാനന്തവാടി കെ.സി.വൈ.എം. രൂപതാ സമിതിയുടെ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

**മേഖല വാർത്തകൾ**

**നീലഗിരി മേഖല**

2020 ലെ പുതിയ പ്രവർത്തന സമിതിയെ തിരഞ്ഞെടുത്തു. പ്രസിഡന്റ് - ജെസ്സിൻ കാപ്പിൽ, വൈസ് പ്രസിഡന്റ് -ജിനു വെള്ളാപ്പള്ളി,

സെക്രട്ടറി – ജിബിൻ വാഴപ്പള്ളിൽ, ജോയിന്റ് സെക്രട്ടറി – ജോഷ്നി കൊട്ടാരത്തിൽ, ട്രഷറർ – പ്രിൻസ് കുന്നുംപുറത്ത്, കോഡിനേറ്റർ – ജോസഫ് പാലത്തിനാടിയിൽ, സെനറ്റ് മെംമ്പേഴ്സ് – ലിബിൻ കുരിയിക്കാട്ടിൽ, സാന്ദ്രജോസ്, സൈബർ വിംഗ്–ബിനു മഠത്തിൽ എന്നിവരാണ്. പുതിയ പ്രവർത്തന സമിതിക്ക് അഭിനന്ദനങ്ങൾ.

**തരിയോട് മേഖല**

2020–ലെ പുതിയ പ്രവർത്തന സമിതിയെ തിരഞ്ഞെടുത്തു. പ്രസിഡന്റ് – അബിനന്ദ് കൊച്ചുമലയിൽ, വൈസ് പ്രസിഡന്റ്– സെലീൻ പുതിയാപറമ്പിൽ, സെക്രട്ടറി – ജോൺസൺ മുണ്ടിയാങ്കൽ, ജോയിന്റ് സെക്രട്ടറി–ഡെൽന ജോയി പതിപ്പള്ളിൽ, ട്രഷറർ–ജെസ്പിൻ ജോസഫ് പള്ളിക്കാത്തൊട്ടിയിൽ, കോഡിനേറ്റർ – ജെയിൻ അഗസ്റ്റിൻ ചോക്കാട്ട്, സെനറ്റ് മെംമ്പേഴ്സ് – അബിൻ തങ്കച്ചൻ കല്ലുവെട്ടാംകുഴിയിൽ, സാനിയ സെബാസ്റ്റ്യൻ പതിപ്പള്ളിൽ, രൂപത സിൻഡിക്കേറ്റ് – അനിത ഡേവീസ് മേക്കാടൻ, സൈബർ വിംഗ്–ഡെസ്വിൻ പൈനാടത്ത് എന്നിവരാണ്. പുതിയ പ്രവർത്തന സമിതിക്ക് അഭിനന്ദനങ്ങൾ.

**കൽപ്പറ്റ മേഖല**

കൽപ്പറ്റ മേഖല പ്രവർത്തന വർഷ ഉദ്ഘാടനം രൂപത പ്രസിഡന്റ് ശ്രീ. ബിബിൻ ചെമ്പക്കര നിർവ്വഹിച്ചു. മേഖലാ പ്രമോട്ടർ ശ്രീ.ഷിനു വടകര, മേഖലാ പ്രസിഡന്റ് ശ്രീ. നെവിൻ പുല്ലുപറമ്പിൽ, മേഖലാ ഡയറക്ടർ റവ. ഫാ. ജിജോ വാത്തേലിൽ, രൂപതാ ട്രഷറർ ശ്രീ. റ്റിബിൻ പാറയ്ക്കൽ, ഡീ പോൾ സ്ക്കൂൾ പ്രിൻസിപ്പാൾ സി. ക്രിസ്റ്റീന എസ്.സി.വി, മേഖല ആനിമേറ്റർ സി. അനിലിറ്റ് എസ്.എച്ച് എന്നിവർ ആശംസകളറിയിച്ചു. മേഖലാ സെക്രട്ടറി അനുഗ്രഹ് അറയ്ക്കൽ, വൈസ് പ്രസിഡന്റ് കുമാരി ടാനിയ അഴകനാലിൽ എന്നിവർ നേതൃത്വം നല്കി.

**മണിമൂളി മേഖല**

ബത്തേരിയിൽ നടന്ന രൂപത പ്രവർത്തന വർഷ ഉദ്ഘാടനത്തിന് മേഖല ഭാരവാഹികൾ പങ്കെടുത്തു. മേഖലയിൽ CAMMINO 2020 പ്രവർത്തന വർഷ ഉദ്ഘാടനവും, വനിതാ ദിനാചരണവും, മാർഗ്ഗരേഖ പ്രകാശനവും നടത്തി. രൂപത ഭാരവാഹികളും മേഖല ഭാരവാഹികളും ചേർന്ന് കവളപ്പാറ സന്ദർശിച്ചു.

**നടവയൽ മേഖല**

നടവയൽ മേഖലയുടെ പ്രവർത്തനവർഷ ഉദ്ഘാടനം പനമരം നവജ്യോതി അഗതി മന്ദിരത്തിൽ വെച്ചു നടത്തപ്പെട്ടു. വിവിധ യൂണിറ്റുകളിൽ നിന്ന് 66 ൽ പരം യുവജനങ്ങൾ പങ്കെടുത്തു. മേഖലാ പ്രസി

ഡന്റ് ശ്രീ. ദീപക് ഒറവനാംതടത്തിൽ, വൈസ് പ്രസിഡന്റ് കുമാരി ഷാനറ്റ് പാറക്കുന്നേൽ, സെക്രട്ടറി കുമാരി ലിസ്ന പരുവുമ്മേൽ, മേഖലാ ഡയറക്ടർ റവ. ഫാ. ഷൈജു മുതിരക്കാലയിൽ, മേഖല ആനിമേറ്റർ സി. ജെസ്സി പോൾ സി.എം.സി. എന്നിവർ നേതൃത്വം നല്കി.

**യൂണിറ്റ് വാർത്തകൾ**

**കല്ലോടി യൂണിറ്റ്**

ഇടവക തിരുനാളിനോടനുബന്ധിച്ച് കെ.സി.വൈ.എം. ഐസ്ക്രീം കച്ചവടം നടത്തി ഫണ്ട് സ്വരൂപിച്ചു. കല്ലോടി ഇടവകയിൽ അസ്സിസ്റ്റന്റ് വികാരിയായി ചാർജെടുത്ത റവ.ഫാ.റ്റിബിൻ ചക്കുളത്തിലിനെ സ്വാഗതം ചെയ്തു. കല്ലോടി മേഖലയുടെ നേതൃത്വത്തിൽ നടത്തിയ ത്യാഗം കുരിശിന്റെ വഴിയിലും, രൂപത പ്രവർത്തനവർഷ ഉദ്ഘാടനത്തിലും യുവജനങ്ങൾ പങ്കെടുത്തു.

**തരിയോട് യൂണിറ്റ്**

2020 പ്രവർത്തന വർഷത്തേക്കുള്ള യൂണിറ്റ് ഭാരവാഹികളെ തിരഞ്ഞെടുത്തു. ശനിയാഴ്ചകളിൽ രോഗിസന്ദർശനവും, ദേവാലയത്തിൽ കുരിശിന്റെ വഴിയും നടത്തിവരുന്നു. മാർച്ച് 8 ഞായറാഴ്ച ലോകവനിതാ ദിനത്തോട് അനുബന്ധിച്ച് മതാദ്ധ്യാപകരായ വനിതകളെ സ്നേഹോപകാരങ്ങൾ നല്കി ആദരിച്ചു.

**വൈത്തിരി യൂണിറ്റ്**

വൈത്തിരി കെ.സി.വൈ.എം. യൂണിറ്റിന്റെയും ഓറിയന്റൽ സ്ക്കൂൾ ഓഫ് ഹോട്ടൽ മാനേജ്മെന്റ് വിദ്യാർത്ഥികളുടെയും നേതൃത്വത്തിൽ ഗവൺമെന്റ് ഹോസ്പിറ്റലിൽ സായാഹ്ന ഭക്ഷണം വിതരണം ചെയ്തു.

**മക്കിയാട് യൂണിറ്റ്**

വചനശക്തി എന്ന പേരിൽ യൂണിറ്റിലെ എല്ലാ കുടുംബങ്ങളിലും 7.30 തുടങ്ങി 8.30 വരെ ബൈബിൾ വായിച്ച് ലോകം മുഴുവൻ കൊറോണ വൈറസിൽ നിന്നും രക്ഷിക്കപ്പെടുവാൻ പ്രാർത്ഥിച്ചു. 10,11,12 ക്ലാസ്സുകളിലെ കുട്ടികൾക്ക് പരീക്ഷയ്ക്ക് ഒരുക്കമായി പ്രത്യേക പ്രാർത്ഥന നടത്തി. മേഖല സിൻഡിക്കേറ്റ്, ത്യാഗം കുരിശിന്റെ വഴി, രൂപതാ പ്രവർത്തനവർഷ ഉദ്ഘാടനം എന്നിവയിൽ യൂണിറ്റ് അംഗങ്ങൾ പങ്കെടുത്തു.

**ചുങ്കക്കുന്ന് യൂണിറ്റ്**

ലോക ക്യാൻസർ ദിനത്തോടനുബന്ധിച്ച് ഇടവകയിലെ ക്യാൻസർ രോഗികളെ സന്ദർശിച്ചു. ഇടവകയിൽ അവിവാഹിതരായ യുവാക്കൾക്ക് വേണ്ടി നടത്തിയ കൈവയ്പ് ശുശ്രൂഷയിൽ പങ്കെടുത്തു.

സൗജന്യ നേത്ര രോഗ നിർണ്ണയക്യാമ്പ് ചുങ്കക്കുന്ന് ഇടവകയിൽ വച്ച് കെ.സി.വൈ.എം. അംഗങ്ങൾ ആർ വിഷൻ കണ്ണാശുപത്രിയുമായി സഹ കരിച്ച് നടത്തി.

**പാതിരിപ്പാടം യൂണിറ്റ്**

2019 വർഷത്തെ മികച്ച പ്രവർത്തന യൂണിറ്റ് എന്നതിന് രൂപത യിൽ നിന്നും, മണിമൂളി മേഖലയിൽ നിന്നും അഭിനന്ദനങ്ങളും സമ്മാനവും യൂണിറ്റ് കരസ്ഥമാക്കി. മാർച്ച് 8 ന് നടന്ന വനിതാ ദിനാചരണത്തിൽ യൂണിറ്റ് ഡയറക്ടർ റവ. ഫാ. അനിൽ മൂഞ്ഞനാട്ട് വനിതകളെ ആദരിക്കുകയും പ്രസിഡന്റ് അഖിൽ കൊല്ലംപറമ്പിൽ സന്ദേശം നൽകുകയും ചെയ്തു. ഇടവകയുടെ റബർ തോട്ടത്തിൽ ഫ്ളാറ്റ് ഫോം തിരിക്കുന്നതിന് യുവജനങ്ങൾ സഹകരിച്ചു. ഇടവകയിൽ രോഗി സന്ദർശനം നടത്തി.

**നരിവാലമുണ്ട യൂണിറ്റ്**

ഇടവകയിൽ രോഗി സന്ദർശനം നടത്തി. നരിവാലമുണ്ട യൂണിറ്റിന്റെ നേതൃത്വത്തിൽ വനിതാ ദിനാചരണം നടത്തി. ഇടവക ജനം നിർമ്മിച്ചു നൽകുന്ന ഭവനനിർമ്മാണ പ്രവർത്തനങ്ങളിൽ യുവജനങ്ങൾ സജീവമായി പങ്കുചേർന്നു. ലോകത്തെ മുഴുവൻ ഭീതിയിലാഴ്ത്തി പടർന്നു കൊണ്ടിരിക്കുന്ന കോവിഡ് 19 നെതിരെ വിശുദ്ധ സെബസ്ത്യാനോസിന്റെ മാദ്ധ്യസ്ഥം തേടി യുവജനങ്ങൾ പ്രത്യേക പ്രാർത്ഥന നടത്തി.

**ജിജോ പൊടിമറ്റം**
ജനറൽ സെക്രട്ടറി

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സ്**

ദ്വാരക പാസ്റ്ററൽ സെന്ററിൽ മാർച്ച് 1 മുതൽ 4 വരെ നടന്ന MPC യിൽ 98 പേർ പങ്കെടുത്തു. ഇതിന്റെ വിജയത്തിനായി സഹകരിച്ച എല്ലാ വൈദികർക്കും ടീം അംഗങ്ങൾക്കും നന്ദി.

**അടുത്ത മാസങ്ങളിലെ കോഴ്സുകൾ**

ഏപ്രിൽ 05 - 08 - പാസ്റ്ററൽ സെന്റർ ദ്വാരക

ഏപ്രിൽ 24 - 27 - പാസ്റ്ററൽ സെന്റർ ദ്വാരക

മെയ് 10 - 13 - പാസ്റ്ററൽ സെന്റർ ദ്വാരക

കൊറോണ വൈറസ് പടരുന്ന സാഹചര്യത്തിൽ മാർച്ച് മാസത്തിൽ മണിമൂളിയിൽ നടത്തേണ്ടിയിരുന്ന MPC മാറ്റിവച്ചു.

**മരിയൻ സിംഗിൾസ്**

ഫെബ്രുവരി 25 ന് ചേർന്ന മീറ്റിംഗിൽ 15 പേർ പങ്കെടുത്തു. മാർച്ച് 16-ന് നടത്താനിരുന്ന മരിയൻ സിംഗിൾസ് മീറ്റിംഗ് മാറ്റിവച്ചു.

**മാതൃവേദി വാർത്തകൾ**

**കൽപ്പറ്റ മേഖല**

രൂപതാ പ്രോ-ലൈഫ് സമിതിയുടെ നേതൃത്വത്തിൽ എം.റ്റി.പി ആക്ട് ഭേദഗതിക്കെതിരെ പ്രാർത്ഥനാ കൂട്ടായ്മ നടത്തി. മേഖല എക്സിക്യൂട്ടീവ് ചേർന്നു.

**തരിയോട് മേഖല**

ആനിമേറ്റേഴ്സ് സംഗമം നടത്തി. രൂപത ഡയറക്ടർ മാർഗ്ഗരേഖ പ്രകാശനം ചെയ്തു. ആശംസകൾ നേർന്നു. സമരിറ്റൻ ഭവൻ സന്ദർശിച്ചു. അവർക്ക് ആവശ്യമായ വിറക് എത്തിച്ചു കൊടുത്തു.

**അമ്പായത്തോട്**

ലൂർദ്ദ്മാതാവിന്റെ തിരുനാൾ ദിനത്തിൽ ജപമാല ചൊല്ലി പ്രാർത്ഥിച്ചു. നോമ്പുകാലത്ത് 100 അമ്മമാർ സമ്പൂർണ്ണ ബൈബിൾ പാരായണം നടത്തി. ബഹു. സി. സെലിന്റെ നേതൃത്വത്തിൽ പരീക്ഷ ഒരുക്ക ധ്യാനം നടത്തി. ഗർഭഛിദ്ര നിയമ ഭേദഗതിക്കെതിരെ പ്രതിഷേധിച്ച് പ്രാർത്ഥന നടത്തി. ഫിയാത് മിഷന്റെ പാപ്പിറസ് പദ്ധതിയോട് ചേർന്ന് വെയ്സ്റ്റ് പേപ്പറുകൾ ശേഖരിച്ചു. കൊറോണ വൈറസ് ബാധിച്ച ലോകരാഷ്ട്രങ്ങൾക്കും ജനങ്ങൾക്കും വേണ്ടി പ്രാർത്ഥിച്ചു. തെറ്റുവഴി

കൃപാഭവനിൽ 200 പൊതിച്ചോറ് നൽകി. സമരിറ്റൻ ഭവൻ സന്ദർശിച്ചു. 2500 രൂപ നൽകി. നിർദ്ധനരായ രണ്ടു രോഗികൾക്ക് 3000 രൂപ നൽകി. വാ. റാണി മരിയയുടെ തിരുനാളിൽ ബഹു. വൈദികരേയും സന്യസ്ത രേയും ആദരിച്ചു.

**ചുങ്കക്കുന്ന്**

ചെയിൻ റോസറി നടത്തി. ദൈവവിളി പ്രോത്സാഹനത്തിന്റെ ഭാഗമായി ബഹു. വൈദികരുടേയും സിസ്റ്റേഴ്സിന്റേയും മാതാപിതാക്കളെ ആദരിച്ചു. സൗജന്യ നേത്ര പരിശോധന ക്യാമ്പിനോടനുബന്ധിച്ച് കോളനി സന്ദർശിച്ച് ബോധവത്കരണ ക്ലാസ്സുകൾ നൽകി. 150 പേർ പങ്കെടുത്തു. ഒരു നിർദ്ധന രോഗിക്ക് 500 രൂപ നൽകി. പഠനസഹായമായി 3500 രൂപ നൽകി. ബഹു. വിൻസെന്റ് കളപ്പുര അച്ചൻ കുട്ടികൾക്ക് പരീക്ഷയ്ക്കൊരുക്കമായി ക്ലാസ് എടുത്തു.

**നരിവാലമുണ്ട**

പള്ളിക്കുന്ന് ദേവാലയത്തിലേക്ക് തീർത്ഥാടനം സംഘടിപ്പിച്ചു. ലാഭമായി കിട്ടിയ 6000 രൂപ റ്റി.റ്റി.സി. വിദ്യാർത്ഥിനിക്ക് വിദ്യാഭ്യാസ സഹായം നൽകി. നിത്യാരാധനാ ചാപ്പലിൽ പരീക്ഷ ഒരുക്ക പ്രാർത്ഥന നടത്തി. ഗർഭഛിദ്ര നിയമ ഭേദഗതിക്കെതിരെ ജപമാല ചൊല്ലി. 100 ദിവസത്തെ സമ്പൂർണ്ണ ബൈബിൾ പാരായണം വിഭൂതി ദിനത്തിലാരംഭിച്ചു. ബഹു. സെബാസ്റ്റ്യൻ പാറയിലച്ചൻ 'അമ്മ ഒരു ബലിയർപ്പക' എന്ന വിഷയത്തെ സംബന്ധിച്ച് ക്ലാസ്സ് നയിച്ചു.

**വാളേരി**

ഓസ്സാനാം ഭവൻ സന്ദർശിച്ച് ഉച്ചഭക്ഷണം നൽകി. പള്ളിപരിസരത്ത് ജൈവ പച്ചക്കറിത്തോട്ടം തയ്യാറാക്കി. ഇടവകതിരുനാളിന് അമ്മമാർ സജീവമായി പങ്കെടുത്തു. ആദിവാസി കോളനി സന്ദർശിച്ചു. പള്ളിക്കുന്ന് തീർത്ഥാടനം നടത്തി.

**കൽപ്ര**

വി. കുർബാനയ്ക്കുശേഷം കുരിശിന്റെ വഴി ചൊല്ലി. വാ. റാണി മരിയയുടെ തിരുനാൾ ആചരിച്ചു. ഇടവകതിരുനാളിനോടനുബന്ധിച്ച് ചായക്കട നടത്തി ഫണ്ട് സമാഹരിച്ചു. കുട്ടികളുടെ പരീക്ഷയ്ക്കൊരുക്കമായി പ്രാർത്ഥന നടത്തി. രോഗീസന്ദർശനം, നവജാത ശിശുസന്ദർശനം എന്നിവ നടത്തി.

**പൂക്കോട്ടുംപാടം**

ഇടവക തിരുനാളിന് മുത്തുക്കുട എടുത്ത് പ്രദക്ഷിണത്തിൽ പങ്കുചേർന്നു. വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. ബെസ്റ്റ് ശാഖയ്ക്കുള്ള മേഖലാസമ്മാനം വിതരണം ചെയ്തു.

**തലഞ്ഞി**

ജാഗരണ പ്രാർത്ഥന നടത്തി. പ്രായമായവർക്ക് വിനോദയാത്ര നടത്തി. പരീക്ഷ ഒരുക്കത്തിന്റെ ഭാഗമായി അഖണ്ഡ ജപമാല നടത്തി. നിർദ്ധനകുടുംബത്തിന് ചികിത്സാ സഹായമായി 5000 രൂപ നൽകി. സ്നേഹതീരം എന്നറിയപ്പെടുന്ന ഭവനം സന്ദർശിച്ചു. ഭിന്നശേഷിയുള്ള കുട്ടികളെ സന്ദർശിച്ചു. ജപമാല, കരുണകൊന്ത, തിരുഹൃദയ ജപമാല, കുരിശിന്റെ വഴി എന്നിവ ചൊല്ലി പ്രാർത്ഥിച്ചു.

**പൂളപ്പാടം**

ഇടവക തിരുനാളിന് യൂണിഫോം ധരിച്ച അമ്മമാർ മുത്തുക്കുടകൾ വഹിച്ച് പ്രദക്ഷിണം ഭക്തി സാന്ദ്രമാക്കി. നവോമി സംഗമം നടത്തി. മലങ്കര റീത്തിലെ ബഹു. ഫാ.ജിമ്മി ക്ലാസ്സും ആരാധനയും കൗൺസിലിംഗും നടത്തി. ഇടവകയിൽ നടത്തികൊണ്ടിരിക്കുന്ന കുറിയുടെ ലാഭം ഉപയോഗിച്ച് നിർദ്ധനരായവരെ സഹായിച്ചു. കുരിശിന്റെ വഴി നടത്തി. ഇടവകയുടെ ചരിത്രം എഴുതി മേഖലയിൽ ഏൽപ്പിച്ചു. സെമിത്തേരി സന്ദർശനം നടത്തി.

**കുറുമ്പാല**

മാർഗ്ഗരേഖ തയ്യാറാക്കി. മാനന്തവാടി ഗവ. ഹോസ്പിറ്റലിൽ ഒരു ദിവസത്തേക്കുള്ള പച്ചക്കറികൾ വാങ്ങികൊടുത്തു. ഭക്ഷണം പാകം ചെയ്യാൻ സഹായിച്ചു. ഏലീശ്വസന്ദർശനം, രോഗീസന്ദർശനം എന്നിവ നടത്തി. വിദ്യാർത്ഥികൾക്കായി കരുണകൊന്ത ചൊല്ലി എം.റ്റി.പി. ആക്ട് ഭേദഗതിക്കെതിരെയുള്ള പ്രാർത്ഥനാ കൂട്ടായ്മയിൽ പങ്കെടുത്തു.

**വാഴവറ്റ**

പരീക്ഷയ്ക്കൊരുക്കമായി ജാഗരണപ്രാർത്ഥന നടത്തി. ഭവനസന്ദർശനം, രോഗീസന്ദർശനം എന്നിവ നടത്തി. എം.റ്റി.പി. ആക്ടിനെതിരെ നടത്തിയ പ്രാത്ഥനാ യജ്ഞത്തിൽ പങ്കെടുത്തു. കുരിശിന്റെ വഴി നടത്തി. സോപ്പുപൊടി നിർമ്മിച്ചു. ഊർജ്ജകിരൺ ക്ലാസ്സിൽ പങ്കെടുത്തു.

**പാതിരിപ്പാടം**

ചികിത്സ സഹായമായി 10000 രൂപ നൽകി. വാ. റാണി മരിയയുടെ തിരുനാൾ ആചരിച്ചു. പരീക്ഷ ഒരുക്കപ്രാർത്ഥന നടത്തി. ഭവനസന്ദർശനം, രോഗീസന്ദർശനം എന്നിവ നടത്തി.

**കല്ലുവയൽ**

ബഹു. ബ്രദർ തങ്കച്ചൻ മന്ത്രിക്കൽ പത്തുകൽപ്പനകളെ കുറിച്ചും പ്രാർത്ഥനയുടെ ആവശ്യകതയെക്കുറിച്ചും ബോധവത്ക്കരണം നടത്തി. യൂണിറ്റ് പ്രാർത്ഥനകൾക്ക് നേതൃത്വം നൽകി. ഭവനസന്ദർശനം, രോഗീസന്ദർശനം എന്നിവ നടത്തി.

**കുറുമണി**

നിർദ്ധനകുടുംബത്തിന് വിവാഹത്തിന് ദേവാലയത്തിൽ വയ്ക്കാൻ പൂക്കൾ വാങ്ങി നൽകി. കോളനി സന്ദർശിച്ചു. ഭവനങ്ങളിൽ തയ്യാറാക്കിയ പച്ചക്കറി തോട്ടങ്ങൾക്ക് സമ്മാനങ്ങൾ നൽകി. യുവതി യുവാക്കൾക്ക് വേണ്ടി ഒരു മണിക്കൂർ ആരാധന നടത്തി. കോളനി സന്ദർശിച്ചു. വൈസ് പ്രസിഡണ്ടിന്റെ വിവാഹവാർഷികം ആഘോ ഷിച്ചു.

**വടപുറം**

ഇടവകതിരുനാൾ ദിനത്തിൽ പലഹാരങ്ങൾ ഉണ്ടാക്കി വിൽപ്പന നടത്തി ഫണ്ട് ശേഖരിച്ചു. സ്നേഹസദൻ സന്ദർശിച്ചു. 15,000 രൂപയും അരിയും സംഭാവനയായി നൽകി. അമ്മമാർ പ്രദക്ഷിണത്തിനായി മുത്തുക്കുടകൾ വഹിച്ചു. വൃദ്ധമാതാപിതാക്കളെയും രോഗികളേയും സന്ദർശിച്ചു. പരീക്ഷയ്ക്കൊരുക്കമായി പ്രാർത്ഥന നടത്തി. വാർഷിക ധ്യാനത്തിൽ പങ്കെടുത്തു.

**പുതിയിടംകുന്ന്**

ജീവകാരുണ്യപ്രവർത്തനങ്ങൾ, നേർച്ചഭക്ഷണം തയ്യാറാക്കൽ, രോഗീസന്ദർശനം, ഭവനസന്ദർശനം എന്നിവ നടത്തി. യൂണിറ്റുകളിൽ നടക്കുന്ന കുരിശിന്റെ വഴിയിൽ പങ്കെടുത്തു. വി. ബലിയുടെ പ്രാധാന്യ ത്തെക്കുറിച്ച് ബഹു. ടോമി സാർ ക്ലാസ് എടുത്തു.

**കളത്തുവയൽ**

മേഖലാതലത്തിൽ നടത്തിയ കരോൾ ഗാനം, കേക്ക് ഡക്കറേ ഷൻ, ആശംസ കാർഡ് നിർമ്മാണം, കുക്കറി ഷോ, എന്നീ മത്സരങ്ങ ളിൽ പങ്കെടുത്തു. ഫുഡ്ഫെസ്റ്റ് നടത്തി. ഇടവക തിരുനാളിന് കലാ പരിപാടികൾ അവതരിപ്പിച്ചു. ജൈവപച്ചക്കറിത്തോട്ടം സന്ദർശിച്ചു. കരുണകൊന്തയും തിരുഹൃദയ കൊന്തയും ചൊല്ലി. ആക്രിശേഖരണം നടത്തി. വേളാങ്കണ്ണി തീർത്ഥാടനത്തിൽ പങ്കെടുത്തു. ഭവന സന്ദർശനവും രോഗീസന്ദർശനവും നടത്തി. രൂപത പ്രോ–ലൈഫ് സമി തിയുടെ നേതൃത്വത്തിൽ നടത്തിയ പ്രാർത്ഥനാ സംഗമത്തിൽ പങ്കെ ടുത്തു.

**ബത്തേരി**

പള്ളിക്കുന്ന് ദേവാലയത്തിൽ തീർത്ഥാടനം നടത്തി. കൽപ്പറ്റ യിലെ സ്നേഹസദൻ സന്ദർശിച്ചു. എം.റ്റി.പി ആക്ട് ഭേദഗതിക്കെതിരെ നടത്തിയ പ്രാർത്ഥനാ യജ്ഞത്തിൽ പങ്കെടുത്തു. വിദ്യാർത്ഥികൾക്കു വേണ്ടി അഖണ്ഡ വചനവായന നടത്തി.

**ഫാ. ജോഷി മഞ്ഞക്കുന്നേൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം
**ഫാ. ജോജോ കുടക്കച്ചിറ**
അസി. ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സീയോൻ വാർത്തകൾ

**ആദ്യവെള്ളി (6-03-2020)**

രാവിലെ 10 മണിക്ക് എൽഡറിംഗ് ആരംഭിച്ചു. തുടർന്ന് കുരിശിന്റെ വഴിയും സ്തുതി ആരാധനയും നടത്തി. ടീം മീറ്റിംഗിൽ ഫെബ്രുവരി മാസത്തിലെ ശുശ്രൂഷകളെ വിലയിരുത്തി. തുടർന്ന് ആദ്യശനി കൺവെൻഷനുവേണ്ടിയുള്ള ഒരുക്കശുശ്രൂഷകൾ നടത്തി. 5 മണിക്ക് ജാഗരണ പ്രാർത്ഥന ആരംഭിച്ചു. 10 മണിക്ക് ശുശ്രൂഷകൾ സമാപിച്ചു.

**ആദ്യശനി കൺവെൻഷൻ (7-03-2020)**

രാവിലെ 6 മണിക്ക് ശുശ്രൂഷകർ പ്രാർത്ഥിച്ചൊരുങ്ങി 8.45 ന് പൊതു ശുശ്രൂഷകൾ ആരംഭിച്ചു. ജപമാല പ്രദക്ഷിണം, സ്തുതി ആരാധന എന്നിവയ്ക്ക് ശേഷം കൊട്ടിയൂർ ഇടവക അസി. വികാരി റവ.ഫാ.നിതീഷ് തലച്ചിറ വചനപ്രഘോഷണവും സീയോൻ ധ്യാന കേന്ദ്രം അസി. ഡയറക്ടർ റവ. ഫാ. ജിന്റോ തട്ടുപറമ്പിൽ വി. ബലിയും അർപ്പിച്ചു. ലഘുഭക്ഷണത്തിനുശേഷം ദിവ്യകാരുണ്യ ആരാധനയ്ക്ക് റവ. ഫാ. ജിന്റോ തട്ടുപറമ്പിൽ നേതൃത്വം നൽകി. 3.15 ന് ശുശ്രൂഷകൾ സമാപിച്ചു.

**ഇടവക ധ്യാനം**

1 മുതൽ 4 വരെ എടപ്പെട്ടി ഇടവകയിലും, 5 മുതൽ 8 വരെ നിരവിൽപ്പുഴ ഇടവകയിലും, 8 മുതൽ 11 വരെ തൃക്കൈപ്പറ്റ ഇടവകയിലും സീയോൻ ധ്യാനകേന്ദ്രം ഡയറക്ടർ സോണി വാഴകാട്ട് അച്ചന്റെ നേതൃത്വത്തിൽ വാർഷിക ധ്യാനം നടത്തി.

**2020 ഏപ്രിൽ മാസത്തിലെ ശുശ്രൂഷകൾ**

| | | |
|---|---|---|
| 3-04-2020 ആദ്യവെള്ളി | - | എൽഡറിംഗ് മീറ്റിംഗ്, ജാഗരണം |
| 4-04-2020 ആദ്യശനി | - | ഏകദിനകൺവെൻഷൻ |
| 10-04-2020 രണ്ടാം വെള്ളി | - | ജാഗരണപ്രാർത്ഥന (6-1 pm) |
| 11-04-2020 രണ്ടാം ശനി | - | പൊതുസ്പിരിച്ചൽ ഷെയറിംഗ് |
| 16-19 വ്യാഴം - ഞായർ | - | ആന്തരിക സൗഖ്യധ്യാനം |
| 25-04-2020 നാലാം ശനി | - | രോഗസൗഖ്യ ശുശ്രൂഷാ ദിനം |

**ഇടവകധ്യാനങ്ങൾ**

| | | |
|---|---|---|
| 2-5 വ്യാഴം - ഞായർ | - | ഇരുളം ഇടവക |
| 5-8 ഞായർ - ബുധൻ | - | കരണി ഇടവക |

**ഫാ. സോണി വാഴകാട്ട്**
ഡയറക്ടർ, സിയോൻ സി.ആർ.സി

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

പ്രിയപ്പെട്ട വിൻസെൻഷ്യൻ സഹോദരരേ.

ലോകജനത ഇന്ന് ഭീതിയുടെ മുൾമുനയിലാണ്. കൊറോണ വൈറസ് പകരുന്നതിലൂടെ നിരവധി മനുഷ്യർ മരണത്തിന് കീഴടങ്ങി. ഇനിയും എത്രയോ പേർ മരണാസന്നരായിരിക്കുന്നു. ആരാധനകൾ പോലും നിർത്തിവയ്ക്കേണ്ടസ്ഥിതി എത്ര ഗുരുതരമാണെന്ന് നമുക്കറിയാം. മരണം ഓരോരുത്തരുടെയും കൺമുന്നിലുണ്ടെന്ന അവസ്ഥ അതിഭീകരമാണ്. ലോകചരിത്രത്തിൽ ആദ്യമായാണ് വിശുദ്ധ കുർബാനപോലും പലസ്ഥലങ്ങളിലും നിർത്തിവയ്ക്കേണ്ടിവരുന്നത്. ഇല്ലെങ്കിൽ നാളെ നാം മനുഷ്യർ ഇതിനെയും അതിജീവിച്ചേക്കാം. എന്നാൽ ഈ അതിജീവനത്തിനുമപ്പുറം ദുരിതത്തിലാകുന്ന കോടിക്കണക്കിന് ജനങ്ങളുണ്ട്. അന്നത്തെ കൂലികൊണ്ട് കുടുംബം പുലർത്തുന്നവരാണ് ഇവരിൽ ഭൂരിഭാഗവും. കഴിഞ്ഞ രണ്ടു വർഷത്തെ വെള്ളപ്പൊക്കം കൊണ്ട് കേരളത്തിന്റെ സമ്പദ്ഘടന തകർച്ച യിലായിരുന്നു. ഇപ്പോഴത്തെ പകർച്ചവ്യാധികൂടിയാവുമ്പോൾ ഈ തകർച്ച അതിന്റെ മൂർദ്ധന്യത്തിലെത്തും. ഇവിടെ നമ്മൾ വിൻസെൻഷ്യൻ പ്രവർത്തകർ ഉണർന്നു പ്രവർത്തിക്കണം. നമ്മുടെ ചുറ്റുപാടും പട്ടിണിയിലാവുന്ന ഒട്ടേറെ കുടുംബങ്ങളുണ്ട്. ഇവരിലേക്ക് നമ്മൾ ഇറങ്ങിചെല്ലണം. ഭക്ഷണമൊ, വസ്ത്രമൊ, മരുന്നൊ- എന്താണവരുടെ ആവശ്യമെന്ന് കണ്ടറിഞ്ഞ് നമ്മൾ പ്രവർത്തിക്കണം. വിശക്കുന്നവന്റെ മുന്നിൽ ഭക്ഷണമായ്, രോഗികൾക്കു മുന്നിൽ മരുന്നായ്, വസ്ത്രമില്ലാത്തവർക്ക് വസ്ത്രമായ് നാം മാറണം. വെള്ളപ്പൊക്കമുണ്ടായപ്പോൾ നമ്മെ സഹായിക്കുവാൻ ഇന്ത്യക്കു പുറത്തുള്ള ഒട്ടേറെ കരങ്ങളുണ്ടായിരുന്നു. എന്നാൽ ഇത്തവണ അതല്ല സ്ഥിതി. നമ്മുടെ രാജ്യത്തേക്കാൾ ഭീകരമാണ് വിദേശ രാജ്യങ്ങളിലെ സ്ഥിതി. അതുകൊണ്ട് ഇത്തവണ നമ്മെ സഹായിക്കുവാൻ നാം മാത്രമെ ഉണ്ടായിരിക്കുകയുള്ളൂവെന്ന യാഥാർത്ഥ്യം ഉൾക്കൊണ്ടുള്ള പ്രവർത്തനങ്ങളാണാവശ്യം. ഇവക്കെല്ലാമുപരിയായി നമ്മുടെ നിരന്തരമായ പ്രാർത്ഥനയും ഉണ്ടാവണം. പ്രാർത്ഥനയും പ്രവർത്തിയും ഒരുമിച്ചു ചേരുന്നിടത്ത് ദൈവം ഇറങ്ങി പ്രവർത്തിക്കും. ഇവിടെ നാം ദൈവത്തിന്റെ ഉപകരണങ്ങളും, കരങ്ങളും പാദങ്ങളുമായി പ്രവർത്തിച്ചാൽ മാത്രം മതി.

**സി.സി.യോഗം**

2020 മാർച്ച് 7-ന് നടവയൽ ഓസാനാംഭവനിൽ സി.സി.യോഗം ചേർന്നു. സി.സി.വൈ.പ്രസിഡണ്ട് ബ്ര.തോമസ് മാങ്ങൻ സ്വാഗതം ആശംസിച്ചു. സി.സി. വൈസ്. പ്രസിഡണ്ട് ബ്ര.ജോർജ്ജ് ആക്കാന്തിരിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം സി.സി. ആത്മീയോപദേഷ്ടാവ് റവ.ഫാ.അഗസ്റ്റിൻ പുത്തൻപുര ഉദ്ഘാടനം ചെയ്തു. ബലിയല്ല, കരുണയാണ് വേണ്ടതെന്ന യേശുനാഥന്റെ വാക്കുകൾക്ക് പ്രസക്തി വർദ്ധിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. മറ്റുള്ളവരും ഉള്ള ലോകത്തിലെ നമുക്ക് സന്തോഷവാനായി ജീവിക്കുവാൻ കഴിയൂ. ഇതിന് കരുത്തു കാണിക്കുന്ന ഭാവമല്ല, കരുണ കാണിക്കുന്ന ഭാവമാണ് വേണ്ടത്-ഫാ.അഗസ്റ്റിൻ ഉദ്ബോധിപ്പിച്ചു. സി.സി. ജനറൽ സെക്രട്ടറി ബ്ര.ബാബു നമ്പുടാകം പ്രവർത്തന റിപ്പോർട്ട്, സി.സി.ട്രഷറർ ബ്ര.എൻ.യു.ജോൺ വരവ്-ചിലവ് കണക്ക്, ഓസാനാംഭവൻ സെക്രട്ടറി ബ്ര.വിൻസെന്റ് ജോൺ വടക്കുംചേരി ഓസാനാംഭവൻ കണക്കുകൾ എന്നിവ അവതരിപ്പിച്ചു. ചർച്ചകൾക്കുശേഷം യോഗം ഇവ അംഗീകരിച്ചു. 6287500-വരവും, 5801600-ചിലവും വരുന്ന 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് സി.സി.ട്രഷറർ അവതരിപ്പിച്ചു. 10395337-രൂപ വരവും, 10974500-രൂപ ചിലവും പ്രതീക്ഷിക്കുന്ന ഓസാനാം ഭവൻ ബഡ്ജറ്റ് ഓസാനാം ഭവൻ സെക്രട്ടറി അവതരിപ്പിച്ചു. ചർച്ചകൾക്കുശേഷം യോഗം ഇവ അംഗീകരിച്ചു. അടുത്ത വർഷത്തെ പ്രവർത്തനപദ്ധതിയിൽ എ.സി.തല സെമിനാറുകൾ, റീജിണൽ തലത്തിൽ യൂത്ത്, വനിത സെമിനാറുകൾ, വിൻസെന്റ് ഡി പോൾ സൊസൈറ്റി സ്ഥാപകൻ വാഴ്ത്തപ്പെട്ട ഫെഡറിക് ഓസ്സാനാമിനെ വിശുദ്ധനായി പ്രഖ്യാപിക്കുന്നതിന് ഒരു വർഷം നീണ്ടു നില്ക്കുന്ന പ്രത്യേക പ്രാർത്ഥനാ യജ്ഞം എന്നിവ ഉൾപ്പെടുത്തി. മെയ് 12-ന് ബത്തേരി അസംപ്ഷൻ പള്ളിയിൽ നടക്കുന്ന സി.സി. വാർഷികാ ഘോഷങ്ങളുടെ നടത്തിപ്പിനായി ഏപ്രിൽ 5-ന് ഞായറാഴ്ച ഉച്ചകഴിഞ്ഞ് രണ്ടു മണിക്ക് ബത്തേരിയിൽ സ്വാഗതസംഘം രൂപീകരിക്കുന്നതിന് തീരുമാനിച്ചു. ഏപ്രിൽ 4-ന് രാവിലെ 10.30-ന് ഓസാനാംഭവൻ ഭരണസമിതി തെരഞ്ഞെടുപ്പ് നടത്തുവാൻ തീരുമാനിച്ചു. ഓസാനാംഭവൻ ഫാമിലി ഭവന് രണ്ട് ക്വാർട്ടേഴ്സുകൾ നിർമ്മി ക്കുന്നതിന് തീരുമാനിച്ചു. ഇതിന്റെ നടത്തിപ്പിനായി റവ.ഫാ.ബെന്നി മുതിരക്കാലായിൽ, ബ്ര.ജോർജ്ജ് ആക്കാന്തിരി, ബ്ര.ബാബു നമ്പുടാകം, ബ്ര.വിൻസെന്റ് ജോൺ എന്നിവർ അംഗങ്ങളായി സബ്കമ്മറ്റി

രൂപീകരിച്ചു. പുതിയ എ.സി.ഭാരവാഹികളായി (കല്പ്പറ്റ) തെരഞ്ഞെടുക്കപ്പെട്ട സി. ടെസി പുളിയമ്മാക്കൽ പ്രസിഡണ്ട് (ഫോൺ 9447083113), ബ്ര.ആന്റണി മണവാളൻ (വൈ.പ്രസി.), നിലമ്പൂർ എ.സി.പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ബ്ര.ഷാജി പൂവത്താണി (9447439332) എന്നിവരെ യോഗം അനുമോദിച്ചു. പുതുതായി രൂപീകരിച്ച ഹിങ്കൽ സി.സി.യുടെ ബാംഗ്ലൂരിൽ നടന്ന ഉദ്ഘാടന യോഗത്തിൽ സി.സി. ടീം പങ്കെടുത്തു. സി.സി. പ്രസിഡന്റ് ഇതു സംബന്ധിച്ച കാര്യങ്ങൾ വിശദീകരിച്ചു. ഈ വർഷം മുതൽ കോൺഫ്രൻസ്, എ.സി.വാർഷിക കണക്കുകൾ സി.എ. ഓഡിറ്റിന് വിധേയമാക്കുവാൻ തീരുമാനിച്ചു.

**എ.സി.വാർഷികം**

കല്പ്പറ്റ, ചുണ്ടക്കര എ.സി.കളുടെ സംയുക്ത വാർഷികാഘോഷം ചുണ്ടക്കര സെന്റ് ജോസഫ്സ് പള്ളി ഹാളിൽ നടന്നു. ചുണ്ടക്കര എ.സി.പ്രസി. ബ്ര. തങ്കച്ചൻ മേപ്പാടത്ത് അധ്യക്ഷത വഹിച്ചു. ചുണ്ടക്കര പള്ളി വികാരി റവ.ഫാ.കുര്യൻ വാഴയിൽ ഉദ്ഘാടനം ചെയ്തു. ബ്ര. മാത്യു നിരപ്പേൽ, ബ്ര. ജൂഡി കൊരണ്ടിയാർകുന്നേൽ എന്നിവർ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. ചുണ്ടക്കര പള്ളി സഹവികാരി റവ.ഫാ.ടോണി ഏലംകുന്നേൽ, ബ്ര.ജോർജ്ജ് ആക്കാന്തിരി (സി.സി.പ്രസി.), ബ്ര.ബാബു നമ്പുടാകം (സി.സി. ജന.സെക്ര.) ബ്ര. വിൻസെന്റ് ജോൺ (സി.സി.സെക്ര.), ബ്ര.എൻ. യു.ജോൺ (സി.സി.ട്രഷറർ), സി.സിസിലി പഴേമഠം, സി.ടെസി പുളിയംമാക്കൽ, സിമി മാത്യു, ബ്ര.ജിനു മാക്കിയിൽ എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു. റവ.ഫാ.മനോജ് കാക്കോനാൽ (റേഡിയൊ മാറ്റൊലി) വിൻസെൻഷ്യൻ പ്രവർത്തനങ്ങളെക്കുറിച്ച് ക്ലാസ് നയിച്ചു.

**അഗ്രിഗേഷൻ ലഭിച്ചു**

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി മാനന്തവാടി സെൻട്രൽ കൗൺസിലിന്റെ കീഴിൽ പ്രവർത്തിക്കുന്ന 16 കോൺഫ്രൻസുകൾക്ക് അന്തർദേശീയ പ്രസിഡന്റ് ജനറലിന്റെ അംഗീകാരം (അഗ്രിഗേഷൻ) ലഭിച്ച വിവരം സന്തോഷപൂർവം അറിയിച്ചുകൊള്ളുന്നു. ഇതോടൊപ്പം അടുത്തകാലം വരെ മാനന്തവാടി സി.സി. നേതൃത്വം നല്കി പ്രവർത്തിച്ചിരുന്ന ഹിങ്കൽ സി.സി.യിലെ 7 കോൺഫ്രൻസുകൾക്കും അഗ്രിഗേഷൻ ലഭിച്ചിട്ടുണ്ട്. മാനന്തവാടി സി.സി.യിലെ അഗ്രിഗേഷൻ ലഭിച്ച കോൺഫ്രൻസുകൾ-(ബ്രാക്കറ്റിൽ പ്രസ്തുത കോൺഫ്രൻസുകൾ ഉൾപ്പെടുന്ന ഏര്യ കൗൺസിലുകൾ) 1.സെന്റ് അൽഫോൻസ ബത്തേരി, 2.മേരിമാതാ മൂലങ്കാവ് (ബത്തേരി എ.സി)

3.സെന്റ് ജൂഡ് കുറുമ്പാലക്കോട്ട (ചുണ്ടക്കര), 4.സെന്റ് തെരേസ, അരുൾനിലയം (ഗൂഡല്ലൂർ), 5. സെന്റ് ജോൺ പോൾ–2, തൃക്കൈപ്പറ്റ (കല്പ്പറ്റ), 6. സെന്റ് സെബാസ്റ്റ്യൻസ് എടപ്പെട്ടി (കല്പ്പറ്റ എ.സി), 7.സെന്റ് സെബാസ്റ്റ്യൻസ് പോരൂർ (മാനന്തവാടി), 8. സെന്റ് ജൂഡ്സ്, പനമരം (നടവയൽ എ.സി), 9. സെന്റ് ഫ്രാൻസീസ് അസീസ്സി വടപുറം (നിലമ്പൂർ എ.സി), 10. സെന്റ് അൽഫോൻസ വാളേരി (കല്ലോടി), 11. സെന്റ് ജോർജ്ജ്, കോട്ടത്തറ (തരിയോട്), 12. സാന്തോം മരകാവ് (പുൽപ്പള്ളി), 13. സെന്റ് മേരീസ് മരകാവ് (പുൽപ്പള്ളി), 14. സെന്റ് മേരീസ് മുള്ളൻകൊല്ലി (പുൽപ്പള്ളി), 15. സെന്റ് സെബാസ്റ്റ്യൻസ്, ആടിക്കൊല്ലി (പുൽപ്പള്ളി), 16. ഇൻഫന്റ് ജീസ്സസ് പട്ടാണിക്കൂപ്പ് (പുൽപ്പള്ളി എ.സി.).

**കോൺഫ്രൻസ്, എ.സി. വാർഷിക കണക്കുകൾ, റിപ്പോർട്ട്**

സി.സി.യുടെ കീഴിലുള്ള എല്ലാ കോൺഫ്രൻസുകളുടെയും, എ.സി.കളുടെയും വാർഷിക കണക്കുകളും, പ്രവർത്തന റിപ്പോർട്ടും ഏപ്രിൽ 10–നകം സി.സി.യിൽ ഏല്പ്പിക്കേണ്ടതാണ്. 2020 ഏപ്രിൽ ഒന്നു മുതൽ പുതിയ കണക്കുബുക്കുകളിൽ മാത്രം വരവ്–ചിലവു കണക്കുകൾ കോൺഫ്രൻസുകൾ, എ.സി.കൾ എന്നിവ എഴുതേണ്ട താണ്. ഏപ്രിൽ 10–നകം കണക്കുകളും റിപ്പോർട്ടുകളും സി.സി.യിൽ ഏല്പ്പിക്കാത്ത കോൺഫ്രൻസുകൾ, എ.സി.കൾ എന്നിവ പ്രവർത്തന രഹിതമായി കണക്കാക്കുന്നതാണ്.

**ഓസാനാംഭവൻ സന്ദർശനം**

2020 ഏപ്രിൽ മാസത്തിൽ ഓസാനാംഭവൻ സന്ദർശനം നടത്തേണ്ടത് താഴെപറയുന്ന എ.സി.കളിൽപ്പെട്ട കോൺഫ്രൻസു കളാണ്. ഏപ്രിൽ 1–15 കല്ലോടി, ഏപ്രിൽ 16–30 മാനന്തവാടി, മെയ് 1–15 പയ്യമ്പള്ളി, മെയ് 16–30 നടവയൽ.

സ്നേഹപൂർവം,

**റവ. ഫാ. അഗസ്റ്റിൻ പുത്തൻപുര**
സി.സി. ആത്മീയ ഉപദേഷ്ടാവ്
**ബ്ര. ജോർജ്ജ് ആക്കാന്തിരി**
സി.സി. പ്രസിഡന്റ്

## പ്രളയപുനരധിവാസ പദ്ധതിയിൽ ഔഷധ സസ്യ കൃഷി വ്യാപന വുമായി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി

കഴിഞ്ഞ 2 വർഷങ്ങളിലെ പ്രളയത്തിൽ സർവ്വതും നഷ്ടപ്പെട്ട വർക്ക് വീണ്ടും അതിജീവനത്തിന്റെ മാർഗ്ഗമൊരുക്കി മാനന്തവാടി രൂപത യുടെ ഔദ്യോഗിക സാമൂഹ്യ വികസന പ്രസ്ഥാനമായ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി. കഴിഞ്ഞ രണ്ടു പ്രളയവും വയനാ ട്ടിലെ കർഷക സമൂഹത്തെയാണ് ഏറെ ബാധിച്ചത്. കാർഷിക വിള കൾ ഭൂരിഭാഗവും നഷ്ടപ്പെടുകയും മേൽ മണ്ണ് ഭൂരിഭാഗവും ഒലിച്ചു പോയി വളക്കൂറ് ഇല്ലാതാവുകയും ചെയ്തിരിക്കുകയാണ്. ഈ പശ്ചാ ത്തലത്തിൽ കർഷകർക്ക് എളുപ്പത്തിൽ വരുമാനം കൃഷിയിലൂടെ ഉറപ്പു വരുത്തുക എന്ന ലക്ഷ്യത്തോടെ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി സേവ് എ ഫാമിലി പ്ലാൻ കാനഡ, സേവ് എ ഫാമിലി പ്ലാൻ ഇന്ത്യ എന്നിവയുടെ സഹായത്തോടെ ഔഷധ സസ്യങ്ങൾ വാണിജ്യ അടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിന് പദ്ധതി ആരംഭി ക്കുന്നത്. വയനാട് ജില്ലയിലെ പടിഞ്ഞാറത്തറ, എടവക ഗ്രാമപഞ്ചായ ത്തുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 500 കർഷകരാണ് ആദ്യഘട്ട ത്തിൽ ഈ പദ്ധതിയിൽ ഉൾപ്പെടുക. ഓരോ കർഷകനും കസ്തൂരി മഞ്ഞൾ, ബ്രഹ്മി, ചിറ്ററത്ത, വയമ്പ്, രാമച്ചം, ചുവന്ന കൊടുവേലി, ശർക്കരക്കൊല്ലി, തിപ്പലി, കറ്റാർവാഴ, ചിറ്റാടലോടകം എന്നിവയുടെ 500 തൈകൾ സൗജന്യമായി വിതരണം ചെയ്യും. കർഷകർ സ്വന്തം കൃഷി യിടത്തിൽ ഇവ വളർത്തി വിളവെടുപ്പിന് പാകമാവുമ്പോൾ, അവ വയ നാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിത്തന്നെ കർഷകരിൽ നിന്ന് സമാഹരിച്ച് പ്രാഥമിക സംസ്കരണം നടത്തി വിൽപ്പന നടത്തും. കർഷ കർ ഉൽപാദിപ്പിക്കുന്ന മുഴുവൻ ഔഷധ സസ്യങ്ങളും വിൽപ്പന നട ത്തുന്നതിന് ഇന്ത്യയിലെ പ്രമുഖ ആയുർവേദ ഔഷധ നിർമ്മാണ കമ്പ നിയായ ഹിമാലയ ഡ്രഗ്സ് ഇതിനോടകം കരാർ ഒപ്പുവെച്ചിട്ടുണ്ട്. ഈ പദ്ധതിയിലൂടെ മൂന്ന് മാസം മുതൽ ആറുമാസം കൊണ്ട് കർഷകർക്ക് സ്ഥായിയായ വരുമാനം ഉറപ്പുവരുത്തുവാൻ ആണ് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി ഇതി നോടകം ബോയിസ് ടൗണിൽ രണ്ടുലക്ഷത്തി അമ്പതിനായിരം ഔഷധ

സസ്യങ്ങളുടെ തൈകൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള നേഴ്സറിയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചു. പദ്ധതിയുടെ പ്രവർത്തന പുരോഗതി മനസ്സിലാക്കുന്നതിന് സേവ് എ ഫാമിലി കാനഡയിൽ നിന്നും റെയ്ഞ്ചൽ ഡോറിൻ തോർബൺ, കെയ്ത് തോമസ് എന്നിവരും സേവ് എ ഫാമിലി ഇന്ത്യയിലെ പ്രോഗ്രാം ഒഫീസർ ഷിബിൻ ആന്റണിയും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ സന്ദർശനം നടത്തി. പദ്ധതി പ്രവർത്തനങ്ങൾക്ക് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ.ഫാ. പോൾ കൂട്ടാല, അസ്സോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, ബോയിസ് ടൗൺ ഡയറക്ടർ റവ. ഫാ.ബാബു ചക്കിയത്ത്, പ്രോഗ്രാം ഓഫീസർ ജോസ്.പി.എ, പ്രൊജക്റ്റ് കോ ഓർഡിനേറ്റർ ജെയിൻ അഗസ്റ്റിൻ എന്നിവർ നേതൃത്വം നൽകുന്നു.

**ആയിരം കുടുംബങ്ങളിൽ ജൈവ പച്ചക്കറി കൃഷി തോട്ടങ്ങൾ ഒരുക്കി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി**

ഭക്ഷ്യ സുരക്ഷിതത്വം, സുരക്ഷിത ഭക്ഷണം എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി വയനാട്ടിലെ ആയിരം കുടുംബങ്ങളിൽ ജൈവ പച്ചക്കറി തോട്ടങ്ങൾ ഒരുക്കി മാനന്തവാടി രൂപതയുടെ ഔദ്യോഗിക സാമൂഹ്യ വികസന പ്രസ്ഥാനമായ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ പ്രവർത്തനം ശ്രദ്ധേയമാകുന്നു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ പ്രാദേശിക ഘടകങ്ങളായ 40 സോഷ്യൽ സർവ്വീസ് സൊസൈറ്റികളിൽ അംഗങ്ങളായ 1000 കർഷകർക്ക് ചുരുങ്ങിയത് 05 സെന്റ് സ്ഥലത്ത് ജൈവ പച്ചക്കറി കൃഷി ചെയ്യുന്നതിന് ആയിരം രൂപ വീതമാണ് സാമ്പത്തിക സഹായം നൽകിവരുന്നത്. കൂടാതെ ജൈവ പച്ചക്കറി കൃഷിയെ സംബന്ധിച്ച ബോധവൽക്കരണ സെമിനാറുകളും പദ്ധതിയുടെ ഭാഗമായി 40 സോഷ്യൽ വെൽഫെയർ സൊസൈറ്റികളിലും നടപ്പിലാക്കുകയുണ്ടായി. ഇറ്റാലിയൻ ബിഷപ്സ് കോൺഫ്രൻസുമായി സഹകരിച്ചാണ് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രവർത്തനങ്ങൾക്ക് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല, അസ്സോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ്. പി.എ, പ്രൊജക്റ്റ് കോ ഓർഡിനേറ്റർ ഷൈജു ജോസഫ്, ഫീൽഡ് അനിമേറ്റർമാരായ ഷൈനി ദേവസ്യ, ഷീന ആന്റണി, ആലീസ് സിസിൽ, സുജ മാത്യു, ഷൈനി ജോർജ് എന്നിവർ നേതൃത്വം നൽകി.

**അത്യുല്പാദന ശേഷിയുള്ള മഞ്ഞൾ വിത്ത് വിതരണം ചെയ്തു**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസേർച്ചുമായി സഹകരിച്ച് തെരഞ്ഞെടുക്കപ്പെട്ട 08 കോളനികളിലെ 80 ആദിവാസികൾക്ക് അത്യുല്പാദന ശേഷിയുള്ള പ്രഗതി ഇനത്തിൽപ്പെട്ട മഞ്ഞൾ വിത്തുകൾ സൗജന്യമായി വിതരണം ചെയ്തു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിലാക്കിവരുന്ന നബാർഡ് മണ്ണ് പരിപോഷണ നീർത്തട വികസന പദ്ധതി, നബാർഡ് സമഗ്ര ആദിവാസി വികസന പദ്ധതി എന്നിവയിൽ നിന്നും ആണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത്. 06 മാസംകൊണ്ട് വിളവെടുക്കാവുന്നതും, ഒരു കിലോ ഗ്രാം വിത്തിൽ നിന്നും 25 കിലോ ഗ്രാം വരെ വിളവുകിട്ടുന്നതും, രോഗ പ്രതിരോധ ശേഷി കൂടിയതുമായ പുതുതായി വികസിപ്പിച്ചെടുത്ത വിത്തിനമാണ് പ്രഗതി. വയനാട്ടിൽ സാധാരണ കണ്ടുവരുന്ന മഞ്ഞൾ ഇനങ്ങൾക്ക് 04 ശതമാനത്തിൽ താഴെ ക്രുക്കുമിൻ ഉള്ളപ്പോൾ പ്രകൃതി ഇനത്തിൽ 05 ശതമാനത്തിൽ കൂടുതൽ ക്രുക്കുമിൻ ലഭിക്കും. ഇതിലൂടെ കൂടുതൽ വില മഞ്ഞളിന് കർഷകർക്ക് ലഭിക്കും. മഞ്ഞൾ വിത്ത് വിതരണ ഉദ്ഘാടനം വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാലയുടെ അദ്ധ്യക്ഷതയിൽ മാനന്തവാടി മുനിസിപ്പാലിറ്റി കൗൺസിലർ ഉണ്ണികൃഷ്ണൻ നിർവ്വഹിച്ചു. ഭാരതീയ സുഗന്ധ വിള ഗവേഷണ കേന്ദ്രത്തിലെ സീനിയർ സയന്റിസ്റ്റ് ഡോക്ടർ ലിജു തോമസ്, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി അസോസിയേറ്റ് ഡയറക്ററർ റവ.ഫാ.ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ്. പി.എ, പ്രോഗ്രാം കോ ഓഡിനേറ്റർ ജെയിൻ അഗസ്റ്റിൻ എന്നിവർ സംസാരിച്ചു. തുടർന്ന് ശാസ്ത്രീയ മഞ്ഞൾ കൃഷി എന്ന വിഷയത്തിൽ നടന്ന പരിശീലനത്തിന് ഭാരതീയ സുഗന്ധ വിള ഗവേഷണ കേന്ദ്രത്തിലെ പ്രിൻസിപ്പൽ സയിന്റിസ്റ്റ് ഡോക്ടർ ശ്രീനിവാസ്, സീനിയർ സയൻറ്റിസ്റ്റ് ഡോക്ടർ ബിനു എന്നിവർ നേതൃത്വം നൽകി.

**സേവ് എ ഫാമിലി പ്ലാൻ**

സേവ് എ ഫാമിലിയുടെ കുടുംബോദ്ധാരണ പ്രവർത്തനങ്ങളിൽ ഈ മാസം പ്രധാനമായും കുടുംബങ്ങളുടെ വാർഷിക പദ്ധതികൾ തയ്യാറാക്കുകയാണു ചെയ്തുവരുന്നത്. ഈ മാസം മാനന്തവാടി, കൽപ്പറ്റ, പുൽപ്പള്ളി റീജിയനുകളിൽപ്പെട്ട എടയൂർക്കുന്ന്, പയ്യമ്പള്ളി, ഒണ്ടയങ്ങാടി, പുതുശ്ശേരി, മംഗലശ്ശേരിമല, കുറുമ്പാലക്കോട്ട, ചെന്നലോട്, പുതുശ്ശേരിക്കടവ്, ചുള്ളിയാന, മരകാവ്, സീതാമൗണ്ട്, ശശിമല സെൻ്ററുകളിലായി 92 കുടുംബങ്ങളിൽ ആനിമേറ്റേഴ്സ് സന്ദർശനം

നടത്തി അവരുടെ പുരോഗതി വിലയിരുത്തുകയും 2020-2021 വർഷത്തേയ്ക്കുള്ള പദ്ധതികൾ തയ്യാറാക്കുകയും വേണ്ട നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നൽകുകയും ചെയ്തു. ഈ മാസം പദ്ധതിയിൽ തങ്ങളുടെ കാലാവധി പൂർത്തിയാക്കിയ 12 കുടുംബങ്ങളുടെ പുരോഗമന റിപ്പോർട്ട് സമർപ്പിച്ചു. അർഹരായ കുടുംബങ്ങളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ എല്ലാവരുടെയും സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

ഉപഭോക്താക്കൾക്ക് ഈ മാസം ലഭിച്ച ധനസഹായങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| അടിസ്ഥാന സൗകര്യങ്ങൾക്കായി | - | 335000 (SAFP) 250000(GVT) 35000 (Local) |
| ചെറുകിട സംരംഭകങ്ങൾക്കായി | - | 55000(SAFP) |
| കൃഷിക്കയി | - | 24000 (SAFP) |
| മൃഗസംരക്ഷണത്തിനായി | - | 113000 (SAFP) |
| പെൻഷൻ ഇനത്തിൽ | - | 48000(GVT) |
| **ആകെ** | **-** | **860000** |

### ഡി ഡി യു -ജി കെ വൈ (DDU-GKY)

കേന്ദ്രഗ്രാമവികസന മന്ത്രാലയത്തിന്റെ കീഴിൽ ഗ്രാമത്തിലെ 18 നും 35 നും ഇടയിൽ പ്രായമുള്ള യുവജനങ്ങളെ തൊഴിൽ പരമായി കൂടുതൽ കഴിവുള്ളവരാക്കി തീർക്കുവാൻ കേരളാ കുടുംബശ്രീ മിഷനും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയും ഒന്നുചേർന്ന് നടത്തിവരുന്ന DDu-GKY എന്ന പദ്ധതിയുടെ പഠന പരിശീലന പദ്ധതികൾ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ബോയ്സ് ടൗണിലെ പരിശീലന കേന്ദ്രത്തിൽ നടത്തിവരുന്നു.

പ്രസ്തുത പദ്ധതിയുടെ കീഴിൽ ഫാബ്രിക്കേഷൻ, ഇൻഡസ്ട്രീയൽ ഇലക്ട്രീഷ്യൻ, ബ്യൂട്ടിഷൻ എന്നീ കോഴ്സുകളാണ് ഇപ്പോൾ നടന്നുവരുന്നത്. പരിശീലനം പൂർത്തിയായ വിദ്യാർത്ഥികൾ ഇന്ത്യയിലും വിദേശത്തുമായി ഉയർന്ന ശമ്പളത്തിൽ ജോലി ചെയ്തു വരുന്നു.

കുട്ടികളുടെ കലാകായിക ഗുണങ്ങൾ വളർത്തിയെടുക്കാൻ കലാമത്സരങ്ങളും സാഹിത്യ സമാജങ്ങളും നടത്തിവരുന്നുണ്ട്. ഫാബ്രിക്കേഷൻ, ഇൻഡസ്ട്രിയൽ ഇലക്ട്രീഷ്യൻ, ബ്യൂട്ടീഷൻ ക്ലാസുകൾ പൂർത്തിയാക്കിയ വിദ്യാർത്ഥികൾ OJT (ഓൺ ദി ജോബ് ട്രെയിനിങ്) കോഴിക്കോട്, എറണാകുളം ബാംഗ്ലൂർ എന്നിവിടങ്ങളിൽ നടത്തിവരുന്നുണ്ട്. DDU-GKY യുടെ അടുത്ത പദ്ധതിയിലേക്കുള്ള അപേക്ഷകൾ ഈ മാസം മുതൽ ആരംഭിക്കുകയാണ്. ഫാബ്രിക്കേ

ഷൻ, ഡൊമസ്റ്റിക് ഇലക്ട്രീഷ്യൻ, ബ്യൂട്ടീഷ്യൻ, ഫുഡ് പ്രോസ്സസിംഗ് എന്നീ കോഴ്സുകളിലേക്കാണ് അഡ്മിഷൻ ആരംഭിക്കുന്നത്. തൊഴിൽ പരമായ പരിശീലനത്തിൽ മുൻതൂക്കം കൊടുക്കുന്ന ഈ കോഴ്സുകൾ തീർത്തും സൗജന്യമാണ്. കൂടുതൽ വിവരങ്ങൾക്കായി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുമായി ബന്ധപ്പെടുക.

ഫോൺ : 7560892324, 04935 – 240314

**ജീവസ് ഇൻഷുറൻസ്**

മാനന്തവാടി രൂപതയുടെ സാമൂഹ്യപ്രവർത്തനങ്ങളുടെ ഭാഗമായി നടത്തുന്ന ജീവസ് ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ നടപ്പു വർഷം 2030 കുടുംബങ്ങൾ അംഗങ്ങളായിരുന്നു. നാളിതുവരെ 512 ക്ലെയ്മുകൾക്കായി 3849884 രൂപ ഇൻഷൂറൻസ് പരിരക്ഷയായി നമുക്ക് ലഭിച്ചു. കഴിഞ്ഞ വർഷങ്ങളിൽ ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെയും, സിസ്റ്റേഴ്സിന്റേയും, അത്മായ പ്രതിനിധികളുടേയും നിർലോഭമായ സഹകരണത്തിന് നന്ദി. ഈ വർഷവും ഇൻഷുറൻസ് പുതുക്കേണ്ടവർ എത്രയും വേഗം ഡബ്ല്യൂ.എസ്.എസ് മായി ബന്ധപ്പെടേണ്ടതാണ്. ജീവസ് പദ്ധതിയേക്കുറിച്ച് ഏതെങ്കിലും ഇടവകകളിൽ സെമിനാറോ, ക്ലാസുകളോ ആവശ്യമുണ്ടെങ്കിൽ സ്റ്റാർ ഹെൽത്ത് പ്രതിനിധികളും സന്നദ്ധരാണ്. ഇൻഷൂറൻസ് പദ്ധതിയെക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയാൻ ഡബ്ല്യൂ. എസ്.എസുമായി ബന്ധപ്പെടാവുന്നതാണ്.

**ഫോൺ: 9400367560, 04935 240314**

**സോഷ്യൽ വെൽഫെയർ സൊസൈറ്റി**

സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ പ്രവർത്തനത്തിൽ വഴിത്തിരിവ് കുറിച്ച് കൊണ്ട് നബാർഡ് ഇ-ശക്തി പ്രൊജെക്റ്റ് നിലവിൽ വന്നു. വയനാട് സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ കിഴിൽ 602 സ്വാശ്രയസംഘങ്ങൾ നബാർഡിൽ അംഗത്വം സ്വീകരിച്ചു.

സോഷ്യൽ വെൽഫെയർ സൊസൈറ്റികളിൽ 38 സ്ഥലങ്ങളിലായി യൂണിറ്റ് തല യോഗങ്ങൾ അറേഞ്ച് ചെയ്തു. മാനന്തവാടി, പുൽപ്പള്ളി, കൽപ്പറ്റ എന്നീ റീജിയണുകളിൽ അതാത് യൂണിറ്റ് അനിമേറ്റർമാർ യോഗങ്ങൾക്ക് നേതൃത്വം നൽകി. സ്വാശ്രയ സംഘങ്ങൾക്ക് ട്രെയിനീസ് ആയി വന്ന കോളേജ് സ്റ്റുഡന്റ്സ് "കൊറോണ വൈറസിനെ" കുറിച്ച് ബോധവൽക്കരണ ആശയങ്ങൾ നൽകുകയുണ്ടായി. കബനിഗിരി സോഷ്യൽ വെൽഫയർ സൊസൈറ്റിയുടെ 12-ാമത് വാർഷികം 2020 ഫെബ്രുവരി 21 ന് കബനിഗിരി സ്ക്കൂൾ ഓഡിറ്റോറിയത്തിൽ വെച്ചു നടത്തി, ബഹു. തോമസ് പൊൻതൊട്ടി അച്ചൻ അദ്ധ്യക്ഷത വഹിച്ചു. WSSS അസോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ

ഉദ്ഘാടനം ചെയ്തു. ഷാലി ബെന്നി റിപ്പോർട്ട് അവവതരിപ്പിച്ചു. SWS കോർഡിനേറ്റർ ഷൈജു, റീജിണൽ കോർഡിനേറ്റർ സുജ മാത്യു, റവ. ഫാ. ടോമി എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. മലയാള തനിമ വിളിച്ചോതുന്ന നാടൻ പരിപാടികളും നടത്തി. 60 വയസ്സിനു മുകളിൽ പ്രായമായ SWS അംഗങ്ങളെ പൊന്നാട അണിയിച്ച് ആദരിച്ചു. യൂണിറ്റിൽ ഏറ്റവും നല്ല പച്ചക്കറി തോട്ടത്തിന് ഒന്നും രണ്ടും സമ്മാനങ്ങൾ നൽകി. വാർഷികാഘോഷത്തിനു പരിപാടികൾ അവതരിപ്പിച്ച എല്ലാവർക്കും ബഹു. തോമസ് പൊൻതൊട്ടി അച്ചൻ പ്രോത്സാഹന സമ്മാനങ്ങൾ വിതരണം ചെയ്തു. പരിപാടിക്ക് ജിജി പൗലോസ് സ്വാഗതവും രാജി സനീഷ് നന്ദിയും പറഞ്ഞു.

പ്രളയ പുനഃരധിവാസത്തിന്റെ ഭാഗമായി കാത്തലിക് റിലീഫ് സർവ്വീസിന്റെ സഹായത്തോടെ WSSS ലൂടെ നടപ്പിലാക്കിയ ആട് വളർത്തൽ പദ്ധതിയുടെ 100 കുടുംബങ്ങൾക്ക് നൽകിയ ആടുകളിൽ നിന്നും ആദ്യത്തെ പെൺ ആടിനെ മറ്റൊരു കുടുംബത്തിനായി നൽകുന്ന പ്രവർത്തനങ്ങൾ തുടരുന്നു. കഴിഞ്ഞ മാസങ്ങളിൽ 16 കുടുംബങ്ങളെയാണ് സഹായിക്കാൻ സാധിച്ചത്. ഈ മാസം കമ്മനയിൽ നിന്നും ലഭിച്ച 2 ആടുകളിൽ നിന്നും എടയൂർക്കുന്ന്, ദ്വാരക യൂണിറ്റുകളിൽ 2 കുടുംബങ്ങൾക്ക് നൽകാൻ സാധിച്ചു. SWS കളിൽ നിന്നും ലഭിച്ച അപേക്ഷ മുൻഗണന ക്രമത്തിൽ ആണ് നവജീവൻ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്.

**കൊറോണ ബോധവൽക്കരണ സെമിനാർ**

മാനന്തവാടി: മാനന്തവാടി രൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി കാരിത്താസ് ഇന്ത്യയുമായി സഹകരിച്ചു നടപ്പാക്കുന്ന നവജീവൻ ദുരന്ത ലഘൂകരണ പദ്ധതിയുടെ ഭാഗമായി കൊറോണ ബോധവൽക്കരണ സെമിനാർ നടത്തി.

എടവക ഗ്രാമപഞ്ചായത്തിലെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഒരപ്പ്, എള്ളുംമന്ദം, ചാമാടിപ്പൊയിൽ, പാണ്ടിക്കടവ്, ഒഴക്കോടി എന്നീ വാർഡുകളിലെ പ്രവർത്തകർ സെമിനാറിൽ സംബന്ധിച്ചു.

കല്ലോടി സെന്റ് ജോർജ്ജ് ഫൊറോന വികാരി റവ. ഫാ. അഗസ്റ്റിൻ പുത്തൻപുരയ്ക്കൽ സെമിനാർ ഉദ്ഘാടനം ചെയ്തു. പ്രൊജക്റ്റ് കോർഡിനേറ്റർ ജെയിൻ അഗസ്റ്റിൻ, ഷീന ആന്റണി എന്നിവർ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദീകരിച്ചു. മെഡിക്കൽ സൂപ്രണ്ട് ജോൺസൺ ആർപ്പാട്, ജൂനിയർ മെഡിക്കൽ ഓഫീസർ സജോയി മലേക്കുടിയിൽ എന്നിവർ ക്ലാസ്സുകൾ എടുത്തു. സോഷ്യൽ

വെൽഫയർ സൊസൈറ്റി പ്രസിഡണ്ട് ചാക്കോ ചെറുപ്ലാവിൽ, കമ്മ്യൂണിറ്റി ഡെവലപ്മെന്റ് ഓർഗനൈസർ വൽസ ജോസഫ്, സെക്രട്ടറി ജെസ്സി ജോൺസൺ എന്നിവർ സെമിനാറിനു നേതൃത്വം നൽകി.

**കേരള ലേബർ മൂവ്മെന്റ് (KLM)**

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീകരണത്തിനുമായി പ്രവർത്തിച്ചുവരുന്ന കേരള ലേബർ മൂവ്മെന്റിന്റെ മാനന്തവാടി രൂപതയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ട് പോകുന്നു.

**സ്വാവലംബൻ**

സ്വാവലംബൻ പെൻഷൻ പദ്ധതിയിൽ ചേർന്നവരുടെ 2019-20 ലെ പുതുക്കൽ പൂർത്തിയായി.

**സോണൽ മീറ്റിംഗ്**

ഇതര സംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിന് വേണ്ടി തെരഞ്ഞെടുക്കപ്പെട്ട കമ്മറ്റിയുടെ നേതൃത്വത്തിൽ ഒരു ആലോചനാ യോഗം 2020 ഫെബ്രുവരി 25 ന് കോഴിക്കോട് SRC ക്രൈസ്റ്റ് ഹാൾ, മലാപ്പറമ്പ് നടന്നു. ഈ യോഗത്തിൽ കണ്ണൂർ, തലശ്ശേരി, മാനന്തവാടി, കോഴിക്കോട്, സുൽത്താൻ ബത്തേരി, താമരശ്ശേരി എന്നീ രൂപതകളിൽ നിന്നു പ്രതിനിധികൾ പങ്കെടുത്തു.

**ക്ഷേമ പദ്ധതികൾ**

നിർമ്മാണത്തൊഴിലാളി, കർഷകത്തൊഴിലാളി എന്നീ ക്ഷേമനിധികളുടെ ഈ വർഷത്തെ അംഗത്വം പുതുക്കൽ മാർച്ച് 31 ന് പൂർത്തിയാകും.

**ഫാ. പോൾ കൂട്ടാല**
ഡയറക്ടർ, WSSS

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

ഒരു ബദൽ കാർഷിക സംസ്ക്കാരം ശാസ്ത്രീയമായ ജൈവകൃഷിയിലൂടെ രൂപപ്പെടുത്തുവാൻ മാനന്തവാടി രൂപതയുടെ ജൈവകൃഷി വ്യാപന സംരംഭമായ ബയോവിൻ അഗ്രോ റിസേർച്ച് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. നിലവിൽ 17000ത്തിൽ അധികം കർഷകരുള്ള ബൃഹത്തായ ഒരു ജൈവ കർഷക പ്രസ്ഥാനമായി നമ്മുടെ ജൈവ കൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി മാറിയിട്ടുണ്ട്.

**കൃഷിയിട സന്ദർശനം**

മികവുറ്റ രീതിയിൽ ജൈവകൃഷി ചെയ്യുന്ന തോട്ടങ്ങൾ കണ്ടെത്തുകയും അവ മോഡൽ ഫാമുകളാക്കി മാറ്റുന്നതിന്റെയും ഭാഗമായി ഫീൽഡ് കോർഡിനേറ്റർമാർ കൃഷിയിടങ്ങൾ സന്ദർശിക്കുകയും കർഷകരുടെ പ്രശ്നങ്ങളും നിർദ്ദേശങ്ങളും അറിയുകയും, ഗ്രൂപ്പ് മീറ്റിംഗുകളിൽ പങ്കെടുക്കേണ്ടതിന്റെ ആവശ്യകത, സംഭരണ രീതി, ഉൽപ്പന്നങ്ങൾ ശേഖരിക്കുന്നത് എവിടെയൊക്കെയാണ് തുടങ്ങിയ കാര്യങ്ങൾ മനസ്സിലാക്കി കൊടുക്കുകയും ചെയ്തു. മുൻകൂട്ടി അറിയിച്ചത് പ്രകാരം ജൈവ നിലവാരം പരിശോധിക്കുന്നതിനായി കർഷകരിൽ നിന്നും കാപ്പി, കുരുമുളക് എന്നിവയുടെ സാമ്പിൾ ശേഖരിക്കുകയും ചെയ്തു.

**കർഷക ഗ്രൂപ്പ് മീറ്റിംഗുകൾ**

ജൈവ ഉൽപ്പന്നങ്ങളുടെ വിളവെടുപ്പ്, സംഭരണം, കർഷ ഗ്രൂപ്പുകളിലെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക എന്നിവ ആസ്പദമാക്കി നടത്തുന്ന കർഷക ഗ്രൂപ്പ് മീറ്റിംഗുകൾ വില്ലേജ് ഫ-1 ക്ലബ്ബുകളിൽ നടക്കുകയും തിരഞ്ഞെടുക്കപ്പെട്ട 72 ഗ്രൂപ്പുകളിൽ റീജിണൽ കോർഡിനേറ്റർമാർ, അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ ഓഫീസർ എന്നിവർ പങ്കെടുക്കുകയും കർഷക ഭവനങ്ങളും കൃഷിയിടവും സന്ദർശിക്കുകയും ചെയ്തു.

**പുതിയ അംഗത്വം**

പുതിയ വർഷം കൂടുതൽ കർഷകരെ ജൈവകൃഷി രീതിയിലേക്ക് കൊണ്ടുവരിക എന്ന ഉദ്ദേശ്യത്തോട് കൂടി വിവിധ റീജിയനുകളിൽ നിന്നും 240 കർഷകരെ പദ്ധതിയിൽ ഉൾപ്പെടുത്തി.

**സംഭരണം**

ഓർഗാനിക് സ്റ്റാറ്റസിൽ എത്തിയ വൊഫയിൽ അംഗങ്ങളായ കർഷകരിൽ നിന്നും ഫെബ്രുവരി മാസം ഉണക്ക കാപ്പി കിലോയ്ക്ക് 80 രൂപ നിരക്കിൽ 488262.5 കിലോയും, കുരുമുളക് കിലോയ്ക്ക് 120 രൂപ നിരക്കിൽ 1085.26 കിലോയും സംഭരിച്ചു. പദ്ധതിയിൽ അംഗങ്ങളായ ഒന്ന്, രണ്ട്, മൂന്ന് വർഷക്കാരിൽ നിന്നും കഫെയിൽ അംഗങ്ങളായ കർഷകരിൽ നിന്നുമായി 350454 കിലോ ഉണക്ക കാപ്പി കിലോഗ്രാമിന് 72 രൂപ നിരക്കിൽ സംഭരിച്ചു. ഫെബ്രുവരി മാസം 1527 കർഷകരിൽ നിന്നുമായി ഉൽപ്പന്നങ്ങൾ സംഭരിച്ചു.

**ബയോലാന്റ് അഗ്രോ പ്രോസ്സസിംഗ് സെന്റർ (സംസ്കരണം)**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉൽപ്പന്നങ്ങൾ മൂല്യ വർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാന്റ് അഗ്രോ പ്രോസ്സസിംഗ് സെന്റർ ഫെബ്രുവരി മാസത്തിലും കാപ്പി, മഞ്ഞൾ, കുരുമുളക് തുടങ്ങിയവ സംസ്ക്കരിക്കുകയും ഇതിനായി 600 തൊഴിൽ ദിനങ്ങൾ ഉപയോഗപ്പെടുത്തുകയും ചെയ്തു. മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ബയോവിൻ വഴി വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

# നീലഗിരി ഡവലപ്മെന്റ് സൊസൈറ്റി

മാനന്തവാടി രൂപതയിലെ നീലഗിരി റീജണിലെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന NDS ന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ട് പോകുന്നു. എല്ലാ മാസവും രണ്ടാം ശനിയാഴ്ച മേഖലാ ഇവാലുവേഷനും മാസത്തിലെ നാലാം ശനിയാഴ്ച യൂണിറ്റ് തല ഇവാലുവേഷനും നടന്നു വരുന്നു. വനിതാ ദിനാചരണം: 2020 മാർച്ച് 8–ാം തീയതി അന്താരാഷ്ട്ര വനിതാദിനമായി ആചരിച്ചു. മാറിവരുന്ന സാമൂഹിക ചുറ്റുപാടിൽ 'സ്ത്രീകളുടെ സമത്വം കഴിവുറ്റ ലോകത്തിന്' എന്ന വിഷയത്തെ അടിസ്ഥാനമാക്കി വിവിധങ്ങളായ പരിപാടികളോടെ വനിതാദിനം ആചരിക്കപ്പെട്ടു. ആധുനികലോക വ്യവസ്ഥയിൽ സ്ത്രീകളുടെ ശാക്തീകരണം വിവിധ മേഖലകളിലെ അസമത്വങ്ങൾ നീക്കുന്നതിലൂടെ മാത്രമേ സാധ്യമാകൂ എന്ന ആശയം ചർച്ചകളിലൂടെയും പരിപാടികളിലൂടെയും വിവിധ യൂണിറ്റുകൾ പങ്കുവച്ചു. സാമൂഹികക്ഷേമ മേഖലകളിൽ പ്രവർത്തന മികവ് തെളിയിച്ച വനിതകളെ വിവിധ യൂണിറ്റുകൾ ആദരിച്ചു.

കോവിഡ് 19 ബോധവൽക്കരണ പരിപാടികൾ: ലോകത്തെ ബഹുഭൂരിപക്ഷം രാജ്യങ്ങളിലും ഭീതിയിലാഴ്ത്തി മുന്നേറുന്ന കൊറോണ വൈറസ് വ്യാപനം തടയുന്നതിന്റെ ഭാഗമായി യൂണിറ്റ് തല ബോധവൽക്കരണ ക്ലാസ്സുകൾ ക്രമീകരിക്കുകയും വ്യക്തിത്വ ശുചിത്വം, രോഗവ്യാപനം തടയുന്നതിന്റെ ഭാഗമായിട്ടുള്ള അകലം പാലിക്കൽ എന്നിവയെക്കുറിച്ച് ആളുകളെ പഠിപ്പിക്കുകയും ചെയ്തു. പ്രതിരോധ നടപടികളുടെ ഭാഗമായിട്ടുള്ള മാസ്ക്ക്, സാനിറ്റെസർ ലോഷനുകൾ എന്നിവ യൂണിറ്റുകളിൽ ഉണ്ടാക്കി മിതമായ നിരക്കിൽ വിൽക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ നടത്തുവാനും പൊതു സ്ഥലങ്ങളിൽ ശുചീകരണ സംവിധാനങ്ങൾ ക്രമീകരിച്ച് ഗവൺമെന്റ് പ്രവർത്തനങ്ങളിൽ പങ്കാളികളാകുവാനും യൂണിറ്റുകൾക്ക് നിർദ്ദേശം നൽകി.

പൈലറ്റ് സർവ്വേ: NDS ഉം ഇറ്റാലിയൻ ബിഷപ്സ് കോൺഫ്രൻസും സംയുക്തമായി നീലഗിരി ജില്ലയിൽ നടത്താൻ പോകുന്ന വികസന പ്രവർത്തനങ്ങളുടെ മുന്നോടിയായി അർഹരായ ആളുകളെ

കണ്ടെത്തുന്നതിനുള്ള സർവ്വേ നടത്തുകയും PWLWD വിഭാഗത്തിൽ പ്പെട്ട 184 കേസുകൾ കണ്ടെത്തുകയും ചെയ്തു. ഇതിനു പുറമേ വിവിധ വിഭാഗത്തിൽപ്പെട്ട ആളുകളെ സർക്കാരിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ഓഡിറ്റ്: 2020 മാർച്ച് മാസം പൂർത്തിയാകുന്ന സാമ്പത്തിക വർഷത്തിന് മുന്നോടിയായി NDS ന്റെ കീഴിലുള്ള മുഴുവൻ SHG കളുടെയും ഒരു സാമ്പത്തിക അവലോകന റിപ്പോർട്ട് തയ്യാറാക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി യൂണിറ്റ് തല ഓഡിറ്റിംഗ് നടന്നു വരുന്നു. ഇതിനുവേണ്ട എല്ലാ ക്രമീകരണങ്ങളും നടത്തിതരുന്ന യൂണിറ്റ് CO മാർക്ക് നന്ദി അറിയിക്കുന്നു.

സൊസൈറ്റിയുടെ പ്രവർത്തന വിജയത്തിനുവേണ്ടി അധ്വാനിക്കുന്ന എല്ലാവർക്കും നന്ദി അറിയിക്കുന്നു.

**ഫാ. ബിനോയി കെ. സെബാസ്റ്റ്യൻ കാശാംകുറ്റിയിൽ**
ഡയറക്ടർ, NDS Gudalur

## കത്തോലിക്ക കോൺഗ്രസ്സ് കേന്ദ്ര പ്രവർത്തക സമിതിയോഗം പി.ഒ.സിയിൽ

കത്തോലിക്കാ കോൺഗ്രസ്സ് കേന്ദ്രവർക്കിംഗ് കമ്മിറ്റി 19-1-2020 ന് പാലാരിവട്ടം പി.ഒ.സിയിൽ പ്രസിഡണ്ട് ബിജു പറയനിലത്തിന്റെ അദ്ധ്യക്ഷതയിൽ നടന്നു. വൈസ് പ്രസിഡണ്ട് സെലിൻ സിജോയുടെ പ്രാരംഭ പ്രാർത്ഥനയ്ക്കുശേഷം ജനറൽ സെക്രട്ടറി ടോണി പുഞ്ചക്കുന്നേൽ സ്വാഗതം പറഞ്ഞു. സമുദായത്തെ സ്വയം പര്യാപ്ത തയിലേക്ക് എത്തിക്കുന്നതിന് 2020 സംരഭകവർഷമായി കത്തോലിക്കാ കോൺഗ്രസ്സ് ആചരിക്കുമെന്നും, ആനുകൂല്യങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുവാൻ ഹെൽപ്പ് ഡെസ്ക്കുകൾ രൂപീകരിക്കണമെന്നും, പൗരത്വ നിയമഭേദഗതി ബിൽ ഭരണഘടന വിരുദ്ധമാണെന്നും, അതിനെ ശക്തമായി എതിർക്കണമെന്നും പ്രസിഡണ്ട് തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു.

കൃത്യമായ ജീവിതവീക്ഷണത്തിലൂടെ കാര്യങ്ങളെ സമീപിച്ച് സംരംഭകത്തെ പ്രോത്സാഹിപ്പിക്കുന്ന സംഘടനാ പ്രവർത്തനം അഭിനന്ദനീയമാണെന്ന് യോഗം ഉദ്ഘാടനം ചെയ്തുകൊണ്ട് കെ.സി.ബി.സി. സെക്രട്ടറി ജനറൽ ഫാ. വർഗ്ഗീസ് വള്ളിക്കാട്ട് പറഞ്ഞു. രാജ്യത്ത് വർദ്ധിച്ചുവരുന്ന തീവ്രവാദ പ്രവർത്തനങ്ങളെയും, നിരന്തരം സഭയെ പിന്തുടർന്ന് ആക്രമിക്കുന്ന സംഘടിത ശക്തികളെയും നാം ഗൗരവപൂർവ്വം കാണണമെന്നും ഫാ. വർഗ്ഗീസ് വള്ളിക്കാട്ട് പറഞ്ഞു. ഡയറക്ടർ ഫാ. ജിയോ കടവി ആമുഖ പ്രസംഗം നടത്തി.

അഡ്വ. പി.ടി. ചാക്കോ, ഫീസ്റ്റി മാമ്പിള്ളി, വി.വി. അഗസ്റ്റിൻ എന്നിവർ പൗരത്വ ബില്ലിന്റെ ദോഷങ്ങളെ വിശകലനം ചെയ്തുകൊണ്ട് ചർച്ചകൾ നടത്തുകയും, പൗരത്വ ബില്ലിനെ ശക്തമായി എതിർക്കുവാൻ സംഘടന തീരുമാനിക്കുകയും ചെയ്തു.

സാമ്പത്തികമായി പ്രതിസന്ധിയിലായ സമുദായാംഗങ്ങൾക്ക് ആനുകൂല്യങ്ങൾ എത്തിച്ച് നൽകുവാൻ പഞ്ചായത്ത്, മുൻസിപ്പൽ, കോർപ്പറേഷൻ തലത്തിൽ ഹെൽപ് ഡെസ്ക്കുകൾ രൂപീകരിക്കുവാൻ തീരുമാനിച്ചു. സെക്രട്ടറി ജോസ്കുട്ടി ജെ.ഒഴുകയിൽ ജനറൽ കൺവീനറായും എല്ലാ രൂപത പ്രസിഡണ്ടുമാരും കൺവീനർമാരു മായും ഒരു സമിതിയെ ഫെബ്രുവരി 29 നകം ഹെൽപ് ഡെസ്ക്കുകൾ പൂർത്തിയാക്കുവാൻ ചുമതലപ്പെടുത്തി.

2020 സംരംഭകവർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി രൂപതകളിലെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും റിപ്പോർട്ട് തയ്യാറാക്കുന്നതിനുമായി സെക്രട്ടറി തൊമ്മി പിടിയത്ത് ജനറൽ കൺവീനറായും ജോയ് കെ മാത്യുവും, എല്ലാ രൂപത ജനറൽ സെക്രട്ടറിമാരും കൺവീനർമാരായും ഒരു സമിതിയെ രൂപീകരിച്ചു. സംസ്ഥാന, രൂപത, ഫൊറോനാ, യൂണിറ്റ് തലങ്ങളിലുള്ള സംരംഭക സാധ്യതകളെ പറ്റി ഫെബ്രുവരി 21 നകം റിപ്പോർട്ട് നൽകുവാനും എല്ലാ തലങ്ങളിലും സംരംഭങ്ങൾ ആരംഭിക്കുവാനും, നേതൃത്വം നൽകുവാനും ഈ സമിതിയെ ചുമതലപ്പെടുത്തി. ഫെബ്രുവരി 21 നു രാവിലെ 10 മുതൽ പി.ഒ.സി. യിൽ ജനറൽ സെക്രട്ടറിമാരുടെ യോഗം ചേരുവാനും തീരുമാനിച്ചു.

സംഘടനാ പ്രവർത്തന ഫണ്ട്, കെട്ടിട നിനർമ്മാണ ഫണ്ടിനായി മെഗാ ഇവന്റ് സ്, മെമ്പർഷിപ് ക്യാമ്പയിൻ, അക്കൗണ്ട് ബുക്കുകളുടെ സൂക്ഷിപ്പ്, ബുള്ളറ്റിൻ പ്രസിദ്ധീകരണം, സംരംഭക വർഷത്തിന്റെ നടത്തിപ്പ് തുടങ്ങിയ സാമ്പത്തികമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് നേതൃത്വം നൽകുവാൻ ട്രഷറർ പി.ജെ. പാപ്പച്ചൻ ജനറൽ കൺവീനറായും, സെക്രട്ടറി ആന്റണി എൽ. തൊമ്മാന, എല്ലാ രൂപത ട്രഷറർമാർ കൺവീനർമാരുമായും ഒരു സമിതിയെ രൂപീകരിച്ചു. ഫെബ്രുവരി 21 നു രാവിലെ 10.30 മുതൽ റിന്യൂവൽ സെന്ററിൽ ട്രഷറർ പി.ജെ. പാപ്പച്ചന്റെ അദ്ധ്യക്ഷതയിൽ സമിതി ചേരുന്നതാണ്.

കേരളത്തെ നാല് മേഖലയായി തിരിച്ച് മെഗാ ഇവന്റ്സ് നടത്തണമെന്നും, സംരംഭകവർഷത്തിന്റെ ഭാഗമായി ഇടവക തലത്തിൽ ക്രെഡിറ്റ് യൂണിയനുകളും, കുറികൾ (ചിട്ടികൾ) ജെഎൽജി, എസ്എച്ച്ജി ഗ്രൂപ്പുകളും, മാതൃക ഫാമിങ്ങും ആരംഭിക്കണമെന്ന ഡയറക്ടർ ഫാ. ജിയോ കടവിയുടെ നിർദ്ദേശം യോയം അംഗീകരിച്ചു. മെഗാ ഇവന്റസിനോട് അനുബന്ധിച്ച് സമ്മേളനവും, അവാർഡ് ദാനവും നടത്തുവാൻ തീരുമാനിച്ചു.

ഹെൽപ് ഡെസ്ക്കളിലൂടെ തെരഞ്ഞെടുക്കപ്പെട്ട് വരുന്ന വർക്കായി വിഷൻ 20-25 വർക്ക് ഷോപ്പ് നടത്തി നേതൃത്വത്തിലേക്ക് കൊണ്ടുവരാൻ പ്രൊഫ. ജാൻസെൻ ജോസഫിനെ കൺവീനറായും ജോസ്കുട്ടി ജെ ഒഴുകയിൽ എന്നിവരെ ചുമതലപ്പെടുത്തി.

ആധാരത്തിൽ വില കുറച്ച് കാണിച്ചു എന്നാരോപിച്ച് റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികളിൽ നിന്നും കർഷകരെ രക്ഷിക്കുവാനായി അടിയന്തിരമായി സന്മനസുള്ള അഭിഭാഷകരെ

ഉൾപ്പെടുത്തി നിയമ സഹായ സമിതി രൂപീകരിക്കുവാൻ തീരുമാനിച്ചു. അഡ്വ. ടോണി പുഞ്ചക്കുന്നേൽ ജനറൽ കൺവീനറായും, അഡ്വ. ഗ്ലാഡീസ് ചെറിയാൻ കണവീനറായും ഉള്ള അഭിഭാഷക സംസ്ഥാന സമിതിക്ക് രൂപം നൽകി.

ഉന്നത വിദ്യാഭ്യാസ നിലവാരത്തിലേക്ക് വിദ്യാർത്ഥികളെ എത്തിക്കുന്നതിനായി ഗ്ലോബൽ സമിതിയുടെ ആഭിമിഖ്യത്തിൽ "പ്രഫഷണൽ ആൻഡ് ഇന്റലെക്ചൽ പ്രമോട്ടേഴ്സ് കൗൺസിൽ" രൂപീകരിച്ചു. ഏപ്രിൽ അവസാന ആഴ്ചയിൽ കോട്ടയം, എറണാകുളം, തലശ്ശേരി, തൃശൂർ എന്നിവിടങ്ങളിൽ വെച്ച് ഐ.എ.എസ് തല വിദ്യാഭ്യാസം ആഗ്രഹിക്കുന്ന കുട്ടികളെ റിക്രൂട്ട് ചെയ്യുവാൻ സെമിനാർ നടത്തും. തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികളിൽ സാമ്പത്തിക ബുദ്ധിമുട്ടുള്ള കുട്ടികളെ കത്തോലിക്ക കോൺഗ്രസ്സ് പഠിപ്പിക്കും.

രാജ്യത്തിന്റെ വിവിധ പട്ടണങ്ങളിൽ സമുദായ അംഗങ്ങളുടെ കൂട്ടായ്മ സൃഷ്ടിക്കുന്നതിനു ഗ്ലോബൽ സമിതിയുടെ ആഭിമുഖ്യത്തിൽ കാത്തലിക് ഹബ്ബുകൾ വിവിധ പട്ടണങ്ങളിൽ രൂപീകരിക്കുന്നതിന്റെ ഭാഗമായി തൃശൂർ – സി.എൽ. ഇഗ്നേഷ്യസ്, എറണാകുളം – ബേബി പൊട്ടനാനി, കോട്ടയം-തോമസ് പീടികയിൽ എന്നിവരെ ചുമതലപ്പെടുത്തി.

കേരളത്തിന്റെ പുറത്ത് ഇന്ത്യയിൽ കത്തോലിക്കാ കോൺഗ്രസ്സ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 2020 മെയ് മദ്ധ്യത്തോട് ബാംഗ്ലൂരിൽ വച്ച് ദേശീയ സമ്മേളനം സംഘടിപ്പിക്കുവാനും ഇതിന്റെ സംഘാടക ചുമതല അഡ്വ. പി. ടി. ചാക്കോ, ഫീസ്റ്റി മാമ്പിള്ളി, ബിറ്റി നെടുനിലം, ജോബി നീണ്ടുകുന്നേൽ, ചാക്കപ്പൻ ബാംഗ്ലൂർ, ജേക്കബ് ചാക്കത്തറ എന്നിവർക്ക് നൽകി.

കത്തോലിക്കാ കോൺഗ്രസ്സിന്റെ മിഷൻ പ്രവർത്തിന്റെ ഭാഗമായി അദിലാബാദ് രൂപതയിൽ ഒരു ദേവാലയം നിർമ്മിച്ച് നൽകു വാനും ഇതിന്റെ ആവശ്യത്തിലേക്ക് സ്പോൺസർമാരെ കണ്ടെത്തു വാനും തീരുമാനിച്ചു. യോഗത്തിൽ വച്ച് ശ്രീ. ഡെന്നി കൈപ്പനാനി, ഷെവ. സിബി വാണിയപ്പുരയ്ക്കൽ എന്നിവർ 25,000/- രൂപ വീതം സംഭാവന നൽകാമെന്നും അറിയിച്ചു.

പ്രവാസികളുടെ ഉന്നമനം മുന്നിൽ കണ്ട് പ്രവാസികളുടെ കോഓർഡിനേറ്റർ ആയി പ്രവർത്തിക്കുന്ന ഷെവ.സിബി വാണിപ്പുരയ്ക്കലിനെ സഹായിക്കുന്നതിന് സാജു അലക്സ്, ബെന്നി പുതിയാപുറം, ജാക്സൺ മാസ്റ്റർ, റെജി കൊച്ചുകരിപ്പാപ്പറമ്പിൽ, ജയ്മോൻ തൊട്ടുപുറം എന്നിവരടങ്ങിയ കമ്മിറ്റി രൂപീകരിച്ചു.

കത്തോലിക്ക കോൺഗ്രസ്സിന്റെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും കാർഷിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും കാസർഗോഡ് നിന്നും തിരുവനന്തപുരം വരെ ഒരു യാത്ര സംഘടിപ്പിക്കുവാൻ തീരുമാനിച്ചു.

കേരളത്തിന്റെ നവോത്ഥാന ചരിത്രത്തിൽ കത്തോലിക്കാ കോൺഗ്രസ്സിന്റെ പങ്ക് എന്ന വിഷയത്തിൽ നടത്തപ്പെടുന്ന ക്വിസ് മത്സരം സമയബന്ധിതമായി പൂർത്തീകരിക്കുവാൻ തീരുമാനിച്ചു.

കോട്ടയം ഓഫീസിലേക്ക് വി.വി. ആഗസ്റ്റിൻ സ്പോൺസർ ചെയ്ത മൈക്ക് സെറ്റ് വർക്കിംങ്ങ് കമ്മറ്റിയിൽ വച്ച് സംഘടനയ്ക്ക് കൈമാറുകയും വി.വി. അഗസ്റ്റിന് യോഗം പ്രത്യേകം നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

ട്രഷറർ പീ.ജെ. പാപ്പച്ചന്റെ കൃതജ്ഞതയോടുകൂടി യോഗം സമാപിച്ചു.

**മാനന്തവാടി രൂപത പ്രവർത്തക സമിതി യോഗവും അനുമോദന സമ്മേളനവും പനമരത്ത്**

2020 ജനുവരി 14–ാം തീയതി ഉച്ചകഴിഞ്ഞ് 2030 ന് പനമരം സെന്റ് ജൂഡ് ദൈവാലയ ഓഡിറ്റോറിയത്തിൽ വെച്ച് രൂപതാ പ്രസിഡണ്ട് ഡോ. കെ.പി. സാജുവിന്റെ അദ്ധ്യക്ഷതയിൽ പ്രവർത്തകസമിതി യോഗം ചേർന്നു. മാനന്തവാടി രൂപതാ വികാരി ജനറാൾ മോൺ. അബ്രാഹം നെല്ലിക്കൽ സമ്മേളനം ഉദ്ഘാടനം ചെയ്യുകയും, ജൂബിലിയേറിയൻസായ രൂപതാ ഡയറക്ടർ ഫാ. ആന്റോ മമ്പള്ളി, ഫാ. ജിൽസൺ കോക്കണ്ടത്തിൽ, ഫാ. ബാബു മാപ്ലശേരി, ഫാ. ജോജോ ഔസേപ്പറമ്പിൽ, ഫാ.ജോയി പുല്ലൻകുന്നേൽ എന്നിവരെ ആദരിക്കുകയും ചെയ്തു. മാനന്തവാടി രൂപതയ്ക്കും വിവിധ ഇടവകകൾക്കും ഇവർ ചെയ്ത നന്മകളെ അനുസ്മരിച്ചുകൊണ്ട് രൂപതയ്ക്കുവേണ്ടി ജനറാളച്ചൻ നന്ദി അറിയിക്കുകയും ചെയ്തു. തുടർന്ന് പ്രസിഡണ്ട് ജൂബിലിയേറിൻസിനെ പൊന്നാട അണിയിക്കുകയും ജനറാളച്ചൻ മെമന്റോ നൽകുകയും ചെയ്തു. വർക്കി നിരപ്പേൽ, അഡ്വ. ഗ്ലാഡീസ് ചെറിയാൻ, ജിൽസ് മേക്കൽ, തോമസ് പാഴൂക്കാല, ജോജൻ മണിമൂളി എന്നിവർ അനുമോദിച്ച്കൊണ്ട് സംസാരിച്ചു. തുടർന്ന് ഫാ. ആന്റോ മമ്പള്ളി, ഫാ. ജിൽസൺ കോക്കണ്ടത്തിൽ, ഫാ. ബാബു മാപ്ലശ്ശേരി എന്നിവർ മറുപടി പ്രസംഗം നടത്തി.

തുടർന്ന് സമുദായവും സമൂഹവും നേരിടുന്ന വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും ഗ്ലോബൽ സമിതിയുടെ പ്രവർത്തനങ്ങളോട് ചേർന്ന് സമൂഹത്തിനും സമുദായത്തിനും ഗുണാത്മകമാകുന്ന പ്രവർത്തന

ങ്ങൾ നമ്മുടെ രൂപതയിലും കാര്യക്ഷമമാക്കുന്നതിന് തീരുമാനിച്ചു. ഗ്ലോബൽ പ്രവർത്തകസമിതിയിൽ പങ്കെടുക്കുന്നതിനായി 4 പേരെ ചുമതലപ്പെടുത്തി. രൂപതാ ട്രഷറർ ശ്രീ. ജോർജ്ജുകുട്ടി വിലങ്ങപ്പാറ ഏവർക്കും നന്ദി പറഞ്ഞുകൊണ്ട് യോഗം അവസാനിച്ചു.

**അഭിനന്ദനങ്ങൾ വിജയാശംസകൾ**

2020 ജനുവരി 19 ന് പി.ഒ.സി യിൽ ചേർന്ന ഗ്ലോബൽ പ്രവർത്തകസമിതി യോഗത്തിൽ വച്ച് ഗ്ലോബൽ സമിതി സെക്രട്ടറിയായി സൈമൺ ആനപ്പാറയേയും ഗ്ലോബൽ നിമയമസഹായ സമിതി കൺവീനറായി അഡ്വ. ഗ്ലാഡീസ് ചെറിയാനെയും തെരഞ്ഞെടുത്തു. രണ്ടുപേർക്കും മാനന്തവാടി രൂപതയുടെയും കത്തോലിക്കാ കോൺഗ്രസ്സ് പ്രവർത്തകരുടെയും അഭിനന്ദനങ്ങളും വിജയാശംസകളും നേരുന്നു.

**രൂപതാ എക്സിക്യൂട്ടീവ്, മേഖല ഭാഗവാഹികളുടെയും യോഗം : ദ്വാരക പാസ്റ്ററൽ സെന്ററിൽ**

2020 ഫെബ്രുവരി 9 ന് ഉച്ചകഴിഞ്ഞ് 3 മണിക്ക് ദ്വാരക പാസ്റ്ററൽ സെന്ററിൽ രൂപത പ്രസിഡണ്ട് ഡോ. കെ.പി. സാജുവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. ജനറൽ സെക്രട്ടറി ഏവർക്കും സ്വാഗതം ആശംസിച്ച് വിഷയാവതരണം നടത്തി. ഗ്ലോബൽ സമിതിയുടെ ആവശ്യപ്രകാരം ഹെൽപ് ഡെസ്ക് രൂപീകരണത്തിന് നേതൃത്വം നൽകാൻ മേഖല തിരിച്ച് രൂപതാ പ്രവർത്തക സമിതി അംഗങ്ങളെ ചുമതലപ്പെടുത്തി. ഡയറക്ടറച്ചൻ വികാരിയച്ചന്മാർക്ക് നൽകുന്ന കത്തിന്റെ അടിസ്ഥാനത്തിൽ ഇടവക ഭാരവാഹികളോടും വികാരിയച്ചനോടും ബന്ധപ്പെട്ട് 18-ാം തീയതിക്കു മുമ്പായി ഇടവകതല ഹെൽപ് ഡെസ്ക് രൂപീകരണം പൂർത്തിയാക്കാനും തീരുമാനിച്ചു.

2020 ലെ സംരഭകവർഷ പ്രവർത്തനങ്ങളിൽ പങ്കുചേരുന്നതിനായി മാനന്തവാടി രൂപതയിൽ സമുദായാംഗങ്ങൾക്ക് ഗുണം ലഭിക്കുന്ന വിവിധ സംരഭങ്ങളെക്കുറിച്ചും യോഗം ചർച്ച ചെയ്തു. 21-02-2020 ന് എറണാകുളം പി.ഒ.സി യിൽ ചേരുന്ന യോഗത്തിൽ അവതരിപ്പിക്കാൻ ജനറൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി. വൈസ് പ്രസിഡണ്ടായ മോളി കരിമ്പനാക്കുഴി നന്ദി പറഞ്ഞുകൊണ്ട് യോഗം അവസാനിച്ചു.

**വർക്കി നിരപ്പേൽ**
രൂപത ജനറൽ സെക്രട്ടറി

**ക്ഷീര വികസനവകുപ്പ് മാധ്യമ അവാർഡ്**

സംസ്ഥാന ക്ഷീര വികസനവകുപ്പിന്റെ 2019 ലെ മാധ്യമ പുരസ്കാരത്തിൽ ശ്രാവ്യമാധ്യമ വിഭാഗത്തിൽ റേഡിയോ മാറ്റൊലിയ്ക്ക് പ്രത്യേക ജൂറി പുരസ്കാരം ലഭിച്ചു. ക്ഷീരവാണി എന്ന പരിപാടിയാണ് പുരസ്കാരത്തിന് അർഹമായത്. ക്ഷീരമേഖലയിലെ ഏറ്റവും പുതിയ അറിവുകൾ കർഷകരിലേക്ക് എത്തിക്കുന്നതിന് വിദഗ്ധർ പങ്കെടുക്കുന്ന അഭിമുഖങ്ങൾക്ക് പുറമേ ക്ഷീര കർഷകരുടെ വിജയഗാഥകളും ഉൾപ്പെടുത്തുന്ന പ്രതിവാര പരിപാടിയാണ് ക്ഷീര വാണി.

**ആയുഷ്കാമീയം**

ആയുർവേദ മെഡിക്കൽ അസ്സോസിയേഷൻ ഓഫ് ഇന്ത്യ വയനാട് വനിതാ വിഭാഗം – വനിതാ ദിനാചരണത്തോടനുബന്ധിച്ച് റേഡിയോ മാറ്റൊലിയിൽ മാർച്ച് 1 മുതൽ 15 വരെ ആയുഷ്കാമീയം പരിപാടി പ്രക്ഷേപണം ചെയ്തു.

അസ്ഥിക്ഷയം എന്ന വിഷയത്തിൽ ചെലോട് ഇന്ദ്ര ആയുർവേദിക്സിലെ ഡോ. ഇന്ദു കിഷോർ, ഹൃദ്രോഗത്തെക്കുറിച്ച് ഡോ.ഫാത്തിമത് സുഹ്റ, തൈറോയ്ഡ് രോഗത്തെക്കുറിച്ച് ഡോ. സുവിശ്രീ അനൂപ്, രക്തസമ്മർദ്ദം എന്ന രോഗത്തെക്കുറിച്ച് ഡോ. തുഷാര സുരേഷ്കുമാർ, ദഹനവ്യവസ്ഥയെക്കുറിച്ച് ഡോ. ലിഷിത സുജിത്, ആത്സമയെക്കുറിച്ച് ഡോ.ജിസ്ന.സി. ജോസഫ്, അമിത വണ്ണത്തെക്കുറിച്ച് മേപ്പാടി പുളിയാമ്പറ്റ വൈദ്യശാലയിലെ ഡോ. ഹസ്ന ഷെരീഫ്, ഫാറ്റിലിവർ എന്ന വിഷയത്തിൽ അമ്പലവയൽ സഹ്യ ആയുർവ്വേദ ഹോസ്പിറ്റലിലെ ഡോ. സാജിത ഷറഫുദീൻ കൊളസ്ട്രോളിനെക്കുറിച്ച് ഡോ.നീതു, പ്രമേഹം എന്ന രോഗത്തെക്കുറിച്ച് ഡോ. പ്രിയ ജിൽസ്, വൃക്കരോഗത്തെക്കുറിച്ച് കല്പറ്റ നാഗാർജ്ജുന ക്ലിനിക്കിലെ ചീഫ് ഫിസിഷ്യൻ ഡോ.സ്നേഹ ശോഭ, വിഷാദരോഗത്തെക്കുറിച്ച് മുട്ടിൽ ഇല്യാസ് ആയുർവേദ ഹോസ്പിറ്റലിലെ ഡോ.മുബീന അനീസ്, നടുവേദന എന്നതിനേക്കുറിച്ചു വി.കെ.ആയുർ വ്വേദ ഫാർമസി ആന്റ് ക്ലിനിക്കിലെ ഡോ. സൗമ്യ രജീഷ് പക്ഷാഘാതം എന്ന വിഷയത്തിൽ ഡോ.നമിത ജേക്കബ്, മലദ്വാര

രോഗങ്ങളേക്കുറിച്ച് കല്പറ്റ ദക്ഷ ആയുർവേദിക്സിലെ ഡോ. സജ്ന എന്നിവർ ചെയ്ത പ്രോഗ്രാം മാറ്റൊലിയിൽ പ്രക്ഷേപണം ചെയ്തു.

**തത്സമയ ഫോൺ ഇൻ പരിപാടി**

ഭക്ഷ്യ സുരക്ഷ വകുപ്പ് നടപ്പിലാക്കുന്ന ബോധവത്കരണ പരിപാടിയുടെ ഭാഗമായി തത്സമയ ക്വിസ് പ്രോഗ്രാം സംഘടിപ്പിച്ചു. ഫെബ്രുവരി 29 ന് 2 മണി മുതൽ 4 മണിവരെ നടത്തിയ തത്സമയ ഫോൺ ഇൻ ക്വിസ് പരിപാടിയിൽ ശ്രോതാക്കൾ പങ്കെടുത്തു. മൂന്നുപേർ വിജയികളായി.

ആയുഷ്കാമീയം പരിപാടിയുടെ ഭാഗമായി മാർച്ച് 7, 14 എന്നീ ദിവസങ്ങളിൽ തത്സമയ ഫോൺ ഇൻ ക്വിസ് പ്രോഗ്രാം സംഘടിപ്പിച്ചു. വിജയികളായവർക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു.

**ഋതുഭേദം**

നബാർഡിന്റെ സഹായത്തോടെ കാലാവസ്ഥ വ്യതിയാന ബോധവത്കരണ പരിപാടിയായ ഋതുഭേദം ആരംഭിച്ചു.

**BIFF 2020**

കൈതപൊയിൽ ലിസ്സ കോളേജിൽ നടന്ന International Film Fiesta 2020 യിൽ മാറ്റൊലിയിൽ നിന്നും ഷാജു പി. ജെയിംസ് ജഡ്ജ് ആയി പങ്കെടുത്തു.

**പഠന സന്ദർശനം**

മുക്കം MAMO കോളേജ് ഓഫ് ജേർണലിസം വിദ്യാർത്ഥി നിർമാല്യ പി. സുന്ദർ പ്രോജക്ട് ചെയ്യാനായി മാറ്റൊലി സന്ദർശിച്ചു.

മണ്ണാർക്കാട് MES കോളേജ് ഓഫ് മാസ് കമ്മ്യൂണിക്കേഷൻ, പുൽപ്പള്ളി പഴശ്ശി രാജ കോളേജ് എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾ ഇൻഡസ്ട്രിയൽ വിസിറ്റിന്റെ ഭാഗമായി മാറ്റൊലി സന്ദർശിച്ചു.

വെള്ളമുണ്ട പബ്ലിക് ലൈബ്രറിയിലെ ബാലവേദി അംഗങ്ങൾ മാറ്റൊലി സന്ദർശിക്കുകയും പ്രോഗ്രാമുകൾ അവതരിപ്പിക്കുകയും ചെയ്തു.

**ഫാ. മനോജ് കാക്കോനാൽ**
അസി. ഡയറക്ടർ

# ജയിൽ മിനിസ്ട്രി

*"... നമ്മുടെ വേദനകളാണ് യഥാർത്ഥത്തിൽ അവൻ വഹിച്ചത്. നമ്മുടെ ദുഃഖങ്ങളാണ് അവൻ ചുമന്നത് ...".* (ഏശ 53:4)

ഓരോ വ്യക്തിയും ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും ആണ് സൃഷ്ടിക്കപ്പെട്ടത് എന്ന ബോധ്യത്തോടെ യേശുസാഹോദര്യ കൂട്ടായ്മയിലെ അംഗങ്ങൾ തടവറയിൽ കഴിയുന്ന സഹോദരങ്ങളുടെ അടുത്തേക്ക് കാരുണ്യത്തിന്റെ സന്ദേശവുമായി കടന്നു ചെല്ലുന്നു. തടവറ സന്ദർശനം, കൗൺസിലിംഗ്, ക്ലാസ്സുകൾ, തടവറക്കാരുടെ വീടു സന്ദർശനം എന്നിവയിലൂടെ ജീസ്സസ് ഫ്രട്ടേണിറ്റിയുടെ പ്രവർത്തനം മുന്നോട്ടു പോകുന്നു. ഇതിന് നേതൃത്വം നൽകിയ ബഹു. വൈദിക രെയും സി. ആൻസി എസ്. എച്ച്, സി. ലില്ലി എസ്. എച്ച്, സി. ജെസ്ന എഫ്.സി.സി, സി. പ്രീതി റോസ് എഫ്.സി.സി എന്നിവരെ നന്ദിയോടെ ഓർക്കുന്നു.

ഫെബ്രുവരി 21 ന് പറളിക്കുന്ന് ഇടവകയിലെ മിഷൻ ലീഗിന്റെ ആഭിമുഖ്യത്തിൽ മാനന്തവാടി ജില്ലാ ജയിൽ സന്ദർശിക്കുകയും കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു. ബഹു. ജോസ് കപ്യാരുമലയിൽ അച്ചനും സിസ്റ്റേഴ്സിനും നന്ദി പറയുന്നു. ഫെബ്രുവരി 23-ന് വൈത്തിരി സെന്റ് ജോസഫ്സ് ഇടവകയിലെ അംഗങ്ങൾ വൈത്തിരി സ്പെഷ്യൽ സബ്ബ് ജയിൽ സന്ദർശിച്ചു. അവർ അവതരിപ്പിച്ച വിവിധതരം കലാപരിപാടികൾ തടവറക്കാർക്ക് മാനസിക ഉന്മേഷം നൽകി. ബഹു.വികാരി ടോണി ഗ്രേഷ്യസ് അച്ചനെ നന്ദിയോടെ ഓർക്കുന്നു. ഫെബ്രുവരി 28 ന് ബഹു. ബിജോ കറുകപ്പള്ളിയച്ചന്റെയും മനോജ് കവളക്കാടൻ അച്ചന്റെയും നേതൃത്വത്തിൽ മാനന്തവാടി-വൈത്തിരി ജയിലുകളിൽ ക്ലാസ്സുകൾ എടുത്തു. പ്രസ്തുത ക്ലാസ്സുകൾ തടവറക്കാർക്ക് പുതിയ ദിശാബോധം നൽകി. മാർച്ച് 8 ന് തരിയോട് മേഖല മാതൃവേദിയുടെ നേതൃത്വത്തിൽ വൈത്തിരി ജയിൽ സന്ദർശിച്ച് ഭാവാത്മകമായ പരിപാടികൾ അവതരിപ്പിച്ചു. മേഖല ഡയറക്ടർ ബഹു. ജോണി പെരുമാട്ടിക്കുന്നേൽ അച്ചനും ടീമിനും പ്രത്യേകം നന്ദി പറയുന്നു. ഓരോ ജയിൽ സന്ദർശനവും തടവുകാർക്ക് മാനസിക ഉല്ലാസവും പുതിയ ഉൾക്കാഴ്ചയും നൽകുന്നു. അതോടൊപ്പം വൈത്തിരി ജയിലിൽ പച്ചക്കറി കൃഷി ചെയ്യാൻ എസ്. എച്ച് സിസ്റ്റേഴ്സ് സജീവമായി സഹകരിച്ചു. മാനന്തവാടി ജയിലിൽ തുണിസഞ്ചി നിർമ്മിക്കുന്നതിനും, കൊറോണ വൈറസ് വ്യാപിക്കുന്നതിന്റെ പശ്ചാത്തലത്തിൽ മാസ്ക്ക് തയ്യാറാക്കുന്നതിനും എഫ്.സി.സി. സിസ്റ്റേഴ്സ് പരിശീലനം നൽകി. വൈത്തിരി ജയിലിൽ മാസ്ക്ക് തയ്യാറാക്കാൻ ആവശ്യമായ തയ്യൽ മെഷീൻ സംഘടിപ്പിച്ചു കൊടുത്തു. തുടർന്നും പ്രാർത്ഥനയിലൂടെയും കലാപരിപാടികളിലൂടെയും തടവറമക്കൾക്ക് ആശ്വാസം നൽകാൻ ഏവരെയും സ്വാഗതം ചെയ്യുന്നു.

**ഫാ. ജോൺ പുളിന്താനത്ത്** - ഡയറക്ടർ, ജീസസ് ഫ്രട്ടേണിറ്റി

**Februay- March 2020**

On February 14th our students enacted a radio drama "Feb 14 Valentine's Day" on Akaashavani - All India Radio .

College Day was celebrated on 17.02.2020. Mr.Anunandh S, a B.Tech student, College of Engg. Perumon, Kollam also a Keytarist inaugurated the programme. He impressed the audience with his performance.

Eight Students from various Departments have been offered placement after the 3rd round of recruitment process by Goan Institute Innternational Consociation of Edn. Pvt. Ltd.

Model Examination (Internal Examination) was conducted for the I Year & II Year students from 2nd March to 9th March 2020. Kannur University VI semester examination began on 4 March 2020.

A farewell was given by the non teaching staff association on 7 March 2020 for the retiring staff Ms. Mariya Joy and Ms Ashely Thomas.

College is closed from 10 March 2020 to 31 March 2020, after the outbreak of Covid 19. University examinations and practical Examinations will continue as per schedule.

Departmental meetings were conducted for the Teaching Staff in connection with the annual evaluation process on 13 March 2020.

Non Teaching Staff meeting was also held on 13 March 2020 to decide upon the activities for the next academic year.

**Dr Maria Martin Joseph**
Principal

ലോകമെങ്ങും കോവിഡ് 19 വൈറസ് ബാധയുടെ ഭീതിയിൽ അമർന്നിരിക്കുകയാണല്ലോ? വിദ്യാലയങ്ങളും, സ്ഥാപനങ്ങളും പ്രവർത്തനം നിർത്തിവച്ച് ഇതിനെ പ്രതിരോധിക്കാനുള്ള തീവ്രപ്രയത്നത്തിലാണ്. ഈ ഭീതിയിൽ നിന്നും കരകയറുവാനുള്ള അധികാരികളുടെ ശ്രമങ്ങളോട് നമുക്ക് സഹകരിക്കാം. മനുഷ്യജീവിതം താറുമാറാക്കുന്ന ഈ വിപത്തിൽ നിന്നും നമ്മളെ കാത്തുപരിപാലിക്കാൻ ദൈവത്തോട് നമുക്ക് പ്രാർത്ഥിക്കാം. ഗവൺമെന്റിന്റെ എല്ലാ പ്രതിരോധപ്രവർത്തനങ്ങൾക്കും മാനന്തവാടി രൂപതാ കോർപ്പറേററ് മാനേജ്മെന്റിന്റെ കീഴിലുള്ള എല്ലാ സ്കൂളുകളുടെയും പിന്തുണ വാഗ്ദാനം ചെയ്യുന്നു.

**സീഡോം കൺവെൻഷൻ (സദ്ഗമയ 2020) മെയ് 09 ന്**

2020 മേയ് മാസം 09-ാം തിയ്യതി ശനിയാഴ്ച രാവിലെ 9.30 ന് ദ്വാരക പാസ്റ്ററൽ സെന്റർ ഓഡിറ്റോറിയത്തിൽ വച്ച് മാനന്തവാടി രൂപത കോർപ്പറേറ്റ് സ്കൂൾ ജീവനക്കാരുടെ ഒരു ഏകദിന സംഗമം (സദ്ഗമയ 2020) നടത്തുകയാണ്. നമ്മുടെ സ്കൂളുകളിൽ നിന്നും ദീർഘകാലത്തെ സേവനത്തിനുശേഷം വിരമിക്കുന്ന അധ്യാപക ശ്രേഷ്ഠർക്ക് ഉപഹാരസമർപ്പണവും, സ്കൂളുകളിൽ നടത്തിയ മോറൽ സയൻസ് പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് കരസ്ഥമാക്കിയ കുട്ടികൾക്കുള്ള അവാർഡുദാന ചടങ്ങും നടത്തപ്പെടുന്നതാണ്. നമ്മുടെ ഈ 'കോർപ്പറേറ്റ് കുടുംബകൂട്ടായ്മ'യിലേയ്ക്ക് എല്ലാ ജീവനക്കാരെയും പ്രത്യേകം ക്ഷണിക്കുന്നു.

**പ്രധാനാദ്ധ്യാപക നിയമന കൂടിക്കാഴ്ച 2020 ഏപ്രിൽ 17 ന്**

മാനന്തവാടി രൂപത കോർപ്പറേററ് എഡ്യൂക്കേഷണൽ ഏജൻസിയ്ക്ക് കീഴിൽ ന്യൂനപക്ഷപദവി ലഭിച്ച വിദ്യാലയങ്ങളിലെ 2020-2021 അധ്യയന വർഷത്തേയ്ക്കുള്ള പ്രധാനാദ്ധ്യാപക പ്രമോഷന് നിശ്ചിത ഫോറത്തിലും, കോർപ്പറേറ്റ് വെബ് പോർട്ടലിലും അപേക്ഷ നൽകിയവർക്ക് പ്രധാനാദ്ധ്യാപക നിയമന മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയുള്ള അഭിമുഖം 2020 ഏപ്രിൽ 17 ന് വെള്ളിയാഴ്ച രാവിലെ 10.00 മണിക്ക് ദ്വാരക കോർപ്പറേറ്റ് ഓഫീസിൽ വച്ച് നടത്തപ്പെടും.

**സ്കൂളുകളുടെ ഓഡിറ്റ്**

ഈ വർഷം റിട്ടയർ ചെയ്യുന്ന പ്രധാനദ്ധ്യാപകർ ഉള്ള വിദ്യാലയങ്ങളിലെ 2019-2020 വർഷത്തെ വരവ് ചിലവ് കണക്കുകൾ ഏപ്രിൽ ആദ്യം തന്നെ തയ്യാറാക്കി ഏപ്രിൽ 30-ന് മുമ്പ് ഓഡിറ്റിനായി കോർപ്പറേറ്റ് ഓഫീസിൽ എത്തിക്കേണ്ടതാണ്. മറ്റ് സ്കൂളുകൾ ജൂൺ 15-നുള്ളിലും ഓഡിറ്റ് നടത്തേണ്ടതാണ്

**സ്കൂളുകളുടെ പ്രവർത്തന റിപ്പോർട്ട്**

**കോട്ടത്തറ സെന്റ് ആന്റണീസ് യു. പി. സ്ക്കൂൾ**

നല്ലപാഠം പ്രവർത്തകരും അധ്യാപകരും ചേർന്ന് സ്ക്കൂൾ വളപ്പിൽ കൃഷി ചെയ്ത വിഷമുക്ത - ജൈവ പച്ചക്കറികൾ വിളവെടുക്കുകയും ഉച്ചഭക്ഷണത്തോടൊപ്പം കുട്ടികൾക്ക് പാകം ചെയ്ത് നൽകുകയും ചെയ്തു.

ജനുവരി 26: ന് എല്ലാവരും സ്ക്കൂളിലെത്തുകയും പതാക ഉയർത്തുകയും റിപ്പബ്ലിക് ദിനം ആഘോഷിക്കുകയും ചെയ്തു.

ജനുവരി 30: രക്തസാക്ഷിത്വ ദിനം ആചരിക്കുകയും സ്പെഷ്യൽ അസംബ്ലിയിൽ ഗാന്ധിജിയുടെ ഫോട്ടോയുടെ മുമ്പിൽ പുഷ്പ്പാർച്ചന നടത്തുകയും ചെയ്തു.

14-02-2020 ന് സ്ക്കൂളിന്റെ 63-ാം വാർഷികാഘോഷം വളരെ വിപുലമായ രീതിയിൽ ആഘോഷിച്ചു. സ്ക്കൂൾ മാനേജർ റവ. ഫാ. സെബാസ്റ്റ്യൻ ഇലവനപ്പാറ ഉദ്ഘാടനം ചെയ്ത ചടങ്ങിൽ പി. ടി. എ. പ്രസിഡണ്ട് ശ്രീ. വിൻസന്റ് പാറയിൽ അദ്ധ്യക്ഷത വഹിച്ചു. വാർഡ് മെമ്പർ ശ്രീമതി. ജിനി അറയ്ക്കപ്പറമ്പിൽ, ബി. ആർ. സി. ട്രെയ്നർ ശ്രീ. വിനോദ് കെ.ററി, സ്ക്കൂൾ ലീഡർ ക്ലമന്റ് ജോഷി തുടങ്ങിയവർ പങ്കെടുക്കുകയും ആശംസകൾ അർപ്പിക്കുകയും ചെയ്തു. അക്കാദമിക പ്രവർത്തനങ്ങളിൽ മുൻനിരയിൽ എത്തിയിട്ടുള്ള കുട്ടികൾക്ക് എൻഡോവ്മെന്റ് വിതരണവും സമ്മാനദാനവും നടത്തി. കുട്ടികളുടെയും അമ്മമാരുടെയും കലാപരിപാടികളോടെ വാർഷികാഘോഷം അവസാനിച്ചു.

"കൂട്ടുകാർക്കൊരു പത്രം" പദ്ധതി സ്ക്കൂൾ മാനേജർ ഫാ.സെബാസ്റ്റ്യൻ ഇലവനപ്പാറ ഉദ്ഘാടനം ചെയ്തു.

**ദ്വാരക എ. യു. പി. സ്ക്കൂൾ**

വിവിധങ്ങളായ കലാ-കായിക-ശാസ്ത്ര മേളകളിലും LSS, USS, മററ് മത്സര പരീക്ഷകളിൽ ജില്ലാ, ഉപജില്ലാ തലങ്ങളിൽ ഉന്നത വിജയം കരസ്ഥമാക്കി.

**വേറിട്ട പ്രവർത്തനങ്ങൾ**

നല്ല പാഠം പ്രവർത്തനത്തിന്റെ ഭാഗമായി ജില്ലാ ക്യാൻസർ സെന്ററിലെ ഉച്ചഭക്ഷണ വിതരണം, 5 വിദ്യാർത്ഥികൾക്ക് ഗൃഹനിർമ്മാണത്തിനായി 30 ലക്ഷം രൂപ സഹായം (6 ലക്ഷം രൂപ വീതം വിദേശ ഏജൻസികളുടെ സഹായത്തോടെ) കുട്ടികൾക്ക് ബൾബ് നിർമ്മാണ പരിശീലനം, പ്ലാസ്റ്റിക്കിനെതിരെ പോരാട്ടവും തുണി സഞ്ചി വിതരണവും, പത്തിൽകുന്ന് കോളനിയിൽ ലഹരിക്കെതിരെ കരുതൽ പ്രോഗ്രാം, ഔഷധതോട്ട നിർമ്മാണവും പ്രദർശനവും, ഓക്സിജൻ ഗാലറി നിർമ്മാണം, നിർദ്ധനരായ കുട്ടികൾക്ക് ആട് വിതരണം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുവാൻ സാധിച്ചു.

**ഭൗതീക നേട്ടങ്ങൾ**

കൈ കഴുകുന്നതിനായി വാഷ്ബേസിൻ ഏരിയ നിർമ്മിച്ചു. എടവക പഞ്ചായത്തിന്റെ 7 ലക്ഷം രൂപ ധനസഹായത്തോടെ ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലറ്റ് ബ്ലോക്ക് നിർമ്മാണം ആരംഭിച്ചു. വിദ്യാലയ പരിസരം ആകർഷണീയമാക്കി.

**ഫാ. ബിജു പൊൻപാറക്കൽ**
കോർപ്പറേറ്റ് മാനേജർ

# Pastoral Centre Programme



**April 2020**

| | | |
|---|---|---|
| 04 | - | Zion One-Day Convention |
| 05-8 | - | MPC |
| 13 | - | KCYM |
| 14 | - | CML |
| 16-19 | - | Zion Retreat |
| 18-19 | - | Catechism |
| 22 | - | CML |
| 24 | - | CML |
| 24-27 | - | MPC |
| 27-30 | - | Jesus Youth Retreat |

**Fr. Paul Vazhappilly**
Director, Pastoral Centre